കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി.പി.12/802/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയതി: 28.09.2020

ജോയിന്റ് ഡയറക്ടർ

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ജില്ലാ പഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് – ജില്ലാ പഞ്ചായത്തിന്റെ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പ്രതി

നം. കെ.എസ്.എ.കെ.കെ.ഡി.പി.12/802/2020 തീയതി : 28.09.2020

**കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ജില്ലാ പഞ്ചായത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീമതി. ഗീത. എം,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2019 മുതൽ 25.06.2020 വരെ<br>(വിവിധ തീയതികളിലായി) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ഇ. വി ഹരി<br>( 26.7.2019 മുതൽ 24.6.2020 വരെ )<br>(വിവിധ തീയതികളിലായി) | ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രബോധ് കുമാർ. ഇ.എം.<br>( 2.9.2019 മുതൽ 25.6.2020 വരെ )<br>(വിവിധ തീയതികളിലായി) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഇന്ദുകല. സി. വി<br>( 26.7.2019 മുതൽ 29.01.2020 വരെ)<br>(വിവിധ തീയതികളിലായി)<br>(15.06.2020 മുതൽ 25.6.2020 വരെ ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. എം. ശ്യാംജിത്ത്<br>( 15.6.2020 മുതൽ 25.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷാ സാമുവൽ<br>( 15.6.2020 മുതൽ 25.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം. രാമദാസ്<br>( 15.6.2020 മുതൽ 17.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജെ. ധീരജ്<br>( 15.6.2020 മുതൽ 17.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ആർ. കെ. ദിശ<br>( 15.6.2020 മുതൽ 16.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. സി. പി. സതീഷ് കുമാർ<br>( 15.6.2020 മുതൽ 16.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. എ. ഷിനിത്ത്<br>( 15.6.2020 മുതൽ 16.6.2020 വരെ ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ടി. പി. അബ്ദുൽ നസീർ<br>( 15.6.2020 മുതൽ 18.6.2020 വരെ ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. എൻ. രാജീവൻ<br>( 15.6.2020 മുതൽ 18.6.2020 വരെ ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. എ. കെ. ഷൈന<br>( 15.6.2020 മുതൽ 18.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. ടി. എം. അഫ്സൽ<br>( 15.6.2020 മുതൽ 17.6.2020 വരെ ) | ഓഡിറ്റർ |
| ശ്രീ. സി. എം. ജാസിർ<br>( 15.6.2020 മുതൽ 16.6.2020 വരെ ) | ഓഡിറ്റർ |
| ശ്രീ. എ. ഇസൈഡ്. ഡാനിഷ്<br>( 15.6.2020 മുതൽ 22.6.2020 വരെ ) | ഓഡിറ്റർ |
| ശ്രീ. മോഹൻ കുരുന്നംമനക്കൽ<br>( 15.6.2020 മുതൽ 16.6.2020 വരെ ) | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജയകുമാർ പാലോളി<br>( 15.6.2020 മുതൽ 16.6.2020 വരെ ) | അസി. ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബാബു പറശ്ശേരി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ഫിലിപ്പ് പി. ഡി | 01.04.2018 മുതൽ 31.03.2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീ. ടി. അഹമ്മദ് കബീർ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം കോഴിക്കോട് | ശ്രീ. അബ്ദുൾ റാജിബ് പി.വി<br>(അധിക ചുമതല) | 01.04.2018 മുതൽ 08.04.2018 വരെ |
| | | ശ്രീമതി. ഹയറിന്നിസ സി.പി. എം<br>(അധിക ചുമതല) | 09.04.2018 മുതൽ 20.04.2018 വരെ |
| | | ശ്രീ. രാജീവ്. കെ<br>(അധിക ചുമതല) | 21.04.2018 മുതൽ 30.04.2018 വരെ |
| | | (ശ്രീ. അബ്ദുൾ റാജിബ്.പി. വി അധിക ചുമതല) | 01.05.2018 മുതൽ 08.06.2018 വരെ |
| | | ശ്രീ. ശ്രീജൻ. വി. കെ<br>(അധിക ചുമതല) | 09.06.2018 മുതൽ 11.06.2018 വരെ |

| | | | |
|---|---|---|---|
| | | ശ്രീ. രാജീവ്. കെ<br>(അധിക ചുമതല) | 12.06.2018 മുതൽ<br>23.06.2018 വരെ |
| | | ശ്രീ. ശ്രീജൻ. വി. കെ<br>(അധിക ചുമതല) | 24.06.2018 മുതൽ<br>08.08.2018 വരെ |
| | | ശ്രീ. ഷുഹൈബ് ടി. വി | 09.08.2018 മുതൽ<br>25.03.2019 വരെ |
| | | ശ്രീ. രാജീവ്. കെ<br>(അധിക ചുമതല) | 26.03.2019 മുതൽ<br>31.03.2019 വരെ |
| 3 | പ്രോഗ്രാം ഓഫീസർ, ജില്ലാ തല ഐ.സി.ഡി. എസ് സെൽ | ശ്രീമതി. ഹഫ്സത്ത് ടി | 01.04.2018 മുതൽ<br>31.03.2019 വരെ |
| 4 | സീനിയർ കൃഷി ഓഫീസർ,<br>സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പേരാമ്പ്ര | ശ്രീ. ശശി പൊന്നണ | 01.04.2018 മുതൽ<br>31.03.2019 വരെ |
| 5 | സൂപ്രണ്ട്, ജില്ലാ ആശുപത്രി,<br>വടകര | ഡോ. അലി കെ. വി | 01.04.2018 മുതൽ<br>31.03.2019 വരെ |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ. എസ്. ജി ഡി | ശ്രീ. മുഹമ്മദ് അഷ്റഫ് .എ | 01.04.2018 മുതൽ<br>17.08.2018 വരെ |
| | | ശ്രീ. സന്ദീപ് കെ. ജി | 18.08.2018 മുതൽ<br>31.03.2019 വരെ |
| 7 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ. എസ് .ജി. ഡി | ശ്രീ. അബ്ദുൾ സലിം. എം | 01.04.2018 മുതൽ<br>20.08.2018 വരെ |
| | | ശ്രീ. ഷൈജു ടി. കെ | 21.08.2018 മുതൽ<br>31.03.2019 വരെ |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. ജയശ്രീ. വി | 01.04.2018 മുതൽ<br>31.03.2019 വരെ |
| 9 | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം ) | ഡോ. അബ്ദുൾ സമദ് | 01.04.2018 മുതൽ<br>03.06.2018 വരെ |
| | | ഡോ. നീനാ കുമാർ | 04.06.2018 മുതൽ<br>26.06.2018 വരെ |
| | | ഡോ. പ്രഭാകരൻ | 27.06.2018 മുതൽ<br>12.10.2018 വരെ |
| | | ഡോ. അബ്ദുൾ സമദ് | 13.10.2018 മുതൽ<br>08.11.2018 വരെ |
| | | ഡോ. കെ. വി. ഉമ | 09.11.2018 മുതൽ<br>31.03.2019 വരെ |
| 10 | ജില്ലാ കോ ഓർഡിനേറ്റർ – ശുചിത്വമിഷൻ &<br>അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം) | ശ്രീമതി. കബനി | 01.04.2018 മുതൽ<br>31.03.2019 വരെ |
| 11 | ജില്ലാ വിദ്യാഭ്യാസ<br>ഉപ ഡയറക്ടർ | ശ്രീ. സുരേഷ് കുമാർ. ഇ. കെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| 12 | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വി. അബ്ദുൾ സലീം | 01.04.2018 മുതൽ<br>31.03.2019 വരെ |
| 13 | ജില്ലാ മണ്ണസംരക്ഷണ ഓഫീസർ | | |

| | | | |
|---|---|---|---|
| | ല ണ | ശ്രീമതി. ടി. പി. ആയിഷ | 01.04.2018 മുതൽ 03.09.2018 വരെ |
| | | ശ്രീ. കിരൺ വൈലാശ്ശേരി | 04.09.2018 മുതൽ 31.03.2019 വരെ |
| 14 | ജില്ലാ മെഡിക്കൽ ഓഫീസർ,<br>ഭാരതീയ ചികിത്സാ വകുപ്പ് | ഡോ. എൻ. ശ്രീകുമാർ | 01.04.2018 മുതൽ 30.07.2018 വരെ |
| | | ഡോ. സലജകുമാരി | 31.07.2018 മുതൽ 07.09.2018 വരെ |
| | | ഡോ. കെ. എം. മൻസൂർ | 08.09.2018 മുതൽ 31.03.2019 വരെ |
| 15 | പ്രിൻസിപ്പാൾ,<br>ഗവൺമെന്റ്<br>വിമൻസ് പോളിടെക്നിക്ക്, മലാപ്പറമ്പ് | ശ്രീമതി. ബീന. പി | 01.04.2018 മുതൽ 31.03.2019 വരെ |
| 16 | സൂപ്രണ്ട്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വടകര | ശ്രീ. സുരജിത്ത് എ. വി. | 01.04.2018 മുതൽ 31.03.2019 വരെ |
| 17 | സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി | ഡോ. ജസ്സി പി. സി (ഇൻചാർജ്ജ്) | 01.04.2018 മുതൽ 15.07.2018 വരെ |
| | | ഡോ. സലജകുമാരി.പി.ആർ. | 16.07.2018 മുതൽ 10.09.2018 (FN) വരെ |
| | | ഡോ. ജസ്സി പി. സി (ഇൻചാർജ്ജ്) | 10.09.2018 (AN) മുതൽ 31.03.2019<br>വരെ |
| 18 | ജില്ലാ സാമൂഹ്യ<br>നീതി ഓഫീസർ | ശ്രീമതി.ഷീബമുംതാസ്.സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 19 | അസിസ്റ്റന്റ് ഡയറക്ടർ, പ്രാദേശിക കോഴി വളർത്തുകേന്ദ്രം , ചാത്തമംഗലം | ഡോ. സി. ജലാലുദ്ദീൻ | 01.04.2018 മുതൽ 28.02.2019 വരെ |
| | | ഡോ. മുജീബ് റഹ്മാൻ. പി. പി | 01.03.2019 മുതൽ 31.03.2019 വരെ |
| 20 | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം,<br>കൂത്താളി | ശ്രീ.എൻ. ചന്ദ്രശേഖരൻ | 01.04.2018 മുതൽ 23.06.2018 വരെ |
| | | ശ്രീ. ശശി പൊന്നണ (ഇൻചാർജ്ജ്) | 24.06.2018 മുതൽ 09.08.2018 വരെ |
| | | ശ്രീ. ഷിബുകുമാർ വി. എൻ. | 10.08.2018 മുതൽ 31.03.2019 വരെ |
| 21 | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീ. രവീന്ദ്രൻ. പി. | 01.04.2018 മുതൽ 31.05.2018 വരെ |
| | | ശ്രീമതി. സൂര്യ. പി. എം. | 01.06.2018 മുതൽ 12.06.2018 വരെ |
| | | ശ്രീ. കെ. പി. ജോസഫ് | 13.06.2018 മുതൽ 05.01.2019 വരെ |
| | | ശ്രീമതി. സൂര്യ .പി. എം . | 06.01.2018 മുതൽ 20.01.2019 വരെ |
| | | | 21.01.2019 മുതൽ |

| | | | |
|---|---|---|---|
| | | ശ്രീ. കെ. പ്രദീപൻ | 31.03.2019 വരെ |
| 22 | ഡെപ്യൂട്ടി ഡയറക്ടർ (YP )കൃഷി | ശ്രീമതി. സിന്ധു. പി. ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| 23 | ഡെപ്യൂട്ടി ഡയറക്ടർ (ജ. വി) കൃഷി | ശ്രീമതി. ജയശ്രീ. ബി. കെ. | 01.04.2018 മുതൽ 19.09.2018 വരെ |
| | | ശ്രീമതി. ഷീല എസ് | 20.09.2018 മുതൽ 03.10.2018 വരെ |
| | | ശ്രീമതി. ജയശ്രീ. ബി. കെ. | 04.10.2018 മുതൽ 31.03.2019 വരെ |
| 24 | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസനം | ശ്രീമതി. ശോഭന. എം. | 01.04.2018 മുതൽ 07.08.2018 വരെ |
| | | ശ്രീമതി. മിനി ജോസഫ് (ഇൻചാർജ്ജ്) | 08.08.2018 മുതൽ 17.08.2018 വരെ |
| | | ശ്രീ. ജോൺ തോമസ് (ഇൻചാർജ്ജ്) | 18.08.2018 മുതൽ 31.10.2018 വരെ |
| | | ശ്രീമതി. രശ്മി. ആർ. (ഇൻചാർജ്ജ്) | 01.11.2018 മുതൽ 02.12.2018 വരെ |
| | | ശ്രീമതി. ശോഭന. എം. | 03.12.2018 മുതൽ 31.03.2019 വരെ |
| 25 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ. കെ. ജെ. മൈക്കിൾ | 01.04.2018 മുതൽ 02.10.2018 വരെ |
| | | ശ്രീമതി. ബീന. എസ്. എസ്. | 03.10.2018 മുതൽ 29.01.2019 വരെ |
| | | ശ്രീ. കെ. രാജഗോപാൽ | 30.01.2018 മുതൽ 10.02.2019 വരെ |
| | | ശ്രീമതി. മായാഗോപിദാസ് | 11.02.2019 മുതൽ 20.02.2019 വരെ |
| | | ശ്രീ. കെ. രാജഗോപാൽ | 21.02.2019 മുതൽ 31.03.2019 വരെ |
| 26 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | ശ്രീ. സെയ്ദ് നയീം. സി | 28.04.2018 മുതൽ 31.03.2019 വരെ |
| 27 | ജില്ലാ വനിതാ വികസന ഓഫീസർ | ശ്രീമതി. ശ്രീലത. വി. കെ | 01.04.2018 മുതൽ 31.3.2019 വരെ |
| 28 | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻ തൈ വളർത്തു കേന്ദ്രം, തിക്കോടി | ശ്രീ. സുബാഷ് ബാബു.കെ | 01.04.2018 മുതൽ 06.08.2018 വരെ |
| | | ശ്രീ. വിനോദ് കുമാർ. എം | 07.08.2018 മുതൽ 31.03.2019 വരെ |
| 29 | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി | ശ്രീമതി. ശാന്തി. പി | 01.04.2018 മുതൽ 14.05.2018 വരെ |
| | | ശ്രീ. വിനു ചന്ദ്രബോസ് (ഇൻചാർജ്ജ്) | 15.05.2018 മുതൽ 16.08.2018 വരെ |
| | | ശ്രീമതി. ഷേർലി | 17.08.2018 മുതൽ |

| | | | |
|---|---|---|---|
| | | സക്കറിയാസ് | 31.03.2019 വരെ |
| 30 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | ശ്രീമതി. കവിത പി. സി. | 01.04.2018 മുതൽ 31.03.2019 വരെ |
| 31 | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | ശ്രീ. ഷാജി ജേക്കബ് | 25.04.2018 മുതൽ 31.03.2019 വരെ |
| 32 | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | ശ്രീമതി. മറിയം ഹസീന ടി. എം | 01.04.2018 മുതൽ 30.11.2018 വരെ |
| | | ശ്രീമതി. രഞ്ജിനി പി. കെ. | 01.12.2018 മുതൽ 15.12.2018 വരെ |
| | | ശ്രീമതി. ഷീജ മേരി എ. വി. | 16.12.2018 മുതൽ 27.02.2019 വരെ |
| | | ശ്രീമതി. രഞ്ജിനി പി. കെ. | 28.02.2019 മുതൽ 05.03.2019 വരെ |
| | | ശ്രീ. മുജീബ്. ഇ | 06.03.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്യാഷ് പരിശോധന |
| 7 | 1-7 | ആഭ്യന്തരനിയന്ത്രണം |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 10 | 1-10 | കൂത്താളി ജില്ലാ കൃഷി ഫാം - പ്രവർത്തനങ്ങളിലെ അപാകതകൾ |
| 11 | 1-11 | പുതുപ്പാടി സീഡ് ഫാമിലെ അപാകതകൾ |
| 12 | 1-12 | പേരാമ്പ്ര സീഡ്ഫാം - അപാകതകൾ |
| 13 | 1-13 | തിക്കോടി തെങ്ങിൻതൈ വളർത്തു കേന്ദ്രം- അപാകതകൾ |
| 14 | 1-14 | ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം - അപാകതകൾ |
| 15 | 1-15 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ഓഫീസിൽ സി. സി. ടി. വി, ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |

| | | |
|---|---|---|
| 16 | 1-16 | കൃത്യമായ പഠനമില്ലാതെയുള്ള പദ്ധതി രൂപീകരണം -പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവ് |
| 17 | 1-17 | പ്രവൃത്തിയിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയത് മൂലം നഷ്ടം |
| 18 | 1-18 | സർക്കാർ അനുമതിയില്ലാതെ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകി. |
| 19 | 1-19 | റോഡ് നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു - പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് പാർട്ട് ബിൽ തുക കരാറുകാരന് നൽകി. |
| 20 | 1-20 | പദ്ധതി നിർവ്വഹണത്തിൽ കാലതാമസം - മൂന്നര വർഷം പിന്നിട്ടിട്ടും പൂർത്തിയാക്കിയില്ല |
| 21 | 1-21 | മാമ്പിലാക്കൽ സ്റ്റേഡിയം പൂർത്തീകരണം - കോൺക്രീറ്റ് പ്രവർത്തിയിൽ അവ്യക്തത |
| 22 | 1-22 | ടാർ വീപ്പയിനത്തിലുള്ള തുക തനത് ഫണ്ടിൽ വരവ് വെച്ചു - സർക്കാർ ഉത്തരവിന് വിരുദ്ധം |
| 23 | 1-23 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം അധികചെലവ് |
| 24 | 1-24 | 9.06 കോടിയുടെ നിക്ഷേപ പ്രവൃത്തി - നിർവ്വഹണ പുരോഗതി വ്യക്തമല്ല |
| 25 | 1-25 | സർക്കാർ നിർദ്ദേശപ്രകാരം നിഷ്കർഷിച്ചിട്ടുള്ള ക്വാളിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നു. |
| 26 | 1-26 | കെട്ടിടത്തൊഴിലാളി ക്ഷേമനിധി തുക പിരിവ് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 27 | 1-27 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം പരിഹരിച്ചില്ല - ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| 28 | 1-28 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല |
| 29 | 1-29 | വടകര ജില്ലാആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -നാളിതുവരെ പദ്ധതി പൂർത്തിയായില്ല |
| 30 | 1-30 | ആയുർവേദ ആശുപത്രിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ ടേബിളുകൾ ഉപയോഗിക്കുന്നില്ല |
| 31 | 1-31 | ജീവതാളം - ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പിലാക്കി |
| 32 | 1-32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക - 2,83,80,164/- രൂപ അക്കൗണ്ടിൽ മുതൽക്കൂട്ടിയില്ല |
| 33 | 1-33 | നീക്കിയിരിപ്പ് കുറവായിരിക്കേ പദ്ധതിയ്ക്കായി വൻതുക തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നു- കമ്മി 93.89 ലക്ഷം രൂപ |
| 34 | 1-34 | പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം - സർക്കാർ ഗ്രാന്റിനത്തിൽ 29.09 കോടി രൂപ വിനിയോഗിക്കാത്തത് മൂലം നഷ്ടപ്പെട്ടു |
| 35 | 1-35 | ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 36 | 1-36 | എഡ്യൂകെയർ സമഗ്ര വിദ്യാഭ്യാസ പദ്ധതി - എസ്.എസ്.എ പദ്ധതിയിലെ സമാന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. |
| 37 | 1-37 | അദ്ധ്യാപികമാർക്ക് മേശ,കസേര - എഗ്രിമെന്റ് പ്രകാരമുള്ള മരം ഉപയോഗിച്ചതിന് രേഖകളില്ല |
| 38 | 1-38 | വിനിയോഗ വിവരം/സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 39 | 1-39 | പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല |
| 40 | 1-40 | എ.ബി.സി - പദ്ധതി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 41 | 1-41 | ഖാദി യൂണിറ്റുകൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 42 | 1-42 | പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 43 | 1-43 | പട്ടികജാതി യുവജനങ്ങൾക്ക് SDC മുഖേനെ മത്സര പരീക്ഷകൾക്ക് പരിശീലനം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 44 | 1-44 | പട്ടികജാതി വനിതകൾക്ക് SDC മുഖേനെ വിവിധ തൊഴിൽ പരിശീലനം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 45 | 1-45 | ഇ-ടെണ്ടർ ഫീ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിൽ കാലതാമസം |
| 46 | 1-46 | എസ്. സി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പഠനസഹായം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 47 | 1-47 | പി.ആർ.ടി.സി മുഖേന എസ്.സി വനിതകൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 48 | 1-48 | ചെലവ് വൗച്ചറുകൾ സ്ഥാപന മേധാവി അധികൃതമാക്കിയില്ല |

| | | |
|---|---|---|
| ഭാഗം-2 | | |
| ഇല്ല | | |
| ഭാഗം-3 | | |
| 49 | 3-1 | സർക്കാർ അനുമതിയില്ലാതെ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകി. |
| 50 | 3-2 | പ്രവൃത്തിയിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയത് മൂലം നഷ്ടം |
| 51 | 3-3 | പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| ഭാഗം-4 | | |
| 52 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 53 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 54 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 55 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 56 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 57 | 4-6 | സ്ഥിര നിക്ഷേപം |
| 58 | 4-7 | ഓഡിറ്റ് റിക്കവറി |
| 59 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 60 | 4-9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 61 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 62 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 63 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 64 | അനുബന്ധം -2 | കൂത്താളി ജില്ലാ കൃഷി ഫാമിൽ നിന്നും വിതരണം ചെയ്ത ഉൽപ്പന്നങ്ങളുടെ വിലയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകയുടെ വിവരം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 22.03.2018 തീയതിയിലെ 18/18 (എ) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.2019 തീയതിയിലെ 10/19തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 03.06.2019 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8,66,22,421/- |
| വരവ് | 1,16,92,49,785/- |
| ആകെ | 1,25,58,72,206/- |
| ചെലവ് | 1,07,50,64,295/- |
| നീക്കിയിരിപ്പ് | 18,08,07,911/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | | | 47,68,99,000 | 47,68,99,000 | 37,78,70,696 | 9,90,28,304 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | | | 12,90,18,000 | 12,90,18,000 | 8,79,82,287 | 4,10,35,713 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | | | 1,05,68,000 | 1,05,68,000 | 56,44,400 | 49,23,600 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | | | 48,39,39,000 | 48,39,39,000 | 34,15,32,974 | 14,24,06,026 |
| മെയിന്റനൻസ് - നോൺ – റോഡ് (ACR പ്രകാരം) | | | 8,16,61,000 | 8,16,61,000 | 7,81,96,055 | 34,64,945 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 66,37,770 | 34,590 | 66,72,360 | - | 66,72,360 |
| | ഗ്രാമ പഞ്ചായത്ത് | 7,00,71,500 | 1,52,04,900 | 85,27,6400 | 25,00,000 | 8,27,76,400 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 952 | 242,00,15,578 | 353 | 102,54,04,003 | 234 | 363 | 37.07 |

## 1-6 ക്യാഷ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.05.2020 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ജില്ലാ പഞ്ചായത്തിന്റെ വരവു ചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും വേണ്ടത്ര കാര്യക്ഷമമല്ല. തനതു ഫണ്ടിൽ നിക്ഷേപിച്ചതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ഗ്രാന്റ് തുകകൾ, സംയുക്ത പ്രൊജക്ടിനായി ലഭിച്ച തുകകൾ എന്നിവക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രധാന വരവിനങ്ങളായ കെട്ടിട വാടക, ഫാം റവന്യൂ, വ്യവസായ എസ്റ്റേറ്റ് തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന വരവുകൾ സംബന്ധിച്ച രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിററ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിൽ നിന്നും രശീതി പ്രകാരം പിരിച്ചെടുക്കുന്ന വരവുകളുടെയും അവയുടെ ഒടുക്കിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. ദൈനംദിന പിരിവു തുക ഫാമുകൾ നേരിട്ട് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്തുവരുന്നത്. ഒടുക്കുന്ന പിരിവു തുകയുടെ കൃത്യത പരിശോധിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. ചാത്തമംഗലം റീജ്യണൽ പൗൾട്രി ഫാമിന്റെ രജിസ്റ്ററുകൾ, ക്യാഷ് ബുക്ക്, രശീതികൾ എന്നിവ തൃപ്തികരമായി സൂക്ഷിക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.06.2018 | 2017-18 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.04.2018 – 03.05.2018 | 2016-2018 | എൽ.ബി.എ (എച്ച്.ക്യൂ) III/2/8 എ – 33/18-19/67 |

## 1-9 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. വാർഷിക കണക്ക് പ്രകാരം, മുൻ വർഷങ്ങളിൽ വിവിധ ത.സ്വ.ഭ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയിൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക ചെലവഴിക്കാതെ ശേഷിക്കുന്നു. ആയത് തിരിച്ചടയ്ക്കാതെ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക | റിമാർക്സ് |
|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 60,27,640 | 15,20,490 (ക്യാപിറ്റൽ) |
| | | 45,07,150 (റവന്യൂ) |
| ബ്ലോക്ക് പഞ്ചായത്ത് | 66,72,360 | 16,72,360 (ക്യാപിറ്റൽ) |
| | | 50,00,000 (റവന്യൂ) |

3. വരവിനങ്ങളായ Rent From Building, Rent from Auditorium, Receivables against hire purchase (വ്യവസായ എസ്റ്റേറ്റ്) എന്നിവയിൽ നിന്നുള്ള വരവ് സംബന്ധിച്ച രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. വാർഷികകണക്ക് ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Receivables Against Hire Purchase ഇനത്തിൽ 3,21,79,066/- രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. കൃഷിഫാം, സീഡ് ഫാം, പൗൾട്രി ഫാം എന്നിവയുടെ വരവ് സംബന്ധിച്ച രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫാം അധികൃതർ സാക്ഷ്യപ്പെടുത്തിയ പത്രിക പ്രകാരമുള്ള (ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്കുള്ള പണമടവ് സംബന്ധിച്ചത്) തുകകളും, വാർഷികകണക്ക് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പത്രിക പ്രകാരമുള്ള തുക | | വാർഷികകണക്ക് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|
| RPF ചാത്തമംഗലം | 1,23,42,719 | | 91,73,054 | 31,69,665 |
| SSF പുതുപ്പാടി | 16,77,078 | 1,00,04,284 | 1,37,61,300 | 37,57,016 |
| SSF പേരാമ്പ്ര | 25,62,702 | | | |
| ജില്ലാ കൃഷിത്തോട്ടം, കൂത്താളി | 48,091,84 | | | |
| കോക്കനട്ട് നഴ്സറി, തിക്കോടി | 9,55,320 | | | |

6. തനത് ഫണ്ടിൽ നിക്ഷേപിച്ച ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ, സംയുക്ത പ്രോജക്ടിനായി ലഭിച്ചതുകകൾ എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. 2018-19 വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. വാർഷിക കണക്കിനൊപ്പം സമർപ്പിക്കേണ്ട പത്രികകളിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), ക്യാഷ് ഫ്ളോസ്റ്റേറ്റ്മെന്റ്, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-10 കൂത്താളി ജില്ലാ കൃഷി ഫാം - പ്രവർത്തനങ്ങളിലെ അപാകതകൾ

## (1)ക്രെഡിറ്റ് വ്യവസ്ഥയിൽ വിൽപന നടത്തിയ ഉൽപ്പന്നങ്ങളുടെ വില ഈടാക്കാനവശേഷിക്കുന്നു – 42,81,733 രൂപ

ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ കൂത്താളി കൃഷി ഫാമിൽ നിന്നും ഉല്പാദിപ്പിച്ച വിവിധയിനം വിത്തുകൾ, തൈകൾ, വെർമി കമ്പോസ്റ്റ്, ഡയറി ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ചാണകം തുടങ്ങിയവ ജില്ലയിലെ വിവിധ കൃഷി ഭവനുകൾക്കും തൃശ്ശൂർ ജില്ലയിലെ സീഡ് ഫാമുകൾക്കും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 മുതൽ 2018-19 വരെ കാലയളവിൽ ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം ചെയ്തിട്ടുള്ള മേൽ ഇനങ്ങളുടെ വിലയിനത്തിൽ ലഭിയ്ക്കുവാനുള്ള 42,81,733/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇഷ്യൂ രജിസ്റ്റർ പ്രകാരം West coast tall (wct) തെങ്ങിൻ തൈകൾ, വിവിധയിനം കവുങ്ങിൻ തൈകൾ, സപ്പോട്ട, കൊക്കോ, നെല്ലിക്ക തുടങ്ങിയ നടീൽ വസ്തുക്കൾ, കുരുമുളക് തൈകൾ, പച്ചക്കറി വിത്തുകൾ/ തൈകൾ എന്നിവയുടെ വിപണനമാണ് നടത്തിയിട്ടുള്ളതെന്ന് കാണുന്നു (വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു). ഫാമിൽ നിന്നും തൈകൾ/വിത്തുകൾ വിതരണം ചെയ്ത വകയിൽ കുടിശ്ശികയായ 42,81,733/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഇതിനു പുറമെ ഫാമിലെ രജിസ്റ്റർ (Vol. 8) പ്രകാരം 2005-06 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലും ഇത്തരത്തിൽ തുക ഈടാക്കാൻ ബാക്കി നിൽക്കുന്നുണ്ട്. പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങളും, മുൻ വർഷങ്ങളിലെ രജിസ്റ്ററുകളും (Vol. 7 വരെയുള്ളത്) പരിശോധിച്ച് ആകെ കിട്ടാൻ ശേഷിക്കുന്ന തുക കണക്കാക്കി, ആകെ ലഭിയ്ക്കുവാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കേണ്ടതും ആയത് ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## (2) ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ട് – നീക്കിയിരിപ്പു തുകയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൂത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേരാമ്പ്ര ശാഖയിലുള്ള അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 32450632519) പാസ്ബുക്ക് പ്രകാരം 31.03.2019 ൽ 25,18,346.52 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഈ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ഫാമിന്റെ ക്യാഷ് ബുക്ക്, അനുബന്ധ രേഖകൾ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ തുക കൃഷിഭവനുകളിൽ നിന്നും കുടിശ്ശികയിനത്തിൽ ലഭിച്ചതാണെങ്കിൽ കുടിശ്ശിക അടവാക്കാൻ ഉണ്ടായിരുന്ന കൃഷിഭവനുകളുടെ ഇടപാടുകൾ പരിശോധിച്ച് 31.03.2019 ലെ 25,18,346.52/- രൂപയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിലേക്ക് ഒടുക്കുവാനുള്ള തുകയിലധികമായി നീക്കിയിരിപ്പ് തുക ഉള്ള പക്ഷം ആയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇതേ അക്കൗണ്ടിലെ മുൻ വർഷങ്ങളിലെ നിക്കിയിരിപ്പ് തുകയിൽ നിന്നും 9,37,594/- രൂപ 26.03.2018 ൽ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (ചെക്ക് നം. 94989/28.03.2018).

## (3)ഫാമിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

കൂത്താളി ജില്ലാ കൃഷി ഫാമിന്റെ വിസ്തൃതി 100 ഏക്കർ കരഭൂമിയാണ്. ഇത് ചെമ്പനോട, പേരാമ്പ്ര വില്ലേജുകളിലായി സംരക്ഷിത വനമേഖലയോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ഫാമിന്റെ അധീനതയിലുള്ള സ്ഥലം കൃത്യമായി അളന്ന് തിരിച്ച് സർവ്വെ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫാമിന്റെ ഭൂമി സംരക്ഷിക്കുന്നതിനായി ചില സ്ഥലങ്ങളിൽ കരിങ്കൽ മതിലും ബാക്കി സ്ഥലങ്ങളിൽ കമ്പി വേലിയും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ വ്യക്തികളുമായി അതിർത്തി പങ്കിടുന്ന ചില ഭാഗങ്ങളിൽ അതിർത്തി കൃത്യമായി നിർണ്ണയിച്ച് സംരക്ഷണഭിത്തി/വേലി കെട്ടി സംരക്ഷിച്ചിട്ടില്ല.

2011 വർഷം മുതൽ ഫാമിന്റെ ഭൂമി പൂർണ്ണമായും അതിർത്തി കെട്ടി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഫാം സൂപ്രണ്ട്/പ്രിൻസിപ്പൽ കൃഷി ഓഫീസർ കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ആയതിന്റെ നാൾവഴി ചുവടെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|

| ക്രമ നം. | കത്ത് നം. | തീയതി | ഗ്രാഹകൻ | പരാമർശ വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 1. | എ.425/11 | 20.09.2011 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് | ഫാമിന്റെ അതിർത്തി നിർണ്ണയിച്ച് സർവ്വെ കല്ല് സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീക രിക്കാൻ | |
| 2. | എ.425/11 | 22.09.2011 | തഹസിൽദാർ, കൊയിലാണ്ടി | --ടി-- | |
| 3. | എ.425/11 | 18.10.2011 | തലൂക്ക് സർവ്വെയർ, കൊയിലാണ്ടി | --ടി-- | |
| 4. | എ.425/11 | 18.10.2011 | താലൂക്ക് സർവ്വെയർ, കൊയിലാണ്ടി | കൊയിലാണ്ടി തഹസി ൽദാരുടെ കെ- (3)/ 9065/ 18.10.2011 ലെ കത്തു പ്രകാരം അളവിനുള്ള ഫീസ് അടവാ<br>ക്കാനാവശ്യപ്പെട്ടു. ഫീസ് നിജപ്പെടുത്തി തരുന്നതിന് കൊയിലാണ്ടി താലൂക്ക് സർവ്വെയർക്ക് കത്തയച്ചു. | റവന്യൂ അധി കൃതർ മറുപടി ലഭ്യമാക്കിയതായി ഫയലിൽ കാണുന്നില്ല. |
| 5. | എ.425/11 | 17.11.2011 | വില്ലേജ് ഓഫീസർ, പേരാമ്പ്ര, ചെമ്പനോട | അളവിനുള്ള ഫീസ് നിജപ്പെടുത്തി തരുന്നതിനും സർവ്വെക്കല്ല് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് | പ്രസ്തുത കത്തിൽ സമീപ വാസിക<br>ൾ സ്ഥലം കയ്യേറാൻ സാദ്ധ്യത യുണ്ടെന്ന് സൂചിപ്പിക്കുന്നു. |
| 6. | ------ | 24.02.2011 | ജില്ലാ കലക്ടർ, കോഴിക്കോട് (പ്രിൻസിപ്പൽ കൃഷി ഓഫീസർ അയച്ച കത്ത്) | ഫാമിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടു. ഇതേ സ്ഥിതി തുടരുകയാ ണെങ്കിൽ കൃത്യമായ അതിരുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സമീപവാസികളുടെ കൈയേറ്റം ഉണ്ടാകുമെന്നും കൂടാതെ വന്യ മൃഗങ്ങളുടെ ശല്യം ഉണ്ടാകുമെന്നും പ്രസ്തുത കത്തിൽ സൂചി പ്പിക്കുന്നുണ്ട്. | |

അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ (എ. 425/11) പരിശോധിച്ചതിൽ ഫാമിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിന് 2011 വർഷം മുതൽ നടപടികൾ ആരംഭിച്ചുവെങ്കിലും 8 വർഷത്തിനു ശേഷവും തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല. പ്രിൻസിപ്പൽ കൃഷി ഓഫീസറും ഫാം സൂപ്രണ്ടും റവന്യൂ അധികാരികൾക്കയച്ച കത്തിൽ, ഫാമിന്റെ അധീനതയിലുള്ള സ്ഥലം സമീപവാസികൾ കൈയേറാനുള്ള സാദ്ധ്യതയുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. ഭൂമി കൈയേറാനുള്ള സാദ്ധ്യതയുണ്ടെന്ന് അറിയിച്ചിരുന്നുവെങ്കിലും റവന്യൂ വകുപ്പ് അധികാരികളിൽ നിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ആയതിനാൽ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിച്ച് കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/28.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാമിന്റെ അതിർത്തി സംരക്ഷിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## (4)ഗുണമേന്മ ഉറപ്പാക്കാതെ സ്വകാര്യ വ്യക്തികൾ/പൊതുമാർക്കറ്റിൽ നിന്നും തൈകൾ വാങ്ങി വിതരണം ചെയ്യുന്നു.

ഫാമിന്റെ നിലവിലെ പ്രവർത്തന രീതിയനുസരിച്ച് വിവിധയിനം നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തു വരുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ, ഔഷധച്ചെടികൾ, പച്ചക്കറിയിനങ്ങൾ എന്നിവയുടെ വിത്തുകളും തൈകളുമാണ് ഇപ്രകാരം കർഷകർക്ക് വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കൾ വിവിധ കൃഷിഭവനുകളിലൂടെയും ഫാമിലെ വിൽപന കൗണ്ടർ വഴി നേരിട്ടും കർഷകർക്ക് ലഭിക്കുന്നു. കർഷകർക്ക് നല്ലയിനം

വിത്തിനങ്ങൾ/ തൈകൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണനിലവാരമുള്ള വിത്തുകൾ/തൈകൾ മാത്രമാണ് വിൽപന നടത്താൻ തെരഞ്ഞെടുക്കുന്നത്.

ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം നിർവ്വഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ "വാർഷിക പദ്ധതി -2018-19 "എന്ന പ്രോജക്ട് പ്രകാരം (നം.344/18-19) വിത്തുകൾ/ തൈകൾ എന്നിവ ക്വട്ടേഷൻ ക്ഷണിച്ച്, സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | വാങ്ങിയ സ്ഥാപനം/ വ്യക്തികൾ | എണ്ണം | വില/ യൂണിറ്റ് | ആകെ വില | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കുരുമുളക് വള്ളി | പോൾ കൊക്കപ്പുഴ, നരിനട | 5871 മീ. | 5/മീറ്റർ | 29,355 | ബിൽ നം. 4/18-19 |
| 2. | കുരുമുളക് വള്ളി | ഫൈൻ ജോസ്, കുണ്ടുതോട് | 1297.6 മീ | -ടി- | 6,488 | -ടി- |
| 3. | മഞ്ഞൾ വിത്ത് | സീഡ് ഗാർഡൻ, മലപ്പുറം | 2000 | 50/bag | 1,00,000 | -ടി- |
| 4. | കാബേജ്, കോളി ഫ്ലവർ വിത്ത് | എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | 280 ഗ്രാം | - | 10,618 | ബിൽ നം.10/18-19 |
| 5. | കറിവേപ്പില തൈ,<br>ഉറുമാമ്പഴം തൈ, ചന്ദന തൈ,<br>പേര തൈ,<br>ആര്യവേപ്പ് വിത്ത്,<br>നെല്ലി വിത്ത്,<br>ലക്ഷ്മി തരു | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 3000<br>1000<br>500<br>500<br>5 kg<br>1 kg<br>1.5 kg | 2.40<br>2.40<br>2.40<br>2.40<br>400<br>2500<br>450 | 17,175 | ബിൽ നം.10/18-19 |
| 6. | വഴുതന, തക്കാളി വിത്ത് | എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | 400ഗ്രാം | -- | 10,420 | ബിൽ നം.10/18-19 |
| 7. | മുളക് വിത്ത് | എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | 200 ഗ്രാം | 460/10 ഗ്രാം | 9,200 | ബിൽ നം.10/18-19 |
| 8. | കാബേജ്, കോളി ഫ്ലവർ വിത്ത് | എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | 50 ഗ്രാം | -- | 1,790 | ബിൽ നം.10/18-19 |
| 9. | മാവിൻ തൈ | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 5000 | 3.50 രൂപ | 17,500 | ബിൽ നം.11/18-19 |
| 10. | നേന്ത്ര വാഴക്കന്ന് | ഗരീഷ് കുമാർ, ആവടുക്ക, പേരാമ്പ്ര | 2000 | 17.50 | 35,000 | ബിൽ നം.11/18-19 |
| 11, | കാട്ടു ജാതി തൈ | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 4000 | 22 രൂപ | 88,000 | ബിൽ നം.11/18-19 |
| 12. | കുടം പുളി തൈ | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 3000 | 20 രൂപ | 60,000 | ബിൽ നം.11/18-19 |

മേൽ പട്ടികയിൽ സൂചിപ്പിച്ച നടീൽ വസ്തുക്കൾ/ വിത്തുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് നഴ്സറികളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഇവയുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയില്ല. കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിലെ സ്ഥായിയായ വർദ്ധനവ് ആശ്രയിച്ചിരിക്കുത് പുതുമയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ/തൈകൾ ഉചിതമായ സംവിധാനത്തിലൂടെ സമയബന്ധിതമായി കൃഷിക്കാരിൽ

എത്തിക്കുന്നതിലാണ്. പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും സ്ഥാപനം വ്യതിചലിച്ചതിന്റെയും നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്താതെ കർഷകരിലേക്ക് എത്തിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

## (5)ഹൈടെക്ക് ഡയറി ഫാം - ആവർത്തന ചെലവുകൾ, അനുബന്ധ ഉപകരണങ്ങൾ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് - ഹൈടെക്ക് ഡയറി ഫാം - ആവർത്തന ചെലവുകൾ, അനുബന്ധ ഉപകരണങ്ങൾ

പ്രോജക്ട് നമ്പർ - SO 345/19

അടങ്കൽ തുക - 20 ലക്ഷം രൂപ (തനത് ഫണ്ട്)

ചെലവ് തുക - 14,03,333/- രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കൂത്താളി

അംഗീകാരം - ശ്രീമതി. പി. പ്രേമജ, പ്രിൻസിപ്പൽ കൃഷി ഓഫീസർ

1. പ്രോജക്ടുകളുടെ രൂപീകരണം, അംഗീകാരം എന്നിവയിലെ കാലതാമസം- ചെലവുകൾ നടത്താൻ കഴിയാതെ വരുന്നു.

കൂത്താളി ജില്ലാ കൃഷിത്തോട്ടത്തോടനുബന്ധിച്ചുള്ള ഹൈടെക്ക് ഡയറി ഫാമിലേക്ക് കാലിത്തീറ്റ, വൈക്കോൽ, പശുക്കൾക്ക് മരുന്ന്, തീറ്റപ്പുല്ല്, ഡോക്ടർക്ക് ശമ്പളം, അനുബന്ധ ചെലവുകൾ, ഉപകരണങ്ങൾ എന്നിവയാണ് ഈ പ്രോജക്ടിൽ വകയിരുത്തിയത്.

കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടു കൂടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കൃഷിഫാമുകളുടെ നടത്തിപ്പു ചുമതല 18.9.1995 ലെ ജി.ഒ (പി) 189/95/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

ഫാമിലെ ആവർത്തന ചെലവുകൾക്കായി ഓരോ വർഷവും പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്ന രീതി ആണ് നിലവിലുള്ളത്. ഇത്തരത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുവാനുണ്ടാകുന്ന കാലതാമസം ഓരോ സാമ്പത്തിക വർഷത്തെയും ആദ്യത്തെ 4-5 മാസ കാലയളവുകളിൽ യഥാസമയം ചെലവുകൾ നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നു. ഇത്തരത്തിൽ ഫാമുകളുടെ പ്രവർത്തനത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. കൃഷി ഫാം സൂപ്രണ്ടിന് മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പ് ചുമതല

കൂത്താളി കൃഷി ഫാമിലെ ഹൈടെക്ക് ഡയറിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല ഫാം സൂപ്രണ്ടിനാണ് നൽകിയിട്ടുള്ളത്. ഡയറി ഫാമുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഈ മേഖലയിൽ അറിവും പ്രാഗൽഭ്യവുമുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജില്ലാ ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ എന്നീ ഉദ്യോഗസ്ഥരുടെ സേവനം പ്രോജനപ്പെടുത്തുന്നതിന് പകരം കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ചുമതല വഹിക്കേണ്ട ഫാം സൂപ്രണ്ടിന് ചുമതല നൽകുന്നത് പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കാൻ സാധ്യതയുണ്ട്.
ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ ഫാമിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണത്തിനും നിർവഹണത്തിനും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവും പ്രാഗൽഭ്യവും പ്രയോജനപ്പെടുത്തി പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡയറി ഫാമിൽ നിലവിൽ ഉള്ള പശുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

വലിയ പശുക്കൾ - 22 (കറവയുള്ളത് - 15, കറവയില്ലാത്തത് - 7 )

പുതുപ്പാടി SSF ലേക്ക് കൈമാറിയത് - 5

പേരാമ്പ്ര SSF ലേക്ക് കൈമാറിയത് - 5

കന്നുകുട്ടികൾ - 14 ( ആൺ - 7, പെൺ - 7)

ആകെ - 46

ഡയറി ഫാം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനും നിലവിൽ പാൽ ഉൽപ്പാദനം കുറവുള്ള പശുക്കളെ കൈയൊഴിയാവുന്നതും കൂടുതൽ പാൽ ലഭ്യമാവുന്ന പശുക്കളെ മാത്രം നിലനിർത്താവുന്നതുമാണ്.

3. പശുക്കൾക്ക് കാലിത്തീറ്റ ലഭ്യമാക്കിയില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കാലയളവുകളിൽ ഫാമിലെ പശുക്കൾക്ക് കാലിത്തീറ്റ ലഭ്യമാക്കിയിട്ടില്ല.

| കാലിത്തീറ്റ സ്റ്റോക്ക് 0 കി. ഗ്രാം ആയ തീയതി | തുടർന്ന് സംഭരിച്ച തീയതി | കാലിത്തീറ്റ ഇല്ലാതിരുന്ന കാലയളവ് |
|---|---|---|
| 26.7.2019 | 4.9.2019 | 40 ദിവസം |
| 19.10.2019 | 22.10.2019 | 3 ദിവസം |
| 24.11.2019 | 28.11.2019 | 4 ദിവസം |

ഇക്കാലയളവിൽ പാലിന്റെ ഉൽപ്പാദനത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഫാമിലെ പശുക്കൾക്കും കാലികൾക്കും ആനുപാതികമായ അളവിൽ തീറ്റ ലഭ്യമാക്കുന്നതിനും ആയതിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 2/2018-19/13.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (6)ഹൈടെക് ഡയറി ഫാം - പൊതു അപാകതകൾ

1. പേരാമ്പ്ര എസ്. ബി. ഐ അക്കൗണ്ട് - ബാങ്ക് ചാർജ്ജ് ഈടാക്കുന്നു.

ഫാം സൂപ്രണ്ടിന്റെ പേരിൽ പേരാമ്പ്ര എസ്. ബി. ഐ യിലുള്ള 32450632519 നമ്പർ കറന്റ് അക്കൗണ്ടിൽ 2018-19 വർഷം വിവിധ തവണകളായി 1947/- രൂപ ബാങ്ക് ചാർജ്ജായി ഈടാക്കിയിട്ടുണ്ട്. സർക്കാർ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളെ ബാങ്ക് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ബാങ്കിനെ ഇക്കാര്യം ബോധ്യപ്പെടുത്തി ബാങ്ക് ചാർജ്ജായി ഈടാക്കിയ തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. തെങ്ങിൻ തൈ വിൽപ്പന - തുക കൃഷി വകുപ്പിൽ അടവാക്കുന്നു

കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടു കൂടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കൃഷിഫാമുകളുടെ നടത്തിപ്പു ചുമതല 18.9.1995 ലെ ജി.ഒ (പി) 189/95/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. 27.2.2003 ലെ സ. ഉ (ആർ.ടി.) നം.677/03/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കൃഷി ഫാമുകളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായി കണക്കാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 23.10.2003 ലെ 15523/ഡി. പി.1/03/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ സർക്കാർ ഇക്കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്.

എന്നാൽ കൃഷി വകുപ്പ് ഡയരക്ടറുടെ 8.2.2018 ലെ ടി.എച്ച്.(2)41730/17 നമ്പർ കത്തിൽ കൃഷി വകുപ്പിന്റെ തുക വിനിയോഗിച്ചാണ് വിത്തു തേങ്ങ സംഭരിക്കുന്നതെന്നും ആയതിനാൽ തെങ്ങിൻ തൈകളുടെ വില പ്രസ്തുത സ്കീമിന്റെ ശീർഷകത്തിലാണ് അടക്കേണ്ടതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം തെങ്ങിൻ തൈകളുടെ വില ജില്ലാ പഞ്ചായത്ത് ഫണ്ടിലും കൃഷി വകുപ്പിന്റെ സ്കീം ഹെഡിൽ ട്രഷറിയിലുമായി അടവാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക | 3,20,550 |
| കൃഷി വകുപ്പിന്റെ സ്കീം ഹെഡിൽ ട്രഷറിയിൽ അടച്ച തുക | 3,95,250 |
| ആകെ | 7,15,800 |

27.2.2003 ലെ സ. ഉ (ആർ.ടി.) നം.677/03/ത.സ്വ.ഭ.വ. നമ്പർ ഉത്തരവും 23.10.2003 ലെ 15523/ഡി. പി.1/03/ ത.സ്വ.ഭ.വ. നമ്പർ സ്പഷ്ടീകരണവും കണക്കിലെടുക്കാതെയാണ് കൃഷി വകുപ്പ് ഡയരക്ടർ 8.2.2018 ലെ ടി.എച്ച്.(2)41730/17 നമ്പർ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇപ്രകാരമുള്ള നിർദ്ദേശങ്ങളിലെ വൈരുദ്ധ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം തേടേണ്ടതാണ്.

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 3/2018-19/13.01.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## (7)രശീതി പ്രകാരമുള്ള പിരിവും പണം അടവാക്കലും - അപാകതകൾ

ജില്ലാപഞ്ചായത്തിൽ നിന്നും, അതിനു കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിലേക്ക് ഫാം ഉൽപ്പന്നങ്ങളുടെ വില ഈടാക്കുന്നതിനായി ഇഷ്യൂചെയ്യുന്ന രശീതികൾ പ്രകാരം തുക പിരിക്കുന്നതിലും, തുക ജില്ലപഞ്ചായത്തിലേക്ക് അടവാക്കുന്നതിലും, രശീതികൾ കൃത്യമായി സൂക്ഷിച്ചു പോരുന്നതിലും വീഴ്ച വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വരവുതുകയുടെ കൃത്യത ഉറപ്പാക്കുന്നില്ല - ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്ന തുകയിൽ കുറവ്.

കൃഷി ഫാം റവന്യൂ ഇനത്തിൽ ഫാം ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നൽകുന്ന രശീതിയിൽ രേഖപ്പെടുത്തുന്ന തുകകളുടെ കൃത്യത പരിശോധിക്കപ്പെടാത്തതിനാൽ ജില്ലാപഞ്ചായത്തിലേയ്ക്ക് അടവാക്കുന്ന തുകകളിൽ കുറവ് വന്നിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ രശീതികൾ പരിശോധിച്ചതിൽ ഇപ്രകാരം വ്യത്യാസം വന്ന തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രശീതി നം, തീയതി | രശീതി പ്രകാരം അടവാക്കിയ തുക | നിശ്ചയിച്ച നിരക്ക് പ്രകാരം പിരിച്ചെടുക്കേണ്ട തുക | പിരിച്ചെടുത്ത തുക/ ഡെയിലി കലക്ഷൻ പ്രകാരം അടവാക്കിയ തുക | കുറവ് തുക |
|---|---|---|---|---|---|
| 1 | 748/18 തീയതി രേഖപ്പെടുത്തിയിട്ടില്ല | 95/- | | - | 95 |
| 2 | 754/27 11.05.2018 | രശീതിൽ രേഖപ്പെടുത്തിയത് 2556/- . എന്നാൽ തുക കൂട്ടിയെഴുതിയതിൽ 900/- രൂപ കുറവായി രേഖപ്പെടുത്തി | 2556 | 1656 | 900 |
| 3 | 419/7 02.03.2019 | രശീതിയിലും രജിസ്റ്ററിലും തുക കൂട്ടിയെഴുതിയതിലെ അപാകത കാരണം 3075/- ന പകരം 2975/- രൂപ എന്നു രേഖപ്പെടുത്തി | 3075 | 2975 | 100 |
| | | | | | 1095 |

മിക്ക ദിവസങ്ങളിലും പിരിച്ചെടുക്കുന്ന ആകെ വരവ് തുക കണക്കാക്കുന്നതിൽ ഒന്നു മുതൽ 10 രൂപ വരെ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ദൈനംദിന കലക്ഷൻ തുക പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. മാത്രമല്ല വിവിധ ഫാമുകളിൽ നിന്ന് അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിലവിൽ സംവിധാനങ്ങളില്ല.

ഫ്ലവർ ഷോ, വിവിധ മേളകൾ എന്നിവയുടെ ഉപയോഗത്തിനായി നൽകുന്ന രശീതുകളിൽ തീയതി, ഉൽപ്പന്നങ്ങൾ കൈപ്പറ്റുന്ന/തുക അടവാക്കുന്ന വ്യക്തിയുടെ പേര് എന്നിവ രേഖപ്പെടുത്തുന്നില്ല.

അടവാക്കിയതിൽ കുറവ് വന്ന മേൽ കാണിച്ചിട്ടുള്ള 1095/- രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2. സ്റ്റോക്ക് രജിസ്റ്ററിലെ അപാകത

രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ ആയവ കൈപ്പറ്റുന്ന ജീവനക്കാരുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. കാർഷിക/ പുഷ്പ മേളകളായ കോഴിക്കോട് മേള, തൊട്ടിൽപ്പാലം മേള, പേരാമ്പ്ര ഫെസ്റ്റ്, ഫ്ലവർഷോ എന്നീ വിവിധ ആവശ്യങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്ന രശീതി ബുക്കുകളുടെ കാര്യത്തിലും വിശദാംശങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. വിതരണ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3. റദ്ദ് ചെയ്യുന്ന എല്ലാ രശീതികളും സൂപ്രണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

എല്ലാ രശീതുകളുടെയും റദ്ദാക്കലിന് മതിയായ അനുമതി ആവശ്യമാണ്. എന്നാൽ ഫാമിൽ ഉപയോഗിച്ച രശീതികളിൽ ക്യാൻസൽ ചെയ്തിട്ടുള്ള രശീതികൾ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ഉദാ:- 332/28, 332/41, 333/21, 419/31 മുതൽ 100 വരെ

2019 എക്സിബിഷൻ- ന് ഉപയോഗിച്ച 420 നം രശീതി ബുക്കിലെ 78 വരെ രശീതുകൾ മാത്രമേ പിരിവിന് ഉപയോഗിച്ചതായി കാണുന്നുള്ളൂ. 79 മുതൽ 100 വരെ രശീതുകൾ റദ്ദ് ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. കൂടാതെ, 420/77, 420/78 എന്നിവ പ്രകാരം തുക പിരിച്ചെടുത്ത തീയതി 18.03.2019 ആണ്. എന്നാൽ ഡെയിലി കളക്ഷൻ രജിസ്റ്ററിൽ പിരിച്ചെടുത്ത തീയതിക്ക് മൂന്ന് ദിവസം മുമ്പേയുള്ള തീയതി (15.03.2019) രേഖപ്പെടുത്തി തുക അടവാക്കി. ഇതിന്റെ കാരണം വ്യക്തമല്ല. ഇതിനുള്ള കാരണം വിശദീകരിക്കേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

4. ഡയറി ഫാം വരവ് തുക

ഡയറിഫാമിൽ നിന്നും ലഭ്യമാകുന്ന പാൽ രണ്ട് ക്ഷീരസംഘങ്ങളിൽ ആയാണ് നൽകുന്നത്. രാവിലെ ലഭ്യമാകുന്ന പാൽ ചക്കിട്ടപാറ ക്ഷീരോൽപാദകസഹകരണ സംഘത്തിലും, വൈകീട്ട് പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദകസഹകരണ സംഘത്തിലും നൽകുന്നു. ഓരോ മാസത്തെയും പാലിന്റെ വില ക്ഷീരോത്പാദക സംഘങ്ങൾ ജില്ലാ കൃഷി ഫാമിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഇത് പലപ്പോഴും ക്യാഷ് ആയി നൽകുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രശീതി നം, തീയതി | തുക | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | 747/18 തീ. 04.04.2018 | 45,892 | ചക്കിട്ടപാറ ക്ഷീരോൽപാദക സഹകരണ സംഘം (11.03.2018-31.03.2018) |
| 2 | 747/46 തീ. 06.04.2018 | 36,691 | പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം (01.03.2018-31.03.2018) |
| 3 | 753/54 തീ. 04.05.2018 | 77,121 | ചക്കിട്ടപാറ ക്ഷീരോൽപാദക സഹകരണ സംഘം (01.04.2018-30.04.2018) |
| 4 | 753/95 തീയതി രേഖപ്പെടുത്തിയിട്ടില്ല | 40,006 | പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം 01.04.2018 – 30.04.2018 |
| 5 | 904/06.06.2018 | 40,696 | പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം 01.05.2018 – 31.05.2018 |
| 6 | 907/ തീ. 20.06.2018 | 73,387 | ചക്കിട്ടപാറ ക്ഷീരോൽപാദക സഹകരണ സംഘം 01.05.2018-31.05.2018 |
| 7 | 909/40 തീ. 09.07.2018 | 83,907 | ചക്കിട്ടപാറ ക്ഷീരോൽപാദക സഹകരണ സംഘം 01.06.2018-30.06.2018 |

| | | | |
|---|---|---|---|
| 8 | 909/57 തീ.10.07.2018 | 43429 | പിള്ളപ്പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം<br>01.06.2018-30.06.2018 |

1000/- രൂപയ്ക്ക് മുകളിൽ വരുന്ന തുകകൾ ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് ആയി സ്വീകരിക്കുന്നതിന് പകരം ക്യാഷ് ആയി സ്വീകരിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. പാൽ അളവിൽ വ്യത്യാസം

ഡയറി ഫാമിൽ അളക്കുന്ന പാലും, സംഘത്തിൽ ലഭ്യമായ പാലിന്റെ അളവ് രേഖപ്പെടുത്തിയതും തമ്മിൽ പലദിവസങ്ങളിലും പൊരുത്തപ്പെടുന്നില്ല. ഡയറി ഫാമിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പാലളവും, സംഘത്തിൽ നിന്നും ലഭ്യമാകുന്ന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പാലളവിലും ആണ് വ്യത്യാസം.

ഉദാ: (ചക്കിട്ടപാറ ക്ഷീര സംഘത്തിലെ സ്റ്റേറ്റ്മെന്റ് പ്രകാരം)

| തീയതി | ഫാം രജിസ്റ്റർ പ്രകാരം പാലളവ് | സംഘം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| 06.05.2018 | 73.6 ലി. | 69.20 ലി | 4.4 ലി കുറവ് |
| 11.05.2018 | 86.2 ലി. | 82.50 ലി. | 3.7 ലി. കുറവ് |
| 29.05.2018 | 76.6 ലി. | 61.80 ലി. | 14.8 ലി. കുറവ് |
| 30.10.2018 | 57.09 ലി. | 53.9 ലി. | 4.0 ലി. കുറവ് |
| 25.08.2018 | 68.9 ലി. | 69.5 ലി. | 0.600 ലി. കൂടുതൽ |

ഡയറി ഫാമിൽ സൂക്ഷിക്കുന്ന രജിസ്ററർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡയറി ഫാമിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ പാൽ അളവ് സംബന്ധിച്ച രേഖപ്പെടുത്തൽ അതത് സമയത്ത് അതത് സംഘത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ബന്ധപ്പെട്ട രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

7 ടി.ആർ. 5 രശീതി

ടെണ്ടർ ഫോം വില്പനയ്ക്കായി ഉപയോഗിച്ച TR-5 രശീതി 9351/935098 മുതൽ 935100 വരെ ഉപയോഗിച്ചത് 03.03.2019 ൽ ആണ്. ആകെ തുക 2655/- (03.03.2019 അവധി ദിവസമാണ് (ഞായർ)). മേൽ രശീതികൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് 13.03.2019 തീയതിയിലാണ്. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം TR-5 മുഖേന കളക്ട് ചെയ്യുന്ന ഏതൊരു തുകയുടെയും വിവരങ്ങൾ അതത് ദിവസങ്ങളിൽ തന്നെ TR 7A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അവധി ദിവസത്തിൽ TR-5 ഉപയോഗിച്ച് തുക കലക്ട് ചെയ്യാനുണ്ടായ സാഹചര്യവും, ആയത് ക്യാഷ് ബുക്കിൽ വരവ് വെക്കുന്നതിൽ കാലതാമസം വന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-11 പുതുപ്പാടി സീഡ് ഫാമിലെ അപാകതകൾ

## (1) വിത്തുകളും തൈകളും വിതരണം ചെയ്ത ഇനത്തിൽ 20,07,785 ലക്ഷം രൂപ ഈടാക്കാൻ ബാക്കി

പുതുപ്പാടി വിത്തുൽപാദന കേന്ദ്രത്തിൽ നിന്ന് കൃഷിഭവനുകൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും ഇൻവോയ്സ് പ്രകാരം (Credit Sales) വിൽപ്പന നടത്തിയിട്ടുള്ള വിത്തുകളുടെയും തൈകളുടെയും വിവരം ഇൻവോയ്സ് രജിസ്റ്ററിലാണ് ചേർത്തുവരുന്നത്. 2005-06 മുതൽ 2016-17 വരെയുള്ള കാലയളവിലെ വിതരണം സംബന്ധിച്ച വിവരം വാല്യം - 1 ലും 2016-17 ന ശേഷമുള്ളത് വാല്യം -2 രജിസ്റ്ററിലും രേഖപ്പെടുത്തി വരുന്നുണ്ട്. ക്രെഡിറ്റ് ആയി വിൽപന നടത്തിയ ശേഷം രണ്ടോ മൂന്നോ മാസത്തിനുള്ളിൽ, വിത്തുകൾ കൈപ്പറ്റിയ സ്ഥാപനം തുക അടവാക്കുകയും ആ സമയത്ത് മേൽ പറഞ്ഞ ഇൻവോയ്സ് രജിസ്റ്ററിൽ വിശദാംശങ്ങൾ (രസീതി നമ്പർ, തീയതി, ലഭിച്ച തുക എന്നിവ) രേഖപ്പെടുത്തി അധികാരികൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ഫാമിൽ തുടർന്നു വരുന്നത്. എന്നാൽ ഇൻവോയ്സ് രജിസ്റ്ററിലെ ചില രേഖപ്പെടുത്തലുകൾക്കു നേരെ "തുക ലഭിച്ചു" എന്ന് കാണിക്കുന്നതല്ലാതെ വിശദാംശങ്ങൾ രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നില്ല. 2015-16 മുതലുള്ള ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ (തുക ലഭിച്ചതായി ഒരു

രേഖപ്പെടുത്തലും ഇല്ലാത്തത്) വിവിധ സ്ഥാപനങ്ങൾക്ക് പച്ചക്കറി/ നെൽ വിത്തുകൾ വിതരണം ചെയ്ത വകയിൽ 20,07,785/- രൂപ കടിശ്ശികയിനത്തിൽ ലഭിക്കാൻ ബാക്കിയുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു (ചെറുവണ്ണൂർ - നല്ലളം, കോഴിക്കോട് എന്നീ കൃഷിഭവനുകൾക്ക് നെൽവിത്ത് വിതരണം ചെയ്ത വകയിലും പുതുപ്പാടി കൃഷിഭവന് പച്ചക്കറി വിത്ത് വിതരണം ചെയ്ത വകയിലും ലഭിക്കാനുള്ള തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഈ കണക്കിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല).

| ക്രമ നം | ഇൻവോയ്സ് നം. / തീയതി | വിൽപന നടത്തിയ ഇനം | ഈടാക്കാൻ ബാക്കിയുള്ളത് | വിത്തുകൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|---|
| 1. | 26.08.2015 | പച്ചക്കറി വിത്ത് | 1,13,000 | KSSDA, തൃശ്ശൂർ |
| 2. | 9210/09.11.2015 | നെൽവിത്ത് | 61,004 | KSSDA, തൃശ്ശൂർ |
| 3. | 02.12.2015 | നെൽവിത്ത് | 4,500 | കൃഷിഭവൻ, ചാത്തമംഗലം |
| 4. | 11.12.2015 | നെൽവിത്ത് | 2,700 | കൃഷിഭവൻ, ചാത്തമംഗലം |
| 5. | 9477/28.12.2015 | നെൽവിത്ത് | 1,80,000 | KSSDA, തൃശ്ശൂർ |
| 6. | 30.05.2016 | നെൽവിത്ത് | 29,700 | കൃഷിഭവൻ, രാമനാട്ടുകര |
| 7. | 39/07.09.2016 | നെൽവിത്ത് | 16,452 | KSSDA, തൃശ്ശൂർ |
| 8. | 40/30.11.2016 | നെൽവിത്ത് | 1,32,670 | KSSDA, തൃശ്ശൂർ |
| 9. | 44/30.11.2016 | നെൽവിത്ത് | 39,601 | കൃഷിഭവൻ, ഉള്ളിയേരി |
| 10. | SFP. 46/11.01.2017 | നെൽവിത്ത് | 34,100 | KSSDA, തൃശ്ശൂർ |
| 11. | SFP-47/11.01.2017 | നെൽവിത്ത് | 1,40,702 | KSSDA, തൃശ്ശൂർ |
| 12. | SFP-52/12.01.2017 | പച്ചക്കറി തൈ | 36,300 | എ.ഡി.എ ഉള്ളിയേരി |
| 13. | SFP- 62/31.01.2017 | നെൽവിത്ത് | 1,55,100 | എ.ഡി.എ ഉള്ളിയേരി |
| 14. | SFP- 69/06.03.2017 | ഗ്രോ ബാഗ് | 2,16,000 | കൃഷിഭവൻ, എലത്തൂർ |
| 15. | SFP- 70/ 07.03.2017 | ഗ്രോ ബാഗ് | 1,76,000 | കൃഷിഭവൻ, ബേപ്പൂർ |
| 16. | SFP- 71 | നെൽവിത്ത് | -------- | കൃഷിഭവൻ, ചെറുവണ്ണൂർ- നല്ലളം |
| 17. | SFP- 72 | നെൽവിത്ത് | -------- | കൃഷിഭവൻ, കോഴിക്കോട് |
| 18. | SFP- 74/ 29.03.2017 | നെൽവിത്ത് | 15,232 | RARS, പട്ടാമ്പി |
| 19. | SFP- 1/ 12.04.2017 | വൈക്കോൽ | 2,500 | ജില്ലാ കൃഷിഫാം, കൂത്താളി |
| 20. | SFP- 2/ 17.05.2017 | നെൽവിത്ത് | 12,000 | കൃഷിഭവൻ, പനങ്ങാട് |
| 21. | SFP- 16/ 02.06.2017 | പച്ചക്കറി വിത്ത് | -------- | കൃഷിഭവൻ, പുതുപ്പാടി |
| 22. | SFP- 17/ 21.06.2017 | പച്ചക്കറി വിത്ത് | -------- | കൃഷിഭവൻ, പുതുപ്പാടി |
| 23. | SFP- 20/ 18.08.2017 | പച്ചക്കറി തൈ | 2,700 | കൃഷിഭവൻ, ചേളന്നൂർ |
| 24. | SFP- 21/ 18.08.2017 | പച്ചക്കറി തൈ | 1,350 | കൃഷിഭവൻ, കാക്കൂർ |
| 25. | SFP- 23/ 18.08.2017 | പച്ചക്കറി തൈ | 1,350 | കൃഷിഭവൻ, നന്മണ്ട |
| 26. | SFP- 25/ 18.08.2017 | പച്ചക്കറി തൈ | 2,600 | കൃഷിഭവൻ, നരിക്കുനി |
| 27. | SFP- 26/ 18.08.2017 | പച്ചക്കറി തൈ | 2,600 | കൃഷിഭവൻ, തലക്കുളത്തൂർ |
| 28. | SFP- 28/ 19.08.2017 | പച്ചക്കറി തൈ | 1,800 | കൃഷിഭവൻ, മടവൂർ |
| 29. | SFP- 33/ 19.08.2017 | പച്ചക്കറി തൈ | 1,800 | കൃഷിഭവൻ, കോടഞ്ചേരി |
| 30. | SFP- 27/ 14.11.2017 | പച്ചക്കറി തൈ | 900 | കൃഷിഭവൻ, കിഴക്കോത്ത് |
| 31. | SFP- 29/ 19.08.2017 | പച്ചക്കറി തൈ | 900 | കൃഷിഭവൻ, കൊടുവള്ളി |
| 32. | SFP- 30/ 19.08.2017 | പച്ചക്കറി തൈ | 900 | കൃഷിഭവൻ, ഓമശ്ശേരി |

| | | | | |
|---|---|---|---|---|
| 33. | SFP- --/ 19.08.2017 | പച്ചക്കറി തൈ | 900 | കൃഷിഭവൻ, കൂടരഞ്ഞി |
| 34. | SFP- 35/ 13.09.2017 | പച്ചക്കറി വിത്ത് | 6,640 | കൃഷിഭവൻ, നരിക്കുനി |
| 35. | SFP- 51/ ------------ | പച്ചക്കറി വിത്ത് | 6,630 | കൃഷിഭവൻ, തിരുവമ്പാടി |
| 36. | SFP- 47/ 13.09.2017 | പച്ചക്കറി വിത്ത് | 6,640 | കൃഷിഭവൻ, മടവൂർ |
| 37. | SFP- 62/16.10.2017 | പച്ചക്കറി വിത്ത് | 1,000 | കൃഷിഭവൻ, ഒളവണ്ണ |
| 38. | SFP- 64/----------- | പച്ചക്കറി തൈ | 1,000 | കൃഷിഭവൻ, ഫറോക്ക് |
| 39. | SFP- 67/----------- | പച്ചക്കറി തൈ | 1,000 | കൃഷിഭവൻ, ബേപ്പൂർ |
| 40. | SFP- 70/ 19.10.2017 | പച്ചക്കറി വിത്ത് | 7,000 | ജില്ലാ കൃഷിഫാം, കൂത്താളി |
| 41. | SFP- 76/22.11.2017 | നെൽവിത്ത് | 410 | കൃഷിഭവൻ, കുരുവട്ടൂർ |
| 42. | SFP- 78/ 18.12.2017 | നെൽവിത്ത് | 137 | കൃഷിഭവൻ, ചേളന്നൂർ |
| 43. | SFP- 84/ 16.02.2018 | വൈക്കോൽ | 7,000 | ജില്ലാ കൃഷിഫാം, കൂത്താളി |
| 44. | SFP- 85/ 09.03.2018 | വൈക്കോൽ | 7,000 | ജില്ലാ കൃഷിഫാം, കൂത്താളി |
| 45. | SFP- 87/ 15.03.2018 | വൈക്കോൽ | 7,000 | ജില്ലാ കൃഷിഫാം, കൂത്താളി |
| 46. | SFP- 1/ 11.05.2018 | നെൽവിത്ത് | 1,28,000 | എ.ഡി.എ, ബാലുശ്ശേരി |
| 47. | SFP- 9-16/ 19.05.2018 | പാക്കിംഗ് ബാഗ് | 826 | എ.ഡി.എ, കോഴിക്കോട് |
| 48. | SFP- 3/ 23.05.2018 | പാക്കിംഗ് ബാഗ് | 2,329 | എ.ഡി.എ, കുന്നമ്മൽ |
| 49. | SFP- 2 | നെൽവിത്ത് | 16,231 | കൃഷിഭവൻ, പനങ്ങാട് |
| 50. | SFP- 4 | നെൽവിത്ത് | 16,231 | കൃഷിഭവൻ, കൂരാച്ചുണ്ട് |
| 51. | SFP- 7 | നെൽവിത്ത് | 16,231 | കൃഷിഭവൻ, നടുവണ്ണൂർ |
| 52. | SFP- 45/ 06.07.2018 | പച്ചക്കറി വിത്ത് | 21,000 | കൃഷിഭവൻ, പുതുപ്പാടി |
| 53. | SFP- 46-54 | പച്ചക്കറി വിത്ത് | 52,200 | എ.ഡി.എ, കുന്ദമംഗലം |
| 54. | SFP- 55-64 | പച്ചക്കറി വിത്ത് | 57,800 | എ.ഡി.എ കൊടുവള്ളി |
| 55. | SFP- 65 | നെൽവിത്ത് | 2,400 | സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര |
| 56. | SFP- 63A/ 24.10.2018 | നെൽവിത്ത് | 32,446 | കൃഷിഭവൻ, പെരുവയൽ |
| 57. | SFP- 64A/ 24.10.2018 | നെൽവിത്ത് | 32,446 | കൃഷിഭവൻ, പെരുവയൽ |
| 58. | SFP- 65/ 24.10.2018 | നെൽവിത്ത് | 81,507 | കൃഷിഭവൻ, വേളം |
| 59. | SFP- 66A/ 07.11.2018 | നെൽവിത്ത് | 96,105 | കൃഷിഭവൻ, വേളം |
| 60. | SFP- 66/17.1.2018 | നെൽവിത്ത് | 15,215 | കൃഷിഭവൻ, അത്തോളി |
| | | ആകെ | 20,07,785 | |

06.07.2018 മുതൽ 23.10.2018 വരെയുള്ള കാലയളവിൽ വിൽപ്പന നടത്തിയ വിത്തുകളുടെയും തൈകളുടെയും വിശദാംശം ഇൻവോയ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. 23.10.2018 ന ശേഷം വിതരണം ചെയ്ത നെൽവിത്തുകളുടെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിത്തുകൾ കൈപ്പറ്റിയ വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ വിവരം ഉൾപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2018-19 വർഷം കടമായി വിൽപന നടത്തിയ മുഴുവൻ ഇനങ്ങളുടെയും വിവരം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

ഫാമിന്റെ 2018-19 ലെ രസീതി പരിശോധനയിൽ ഏതാനം രസീതുകളിൽ ലഭിച്ച തുകയുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക, മേൽ പട്ടികയിൽ സൂചിപ്പിച്ച കുടിശ്ശികയിൽ ഉൾപ്പെട്ടിട്ടുള്ള തുകയാണോ എന്നത് വ്യക്തമല്ല. ഈ സാഹചര്യത്തിൽ, വാല്യം-1, വാല്യം - 2 എന്നീ ഇൻവോയ്സ് രജിസ്റ്ററുകളിൽ ഈടാക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയുടെയും (2015-16 വർഷത്തിന് മുൻപുള്ളതും) വിശദാംശം തയ്യാറാക്കി തുക ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുമായി അദാലത്ത് പോലെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഫാമിൽ നിന്നും തൈകൾ/വിത്തുകൾ വിതരണം ചെയ്ത വകയിൽ മേൽപ്രകാരം കുടിശ്ശികയായ 20,07,785/- രൂപ (മേൽ പട്ടികയിലെ ക്രമ നം. 16, 17, 21, 22 ൽ വരേണ്ടിയിരുന്ന തുക കൂടി ഉൾപ്പെടുത്തേണ്ടതാണ്) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11(2) പരിസരവാസികൾ കയ്യേറിയ ഭൂമി - ഒഴിപ്പിച്ചെടുക്കുന്നതിനായി ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചില്ല

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുതുപ്പാടി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം സി ബ്ലോക്കിന്റെ വലതു ഭാഗത്തെ അതിരിൽ വരുന്ന തോടും സ്ഥലവും പരിസരവാസികൾ കയ്യേറിയത് ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരികയാണ്. ഈങ്ങാപ്പുഴ വില്ലേജിലെ മലപുറം ദേശത്ത് സ്ഥിതി ചെയ്യുന്ന ഫാമിന്റെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 16.02.2019 ന് കോഴിക്കോട് ഡെപ്യൂട്ടി കളക്ടറുടെ അദ്ധ്യക്ഷതയിൽ ഫാമിൽ വെച്ച് യോഗം ചേർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.

1. ഫാമിന്റെ അതിർത്തി ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ അളന്നു തിട്ടപ്പെടുത്തണം.

2. സർവ്വേ ചെയ്യുന്നതിന് ആവശ്യമായ ടോട്ടൽ സ്റ്റേഷൻ മെഷീൻ ജില്ലാ പഞ്ചായത്ത് ലഭ്യമാക്കണം. ആയതിന്റെ ചെലവ് ജില്ലാ പഞ്ചായത്ത് വഹിക്കണം.

3. സർവ്വേ ജോലികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സർവ്വേയർമാരെയും ചെയിൻമാൻമാരെയും അനുവദിക്കുന്നതാണ്.

4. ഫാമിന്റെ 16.5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറിയതായി താമരശ്ശേരി താലൂക്ക് സർവ്വേയർ കണ്ടെത്തിയിരുന്നു. താലൂക്ക് സർവ്വേയർ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് 30 ദിവസത്തിനകം താമരശ്ശേരി ഭൂരേഖ താഹസിൽദാർക്കും ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും നൽകേണ്ടതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി 15 ദിവസങ്ങൾക്കുള്ളിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ മേൽ തീരുമാനങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. ഇത്തരത്തിൽ വീഴ്ച ഉണ്ടാകാനുള്ള കാരണം വിശദമാക്കേണ്ടതാണ്. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 24/2018-19 തീയതി 5.3.2020).

## (3) വരവ് തുക ഒടുക്കുന്നതിലെ അപാകങ്ങൾ

പുതുപ്പാടി സീഡ് ഫാമിലെ രശീതി വരവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിലൂടെ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പിരിവ് തുക പൂർണ്ണമായും സമയബന്ധിതമായും ബാങ്കിൽ അടവാക്കുന്നില്ല

പുതുപ്പാടി സീഡ് ഫാമിൽ നിന്ന് തൈകളും വിത്തുകളും വിൽപന നടത്തിയ ഇനത്തിലുള്ള തുക പഞ്ചാബ് നാഷണൽ ബാങ്കിന്റെ കോഴിക്കോട് ശാഖയിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് അടവാക്കുന്നത് (അക്കൗണ്ട് നം. 4258000105059401). രസീതി പ്രകാരം പിരിച്ചെടുത്ത തുകകൾ പൂർണ്ണമായും സമയബന്ധിതമായി ബാങ്കിൽ അടവാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രസീതി നം | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1. | 41/769 മുതൽ 49/769 വരെ | 21.02.2019 | 78,394 | 21.02.19 മുതൽ 25.02.19 വരെയുള്ള കാലയളവിലെ വരവ് ബാങ്കിൽ അടവാക്കുന്നത് 25.02.19 നാണ്. കൂടാതെ 89,154 രൂപയിൽ 75,350 രൂപ മാത്രമേ അന്നേ ദിവസം അടവാക്കിയുള്ളൂ. |
| | 50/769, 17/770 മുതൽ 23/770 വരെ | 22.02.2019 | 3,085 | |
| | 51/769, 24/770 മുതൽ 33/769 | 23.02.2019 | 3,680 | |

| | | | | |
|---|---|---|---|---|
| | വരെ | | | |
| | 34/770 മുതൽ 48/770 വരെ | 24.02.2019 | 2,100 | |
| | 52/769, 49/770 മുതൽ 58/770 വരെ | 25.02.2019 | 1,895 | |
| | ആകെ | | 89,154 | |
| 2. | മുന്നിരുപ്പ് 26.02.2019 | | 13,804 | 26.02.19 മുതൽ 28 02.19 വരെയുള്ള കാലയളവിലെ വരവ് ബാങ്കിൽ അടവാക്കുന്നത് 28.02.19 നാണ്. കൂടാതെ 19,746 രൂപയിൽ 4,640 രൂപ മാത്രമേ അന്നേ ദിവസം അടവാക്കിയിട്ടുള്ളൂ. |
| | 53/769, 59/770 മുതൽ 73/770 വരെ | 26.02.2019 | 2,125 | |
| | 54/769, 74/770 മുതൽ 94/770 വരെ | 27.02.2019 | 3,117 | |
| | 55/769 | 28.02.2019 | 700 | |
| | ആകെ | | 19,746 | |

2. വരവ് തുക അടവാക്കിയില്ല

ഫാമിന്റെ രസീത് ബുക്ക്, കാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 1,800/- രൂപ അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രസീതി നം. | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1. | 26/769 | -------- | 950 | രസീതിയിൽ തീയതി, തുക ആരിൽ നിന്ന് ലഭിച്ചു, ഏത് ഇനമാണ് വിൽപന നടത്തിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയില്ല. |
| 2. | 37/770 | 24.02.2019 | 150 | ഇല്ല |
| 3. | 91/770 | 27.03.2019 | 700 | ഇല്ല |
| ആകെ | | | 1,800 | |

മേൽ തുക അടവാക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (4) ഓഫീസ് പ്രവർത്തനം, ഫയൽ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ

ഫാം ഓഫീസിന്റെ പ്രവർത്തനത്തിലും ഫയലുകളുടെ സൂക്ഷിപ്പിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വിഷയാടിസ്ഥാനത്തിൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. ഫയലുകൾക്ക് നോട്ട് ഫയൽ ഇല്ല.

2. ഫയലുകളിൽ ഓഫീസ് മേധാവിയായ സീനിയർ കൃഷി ഓഫീസർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നൽകുന്നില്ല.

3. ഓഫീസിൽ ലഭിക്കുന്ന തപാലുകളിൽ ഓഫീസ് മേധാവിയായ സീനിയർ കൃഷി ഓഫീസർ ഇനീഷ്യൽ ചെയ്യുന്നില്ല. ഇക്കാരണത്താൽ തപാലുകൾ സീനിയർ കൃഷി ഓഫീസർ കണ്ടോ എന്ന് വ്യക്തമല്ല. ഓഫീസിൽ തപാൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടികളുടെ വിവരവും അറിയാൻ കഴിയുന്നില്ല.

4. തപാലുകൾ തീയതിയെ അടിസ്ഥാനപ്പെടുത്തി ക്രമമായി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ തപാലുകളിൽ ഒടുവിലായി എന്ത് നടപടി എടുത്തു എന്ന് അറിയാൻ കഴിയുന്നില്ല.

5. ഫാമിലെയും ഓഫീസിലെയും ജീവനക്കാരുടെ ചുമതലകൾ നിജപ്പെടുത്തിക്കൊണ്ട് കൃത്യമായ ഒരു ജോലി വിഭജനം നടത്തിയിട്ടില്ല.

6. ജീവനക്കാരുടെ ജോലികളിൽ ഓഫീസ് മേധാവിയായ സീനിയർ കൃഷി ഓഫീസർ യാതൊരു മേൽനോട്ടവും നടത്തിയതായ രേഖപ്പെടുത്തലുകൾ കാണുന്നില്ല.

7. ഫാമിലെയും ഓഫീസിലെയും രജിസ്റ്ററുകൾ സീനിയർ കൃഷി ഓഫീസർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

മേൽ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 21/2018-19/5.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഫീസ് പ്രവർത്തനം, ഫയൽ സൂക്ഷിപ്പ് എന്നിവയിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## (5) വാർഷിക പദ്ധതി 2018-19 - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് -സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പുതുപ്പാടി, വാർഷിക പദ്ധതി 2018-19

പ്രോജക്ട് നമ്പർ - SO 0120/19

അടങ്കൽ തുക - 10 ലക്ഷം രൂപ (തനത് ഫണ്ട്)

ചെലവ് തുക - 8,35,970/- രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പുതുപ്പാടി

അംഗീകരിച്ച ഉദ്യോഗസ്ഥൻ - ശ്രീമതി. പി. പ്രേമജ, പ്രിൻസിപ്പൽ കൃഷി ഓഫീസർ

## (4)ഗുണമേന്മ ഉറപ്പാക്കാതെ സ്വകാര്യ വ്യക്തികൾ/പൊതുമാർക്കറ്റിൽ നിന്നും തൈകൾ വാങ്ങി വിതരണം ചെയ്യുന്നു.

ഫാമിന്റെ നിലവിലെ പ്രവർത്തന രീതിയനുസരിച്ച് വിവിധയിനം നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തു വരുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ, ഔഷധച്ചെടികൾ, പച്ചക്കറിയിനങ്ങൾ എന്നിവയുടെ വിത്തുകളും തൈകളുമാണ് ഇപ്രകാരം കർഷകർക്ക് വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കൾ വിവിധ കൃഷിഭവനകളിലൂടെയും ഫാമിലെ വിൽപന കൗണ്ടർ വഴി നേരിട്ടും കർഷകർക്ക് ലഭിക്കുന്നു. കർഷകർക്ക് നല്ലയിനം വിത്തിനങ്ങൾ/ തൈകൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണനിലവാരമുള്ള വിത്തുകൾ/തൈകൾ മാത്രമാണ് വിൽപന നടത്താൻ തെരഞ്ഞെടുക്കുന്നത്.

സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പുതുപ്പാടി, വാർഷിക പദ്ധതി 2018-19 എന്ന പ്രോജക്ട് പ്രകാരം 2018-19 വർഷം വിത്തുകൾ/ തൈകൾ എന്നിവ ക്വട്ടേഷൻ ക്ഷണിച്ച്, സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | വാങ്ങിയ സ്ഥാപനം/ വ്യക്തികൾ | എണ്ണം | വില/ യൂണിറ്റ് | ആകെ വില | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | വാഴക്കന്നുകൾ | ഗ്രീൻലാൻഡ് നേഴ്സറി & സീഡ്സ്, താമരശ്ശേരി | 750 | 15.50 | 11,625 | 11.10.2018 ലെ 953 നമ്പർ ബിൽ പ്രകാരം |
| 2. | കറിവേപ്പ് തൈകൾ | മുക്കം ആഗ്രോ ഏജൻസീസ് , മുക്കം | 500 | 20 | 10,000 | 30.11.2018 ലെ 381 നമ്പർ ബിൽ പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| 3. | വിവിധ പച്ചക്കറി വിത്തുകൾ, തൈകൾ | മുക്കം ആഗ്രോ ഏജൻസീസ് മുക്കം | - | -- | 2,330 | 25.9.2018 ലെ 340 നമ്പർ ബിൽ പ്രകാരം |
| 4. | വാളൻ പുളി വിത്ത് | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 25 കി. ഗ്രാം | 180 രൂപ | 4,500 | 20.4.2018 ലെ 593 നമ്പർ ബിൽ പ്രകാരം |

മേൽ പട്ടികയിൽ സൂചിപ്പിച്ച നടീൽ വസ്തുക്കൾ/ വിത്തുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് നഴ്സറികളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഇവയുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയില്ല. കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിലെ സ്ഥായിയായ വർദ്ധനവ് ആശ്രയിച്ചിരിക്കുന്നത് പുതുമയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ / തൈകൾ ഉചിതമായ സംവിധാനത്തിലൂടെ സമയബന്ധിതമായി കൃഷിക്കാരിൽ എത്തിക്കുന്നതിലാണ്. പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും സ്ഥാപനം വ്യതിചലിക്കാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഫാമിൽ നിന്ന് ഉൽപാദിപ്പിച്ച് കർഷകരിലേക്ക് എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>വാങ്ങിയതിനേക്കാൾ കുറഞ്ഞ നിരക്കിൽ നടീൽ വസ്തുക്കൾ വിൽക്കുന്നു.</u>

നടീൽ വസ്തുക്കൾ/ വിത്തുകൾ എന്നിവ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് നഴ്സറികളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം വാങ്ങി വിൽപ്പന നടത്തുമ്പോൾ അവ വാങ്ങിയതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിൽക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയ സ്ഥാപനം/ വ്യക്തികൾ | വാങ്ങിയ വില (രൂപ) | വിറ്റ വില (രൂപ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| 1. | പാഷൻ ഫ്രൂട്ട് തൈകൾ | കേരള കാർഷിക സർവകലാശാല മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ | 20 | 18 | 2 |
| 2. | കറിവേപ്പ് തൈകൾ | മുക്കം ആഗ്രോ ഏജൻസീസ് , മുക്കം | 20 | 15 | 5 |

മേൽപ്രകാരം കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിയതു വഴി ഫാമിന് നഷ്ടം സംഭവിക്കുന്നുണ്ട്. ഇപ്രകാരം വിൽപ്പന നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 22/2018-19/5.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. നടീൽ വസ്തുക്കൾ/വിത്തുകൾ മേൽ പ്രകാരം കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിയതിന് കാരണം വിശദമാക്കേണ്ടതാണ്.

1-12 പേരാമ്പ്ര സീഡ്ഫാം - അപാകതകൾ

## <u>(1) വിത്തുകൾ വിതരണം ചെയ്ത ഇനത്തിൽ 68,096/- രൂപ ഈടാക്കാൻ ബാക്കി</u>

പേരാമ്പ്ര വിത്തുൽപാദന കേന്ദ്രത്തിലെ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് പച്ചക്കറി/ നെൽ വിത്തുകൾ വിതരണം ചെയ്ത വകയിൽ 68,096/- രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം. / തീയതി | വിൽപന നടത്തിയ തുക | ഈടാക്കാൻ ബാക്കിയുള്ളത് | വിത്തുകൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|---|
| 1. | 5/22.05.2018 | 16,954 | 154 | കൃഷിഭവൻ, കിഴക്കോത്ത് |
| 2. | 9/25.05.2018 | 6,055 | 55 | കൃഷിഭവൻ, അഴിയൂർ |
| 3. | 10/25.05.2018 | 12,110 | 110 | കൃഷിഭവൻ, ചോറോട് |
| 4. | 11/25.05.2018 | 15,743 | 143` | കൃഷിഭവൻ, ഏറാമല |
| | | | | |

| | | | | |
|---|---|---|---|---|
| 5. | 12/25.05.2018 | 12,110 | 110 | കൃഷിഭവൻ, ഒഞ്ചിയം |
| 6. | 13/25.20.2018 | 14,532 | 132 | കൃഷിഭവൻ, വടകര |
| 7. | 33/01.06.2018 | 15,743 | 143 | കൃഷിഭവൻ, കൂത്താളി |
| 8. | 34/01.06.2018 | 15,743 | 143 | കൃഷിഭവൻ, കായണ്ണ |
| 9. | 35/01.06.2018 | 19,376 | 176 | കൃഷിഭവൻ, ചക്കിട്ടപ്പാറ |
| 10. | 36/01.06.2018 | 15,743 | 15,743 | കൃഷിഭവൻ, ചങ്ങരോത്ത് |
| 11. | 37/01.06.2018 | 32,697 | 297 | കൃഷിഭവൻ, നൊച്ചാട് |
| 12. | 38/01.06.2018 | 32,697 | 297 | കൃഷിഭവൻ, ചെറുവണ്ണൂർ |
| 13. | 46/05.06.2018 | 29,064 | 264 | കൃഷിഭവൻ, പേരാമ്പ്ര |
| 14. | 49/13.06.2018 | 2,422 | 22 | കൃഷിഭവൻ, അഴിയൂർ |
| 15. | 62/10.08.2018 | 5,700 | 5,700 | കൃഷിഭവൻ, ഉണ്ണികുളം |
| 16. | 87/25.10.2018 | 5,560 | 5,560 | കൃഷിഭവൻ, വടകര |
| 17. | 107/31.10.2018 | 5,560 | 5,560 | കൃഷിഭവൻ, അത്തോളി |
| 18. | 134/26.11.2018 | 5,560 | 5,560 | കൃഷിഭവൻ, ഉണ്ണികുളം |
| 19. | 136/21.11.2018 | 48,440 | 440 | കൃഷിഭവൻ, കൊടിയത്തൂർ |
| 20. | 142/06.12.2018 | 20,187 | 187 | കൃഷിഭവൻ, ആയഞ്ചേരി |
| 21. | 163/20.12.2018 | 19,800 | 19,800 | കൃഷിഭവൻ, ഉള്ളിയേരി |
| 22. | 178/07.02.2019 | 2,500 | 1,250 | കൃഷിഭവൻ, വില്ല്യാപ്പള്ളി |
| 23. | 179/07.02.2019 | 2,500 | 1,250 | കൃഷിഭവൻ, ചെറുവണ്ണൂർ |
| 24. | 180/07.02.2019 | 5,000 | 5,000 | കൃഷിഭവൻ, മണിയൂർ |
| ആകെ | | | 68,096 | |

മേൽ പട്ടികയിൽ നാമമാത്രമായ തുക ഈടാക്കാൻ ബാക്കിയായി കാണിച്ചിരിക്കുന്നത്, വിത്തുകൾ പായ്ക്ക് ചെയ്ത് കൊടുത്ത ചാക്കിന്റെ വിലയിനത്തിലുള്ളതാണ്. ചില സ്ഥാപനങ്ങൾ ചാക്കിന്റെ വിലയടക്കമുള്ള തുകയാണ് അടവാക്കിവരുന്നത്. വിത്തുകളുടെ വില കൃഷിവകുപ്പ് നിശ്ചയിച്ച് ഉത്തരവ് ഇറക്കാറുണ്ടെങ്കിലും പ്രസ്തുത വിലയിൽ പായ്ക്കിംഗ് ചാർജ്ജ് കൂടി ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ ഈ കാര്യത്തിൽ വ്യക്തത വരുത്തി, അതിനനുസരിച്ചുള്ള വില ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തിൽ വിത്തുകൾ വിതരണം ചെയ്ത വകയിൽ കുടിശ്ശികയായ 68,096/- രൂപ ബന്ധപ്പെട്ട സ്ഥാപങ്ങളിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (2)വാർഷിക പദ്ധതി 2018-19 - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് -സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര, വാർഷിക പദ്ധതി 2018-19

പ്രോജക്റ്റ് നമ്പർ - S 0012/19

അടങ്കൽ തുക - 10 ലക്ഷം രൂപ (തനത് ഫണ്ട്)

ചെലവ് തുക - 9,61,089 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര

അംഗീകാര ഉദ്യോഗസ്ഥൻ - ശ്രീമതി. പി. പ്രേമജ, പ്രിൻസിപ്പൽ കൃഷി ഓഫീസർ

## (4)ഗുണമേന്മ ഉറപ്പാക്കാതെ സ്വകാര്യ വ്യക്തികൾ/പൊതുമാർക്കറ്റിൽ നിന്നും തൈകൾ വാങ്ങി വിതരണം ചെയ്യുന്നു.

ഫാമിന്റെ നിലവിലെ പ്രവർത്തന രീതിയനുസരിച്ച് വിവിധയിനം നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തു വരുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ, ഔഷധച്ചെടികൾ, പച്ചക്കറിയിനങ്ങൾ എന്നിവയുടെ വിത്തുകളും തൈകളുമാണ് ഇപ്രകാരം കർഷകർക്ക് വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കൾ വിവിധ കൃഷിഭവനുകളിലൂടെയും ഫാമിലെ വിൽപന കൗണ്ടർ വഴി നേരിട്ടും കർഷകർക്ക് ലഭിക്കുന്നു. കർഷകർക്ക് നല്ലയിനം വിത്തിനങ്ങൾ/ തൈകൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണനിലവാരമുള്ള വിത്തുകൾ / തൈകൾ മാത്രമാണ് വിൽപന നടത്താൻ തെരഞ്ഞെടുക്കുന്നത്.

സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പേരാമ്പ്ര, വാർഷിക പദ്ധതി 2018-19 എന്ന പ്രോജക്റ്റ് പ്രകാരം 2018-19 വർഷം വിത്തുകൾ/ തൈകൾ എന്നിവ ക്വട്ടേഷൻ ക്ഷണിച്ച്, സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | വാങ്ങിയ സ്ഥാപനം/ വ്യക്തികൾ | എണ്ണം | വില/ യൂണിറ്റ് | ആകെ വില | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കുരുമുളക് വള്ളി | പോൾ കെ. സി, കൊക്കപ്പുഴ, കായണ്ണ പി. ഒ | 4,731 മീറ്റർ | 5/മീറ്റർ | 23,655 | 14.3.2019, 19.3.2019, 22.3.2019 തീയതികളിലെ ബില്ലുകൾ പ്രകാരം |
| 2. | വിവിധ പച്ചക്കറി വിത്തുകൾ | മുക്കം ആഗ്രോ ഏജൻസീസ്, മുക്കം | - | - | 18,817 | 21.9.2018 ലെ ബിൽ പ്രകാരം |
| 3. | പപ്പായ വിത്ത് | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | 1 പായ്ക്കറ്റ് | -- | 2,900 | 24.11.2018 ലെ ബിൽ പ്രകാരം |
| 4. | കറിവേപ്പ് തൈകൾ | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 1000 | 2.40 | 2,400 | 17.9.2018 ലെ ബിൽ പ്രകാരം |
| 5. | വിവിധ പച്ചക്കറി വിത്തുകൾ, പപ്പായ വിത്ത് | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട്. | - | -- | 9,945 | 17.4.2018 ലെ ബിൽ പ്രകാരം |
| 6. | വാളൻ പുളി വിത്ത് | ലോർഡ്സ് അഗ്രിക്കൾച്ചറൽ നഴ്സറി, തരുവണ | 25 കി. ഗ്രാം | 180 രൂപ | 4,500 | 10.4.2018 ലെ ബിൽ പ്രകാരം |

മേൽ പട്ടികയിൽ സൂചിപ്പിച്ച നടീൽ വസ്തുക്കൾ/ വിത്തുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് നഴ്സറികളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് ഉണ്ടായത്. ഇവയുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയില്ല. കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിലെ സ്ഥായിയായ വർദ്ധനവ് ആശ്രയിച്ചിരിക്കുന്നത് പുതുമയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ / തൈകൾ ഉചിതമായ സംവിധാനത്തിലൂടെ സമയബന്ധിതമായി കൃഷിക്കാരിൽ എത്തിക്കുന്നതിലാണ്. പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും സ്ഥാപനം വ്യതിചലിക്കാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഫാമിൽ നിന്ന് ഉൽപാദിപ്പിച്ച് കർഷകരിലേക്ക് എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 13/2018-19/12.02.2020).

1-13 തിക്കോടി തെങ്ങിൻതൈ വളർത്തു കേന്ദ്രം- അപാകതകൾ

## <u>(1)ഉൽപ്പന്നങ്ങളുടെ വിൽപ്പന – 83951/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു</u>.

തിക്കോടി തെങ്ങിൻ തൈ വളർത്തുകേന്ദ്രത്തിലെ വിൽപ്പന രേഖകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കേണ്ടിയിരുന്ന 83951/- രൂപ ഓഡിറ്റ് തീയതിയിലും ലഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | വിതരണം | ഇൻവോയിസ് | വിതരണം നടത്തിയ | നടീൽ വസ്തുക്കൾ | കുടിശ്ശിക |
|---|---|---|---|---|---|

| നമ്പർ | നടത്തിയ തീയതി | നമ്പർ | നടീൽ വസ്തുക്കൾ | വാങ്ങിയത് | വരുത്തിയ തുക |
|---|---|---|---|---|---|
| 1 | 15.11.2018 | 224/2018 | പച്ചക്കറി തൈകൾ - 4400എണ്ണം | കൃഷി ഭവൻ, പയ്യോളി | 9680 |
| 2 | 12.12.2018 | 229/2018 | പച്ചക്കറി തൈകൾ - 1900എണ്ണം | കൃഷി ഭവൻ, പയ്യോളി | 4180 |
| 3 | 29.5.2018 | 285/2018 | അലങ്കാര ചെടികൾ | എഞ്ചിനീയർ, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ | 5820 |
| 4 | 13.12.2018 | 235/2018 | അലങ്കാര ചെടികൾ | സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര | 4276 |
| 5 | 6.7.2018 | 61/2018 | WCT 52 | കൃഷി ഭവൻ, കിഴക്കോത്ത് | 2080 |
| 6 | 7.7.2018 | 62/2018 | WCT 32 | കൃഷി ഭവൻ, കൂടരഞ്ഞി | 1200 |
| 7 | 7.7.2018 | 60/2018 | WCT 89 | കൃഷി ഭവൻ, ഓമശ്ശേരി | 6675 |
| 8 | 7.7.2018 | 64/2018 | WCT 96 | കൃഷി ഭവൻ, കൊടുവള്ളി | 7200 |
| 9 | 7.7.2018 | 66/2018 | WCT 112 | കൃഷി ഭവൻ, മടവൂർ | 4200 |
| 10 | 7.7.2018 | 65/2018 | WCT 96 | കൃഷി ഭവൻ, താമരശ്ശേരി | 7200 |
| 11 | 7.7.2018 | 67/2018 | WCT 96 | കൃഷി ഭവൻ, കോടഞ്ചേരി | 3840 |
| 12 | 27.7.2018 | 118/2018 | WCT 240 | കൃഷി ഭവൻ, വൈത്തിരി | 2850 |
| 13 | 30.7.2018 | 128/2018 | WCT 100 | കൃഷി ഭവൻ, നെല്ലിപ്പള്ളി | 7500 |
| 14 | 6.8.2018 | 175/2018 | WCT 200 | കൃഷി ഭവൻ, ദേലംപാടി | 2250 |
| 15 | 9.8.2018 | 193/2018 | WCT 200 | കൃഷി ഭവൻ, കാഞ്ഞങ്ങാട് | 15000 |
| | | | ആകെ | | 83951 |

മേൽ തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുകകൾ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2018-19/13.01.2020).

## (2) തെങ്ങിൻ തൈ വിൽപ്പന - തുക കൃഷി വകുപ്പിൽ അടവാക്കുന്നു

കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടു കൂടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കൃഷിഫാമുകളുടെ നടത്തിപ്പു ചുമതല 18.9.1995 ലെ ജി.ഒ. (പി) 189/95/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. 27.2.2003 ലെ സ. ഉ. (ആർ.ടി.) നം.677/03/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കൃഷി ഫാമുകളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായി കണക്കാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 23.10.2003 ലെ 15523/ഡി. പി.1/03/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ സർക്കാർ ഇക്കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്.

എന്നാൽ കൃഷി വകുപ്പ് ഡയരക്ടറുടെ 8.2.2018 ലെ ടി.എച്ച്.(2)41730/17 നമ്പർ കത്തിൽ കൃഷി വകുപ്പിന്റെ തുക വിനിയോഗിച്ചാണ് വിത്തു തേങ്ങ സംഭരിക്കുന്നതെന്നും ആയതിനാൽ തെങ്ങിൻ തൈകളുടെ വില പ്രസ്തുത സ്കീമിന്റെ ശീർഷകത്തിലാണ് അടക്കേണ്ടതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം തെങ്ങിൻ തൈകളുടെ വില ജില്ലാ പഞ്ചായത്ത് ഫണ്ടിലും കൃഷി വകുപ്പിന്റെ സ്കീം ഹെഡിൽ ട്രഷറിയിലുമായി അടവാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക | 3,81,600 |
| കൃഷി വകുപ്പിന്റെ സ്കീം ഹെഡിൽ ട്രഷറിയിൽ അടച്ച തുക | 15,90,805 |
| ആകെ | 19,72,405 |

27.2.2003 ലെ സ. ഉ (ആർ.ടി.) നം.677/03/ത.സ്വ.ഭ.വ. നമ്പർ ഉത്തരവും 23.10.2003 ലെ 15523/ഡി. പി.1/03/ ത.സ്വ.ഭ.വ. നമ്പർ സ്പഷ്ടീകരണവും കണക്കിലെടുക്കാതെയാണ് കൃഷി വകുപ്പ് ഡയരക്ടർ 8.2.2018 ലെ ടി.എച്ച്.(2)41730/17 നമ്പർ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇപ്രകാരമുള്ള നിർദ്ദേശങ്ങളിലെ വൈരുദ്ധ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ ഉചിതമായ മാർഗ്ഗനിർദ്ദേശം തേടേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 4/2018-19/13.01.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-14 ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം - അപാകതകൾ

## (1) കൂത്താളി ഫാമിൽ നിന്നും കുടിശ്ശിക 13,478/- രൂപ ഈടാക്കിയതിന്റെ രേഖ ലഭ്യമല്ല

ചാത്തമംഗലം റീജ്യണൽ പൗൾട്രി ഫാമിൽ നിന്നും തുക പിന്നീട് അടവാക്കാമെന്ന വ്യവസ്ഥയിൽ 27.05.2014 ലെ 2/14-15 ഇൻവോയ്സ് പ്രകാരം 5,860 കി.ഗ്രാം കോഴിവളം, 13,478/- രൂപയ്ക്ക് കൂത്താളി കൃഷി ഫാമിന് വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് രജിസ്റ്റർ അനുസരിച്ച് മേൽ തുക കുടിശ്ശികയായാണ് കാണിച്ചിരിക്കുന്നത്. കോഴിവളത്തിന്റെ വിലയായ 13,478/- രൂപ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ നടപടിക്രമം ജില്ലാപഞ്ചായത്തിൽ നിന്നും താമസിയാതെ വാങ്ങി അയച്ചുതരാമെന്നും ജില്ലാ കൃഷി ഫാം, കൂത്താളി ഫാം സൂപ്രണ്ട്, പൗൾട്രി ഫാം അസിസ്റ്റന്റ് ഡയറക്ടർക്കയച്ച കത്തിൽ വ്യക്തമാക്കുന്നു (കത്ത് നം.എ : 212/15 തീയതി 15.06.2015). എന്നാൽ ആയത് കൂത്താളി ഫാമിൽ നിന്നും ലഭ്യമാക്കാത്തതിനാൽ പ്രൊസീഡിംഗ്സ് ആവശ്യപ്പെട്ടുകൊണ്ട് പൗൾട്രി ഫാം അസിസ്റ്റന്റ് ഡയറക്ടർ 16.07.2015 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചു. കൂടാതെ തുക അടവാക്കിയതിന്റെ വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക ഒടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 28.10.2015 നം (കത്ത് നം. എ.337/14) തുടർന്ന് 17.02.2017 വരെയുള്ള കാലയളവിൽ 5 കത്തുകളും കൂത്താളി ഫാം സൂപ്രണ്ടിന് അയച്ചിട്ടുണ്ട് . എന്നാൽ മറുപടി ലഭിച്ചതായി കാണുന്നില്ല. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 23.07.2015, 23.03.2016 എന്നീ തീയതികളിൽ ചേർന്ന ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

13,478/- രൂപ ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തുക അടവാക്കിയില്ലാത്ത പക്ഷം കൂത്താളി ഫാമിൽ നിന്നും ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## (2) കർഷകർക്കുള്ള പരിശീലന കേന്ദ്രം - പ്രവർത്തന സജ്ജമായില്ല

പ്രോജക്ട് - ആർ. പി. എഫ് ട്രെയിനിംഗ് സെന്ററിന്റെയും ഓഫീസിന്റെയും ഫർണിഷിംഗ്

പ്രോജക്ട് നമ്പർ - S0443/19

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് ഡയരക്ടർ, റീജ്യണൽ പോൾട്രി ഫാം, ചാത്തമംഗലം

അടങ്കൽ തുക -10,00,000/- രൂപ – ( തനത് ഫണ്ട് )

ചെലവ് തുക - 9,89,506/- രൂപ

അംഗീകരിച്ച് ഉദ്യോഗസ്ഥൻ - ഡോ. എ. സി. മോഹൻദാസ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പൗൾട്രി ഫാമിലെ ഓഫീസ് കം ട്രെയിനിംഗ് സെന്റർ ഫർണിഷിംഗ് ചെയ്യുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 9,89,506/- രൂപ ചെലവിൽ ഈ പ്രവൃത്തി കേരള സ്റ്റേറ്റ് റബ്ബർ കോ - ഓപ്പറേറ്റീവ് (റബ്കോ) എന്ന സ്ഥാപനം മുഖേന നടത്തിയിട്ടുണ്ട്. ആയതിൽ ട്രെയിനിംഗ് സെന്ററിലേക്കായി കസേരകൾ (41 എണ്ണം), ഫാക്കൽറ്റികൾക്കുള്ള കട്ടിൽ, മേശ എന്നിവ വാങ്ങിയത് ഉൾപ്പെടുന്നു. കൂടാതെ ഈ പ്രോജക്ട് പ്രകാരം സ്റ്റേജ്, പോഡിയം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് പാനലിംഗ്, എയർ കണ്ടീഷനിംഗ്, സൗണ്ട് സിസ്റ്റം എന്നീ പ്രവൃത്തികൾ കൂടി ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തികൾക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് (കെട്ടിട വിഭാഗം, കോഴിക്കോട് ) കത്ത് നൽകിയിട്ടുണ്ട് (കത്ത് നമ്പർ ബി. 194/18 തീയതി 15.5.2018). എന്നാൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം, കോഴിക്കോട്) നാളിതു വരെ ഇതിന് മറുപടി നൽകിയിട്ടില്ല. അടിയന്തിരമായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകേണ്ടതും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 15.5.2018 ന് ശേഷം നാളിതുവരെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 23/2018-19 തീയതി 5.3.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## (3)പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം മിച്ചം വന്ന തുക തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കി - ഫണ്ട് നഷ്ടം

പ്രോജക്ട് - ആർ. പി. എഫ് 4 പുതിയ ഷെഡുകളുടെ വൈദ്യുതീകരണം

പ്രോജക്ട് നമ്പർ - S 0418/19

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് ഡയരക്ടർ, റീജ്യണൽ പോൾട്രി ഫാം, ചാത്തമംഗലം

അടങ്കൽ തുക - 6,00,000 രൂപ – ( തനത് ഫണ്ട് )

ചെലവ് തുക - 5,45,625 രൂപ

അംഗീകരിച്ച ഉദ്യോഗസ്ഥൻ - ഡോ. എ. സി. മോഹൻദാസ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പൗൾട്രി ഫാമിലെ ഷെഡ് 1, ഷെഡ് 2 എന്നിവയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പി. ഡബ്ള്യു. ഡി. ഇലക്ട്രിക്കൽ ഡിവിഷൻ മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുവാനാണ് ഈ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തത്. ആയത് പ്രകാരം രണ്ട് ഷെഡുകൾക്കുമായി സെന്റേജ് ചാർജ്ജ് ഉൾപ്പടെ 5,45,625/- രൂപ 1.11.2018 ലെ ചെലാൻ പ്രകാരം പി. ഡബ്ള്യു. ഡി ഇലക്ട്രിക്കൽ ഡിവിഷന്റെ പേരിൽ ട്രഷറിയിൽ അടവാക്കി. പി. ഡബ്ള്യു. ഡി ഇലക്ട്രിക്കൽ ഡിവിഷൻ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുകയും 10.6.2019 ലെ ഇ.എൽ.2/1808/2016, ഇ.എൽ.2/1810/2016 നമ്പർ കത്തുകൾ പ്രകാരം പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കുകയും ചെയ്തു. ഈ കത്തിൽ പ്രവൃത്തി പൂർത്തിയാക്കിയതിന ശേഷം പ്രവൃത്തിക്കായി നിക്ഷേപിച്ച തുകയിൽ മിച്ചം വന്നുവെന്നും ആയത് തിരികെ നൽകുന്നതിനായി പൗൾട്രി ഫാമിന്റെ ബാങ്ക് / ട്രഷറി അക്കൗണ്ട്, ഐ. എഫ് . എസ്. സി. വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ കത്തിന് പൗൾട്രി ഫാമിൽ നിന്നും മറുപടി നൽകിയില്ല. പി. ഡബ്ള്യു. ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും ഇക്കാര്യത്തിൽ ഒരു ഓർമ്മപ്പെടുത്തൽ ഉണ്ടായതുമില്ല. തുടർന്ന് പി. ഡബ്ള്യു. ഡി ഇലക്ട്രിക്കൽ ഡിവിഷൻ ഏകപക്ഷീയമായി മിച്ചം വന്ന തുകയായ 71,650/- രൂപ 2403-00-911-99 എന്ന ഹെഡിൽ തിരിച്ചടയ്ക്കുകയായിരുന്നു (മൃഗസംരക്ഷണ വകുപ്പിന്റെ Recoveries of over payments എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ).

ഈ പ്രോജക്ടിന് തുക വകയിരുത്തിയതും ചെലവഴിച്ചതും കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ്. ആയതിനാൽ പ്രോജക്ടിൽ മിച്ചം വന്ന തുക തിരിച്ചടക്കേണ്ടത് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കാണ്. ഇക്കാരണത്താൽ മൃഗസംരക്ഷണ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ROP ആയി മേൽപ്രകാരം അടച്ച തുക തിരികെ ലഭ്യമാക്കി കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കുവാൻ പി. ഡബ്ള്യു. ഡി ഇലക്ട്രിക്കൽ ഡിവിഷന് നിർദ്ദേശം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 16/2018-19 തീയതി 28.02.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 71650/- രൂപ ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## (4) ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ചാത്തമംഗലം റീജ്യണൽ പൗൾട്രി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രഥമ യോഗം 21.06.2011 ന് ചേർന്നു. ജില്ലാപഞ്ചായത്ത് മെമ്പർ ചെയർമാനായും ഫാം അസിസ്റ്റന്റ് ഡയറക്ടർ കൺവീനറായും രൂപീകരിച്ച കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, അസിസ്റ്റന്റ് എഞ്ചിനീയർ, ഫാം വെറ്റിനറി സർജൻ, ഒരു ഫാം തൊഴിലാളി എന്നിവർ അംഗങ്ങളാണ്. ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

* 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകൾ കമ്മിറ്റിയിൽ അവതരിപ്പിച്ചില്ല.

* 2018-19 വർഷത്തിൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ഒരു യോഗം പോലും ചേർന്നില്ല. 23.01.2018 ന ശേഷം അടുത്ത യോഗം ചേർന്നത് ഒന്നര വർഷം പിന്നിട്ട് 26.09.2019 നാണ്. 23.01.2018 ന് നടന്ന യോഗത്തിൽ വിവിധ തീരുമാനങ്ങളെടുത്തെങ്കിലും ആയതിന്റെ പുരോഗതി പിന്നീട് നടന്ന യോഗത്തിൽ വിലയിരുത്തിയില്ല.

* മേൽ സൂചിപ്പിച്ച രണ്ട് യോഗങ്ങളിലും പ്രസ്തുത യോഗങ്ങൾ അവസാനിച്ചതിന്റെ വിവരം മിനട്സിൽ രേഖപ്പെടുത്തുകയോ ചെയർമാനോ കൺവീനറോ ഒപ്പുവെക്കുകയോ ചെയ്തില്ല.

* 2018-19 വർഷത്തിനു മുൻപ് നടന്ന വിവിധ യോഗങ്ങളിൽ ഉപയോഗ ശൂന്യമായ പഴയ ഹാച്ചറി കെട്ടിടം പരിശീലകർക്കുള്ള താമസ സൗകര്യത്തിനായി വിനിയോഗിക്കേണ്ടതാണെന്ന തീരുമാനം എടുത്തിരുന്നെങ്കിലും ആയതിന്റെ തുടർ നടപടിയെക്കുറിച്ച് പിന്നീട് നടന്ന യോഗങ്ങളിൽ ചർച്ച ചെയ്തില്ല.

ഫാമിന്റെ സമഗ്ര വികസനത്തിന് കൃത്യമായ ഇടവേളകളിൽ ഫാം മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരേണ്ടതും യോഗനടപടികളുടെ നടത്തിപ്പിന് നിയതമായ ഒരു രൂപരേഖ തയ്യാറാക്കേണ്ടതുമാണ്.

മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (5)രജിസ്റ്റർ / രസീത് സൂക്ഷിപ്പിലെ ന്യൂനതകൾ

ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാമിന്റെ രജിസ്റ്ററുകൾ, ക്യാഷ് ബുക്ക്, രശീതികൾ എന്നിവയുടെ പരിപാലനത്തിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കാഷ് ബുക്ക്

ഫാമുമായി ബന്ധപ്പെട്ട എല്ലാ വരവ് ചെലവ് കണക്കുകളും (ജില്ലാപഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും) ഒരു കാഷ് ബുക്കിൽ തന്നെയാണ് രേഖപ്പെടുത്തുന്നത്. ഇതു കൂടാതെ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും രേഖപ്പെടുത്തുന്നതിന് ഒരു സബ്സിഡിയറി രജിസ്റ്റർ പ്രത്യേകമായി സൂക്ഷിച്ച് വരുന്നു. പ്രധാന കാഷ് ബുക്കിൽ ദിവസേനയുള്ള ഇടപാടുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തുന്നതിന് പകരം സബ്സിഡിയറി രജിസ്റ്ററിലെ മുഴുവൻ വിവരങ്ങളും അതേപടി രേഖപ്പെടുത്തി കാണുന്നു.

2. ഡെയ് ലി രജിസ്റ്റർ, സെയിൽസ് രജിസ്റ്റർ

രസീതി പ്രകാരം വിൽപന നടത്തുന്ന ഇനങ്ങളുടെ ആകെ തുകയും രസീതി നമ്പറും എഴുതുന്ന രജിസ്റ്ററാണ് ഡെയ് ലി രജിസ്റ്റർ. ഈ വിവരത്തോടൊപ്പം വിൽപന നടത്തുന്ന ഇനങ്ങൾ, യൂണിറ്റ് നിരക്ക്, അളവ് എന്നിവ സെയിൽസ് രജിസ്റ്റർ എന്ന പ്രത്യേക രജിസ്റ്ററിലും രേഖപ്പെടുത്തുന്നു. ഒരു ദിവസം തന്നെ വളരെ കൂടുതൽ രസീതുകൾ കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ ഒരേ വിവരം തന്നെ രണ്ട് രജിസ്റ്ററുകളിലാക്കി സൂക്ഷിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. ആയതിനാൽ സെയിൽസ് രജിസ്റ്റർ എന്നത് 'ഡെയ് ലി രജിസ്റ്റർ / സെയിൽസ് രജിസ്റ്റർ" എന്നാക്കി മാറ്റി, മേൽ വിവരങ്ങൾ ഒരു രജിസ്റ്ററിൽ മാത്രം സൂക്ഷിക്കാവുന്നതാണ്.

3. രസീതികൾ

ജില്ലാപഞ്ചായത്ത് നൽകുന്ന രസീതി ബുക്കിലെ ഓരോ താളുകളിലും രസീതി എഴുതുന്ന ഉദ്യോഗസ്ഥൻ (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ) ഒപ്പുവെക്കുന്നുണ്ട്. ഇതു കൂടാതെ "പ്രസിഡണ്ട്" എന്നെഴുതിയ ഭാഗത്ത് ഫാമിന്റെ തലവനായ അസിസ്റ്റന്റ് ഡയറക്ടറും ഒപ്പ് വെയ്ക്കുന്നുണ്ട്. ഒരു ദിവസം തന്നെ വളരെ കൂടുതൽ ഇടപാടുകൾ നടക്കുന്നതിനാൽ ഓഫീസ് മേധാവി എല്ലാ രസീതിയിലും ഒപ്പ് രേഖപ്പെടുത്തുന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകും. ആയതിനാൽ ഓഫീസ് മേധാവി രസീതുകൾ റാൻഡമായി പരിശോധിച്ച് പിരിഞ്ഞ് കിട്ടിയ മുഴുവൻ തുകയും അടവാക്കി എന്ന് ഉറപ്പ് വരുത്തിയാൽ മാത്രം മതിയാകുന്നതാണ്.

### 1-15 കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ഓഫീസിൽ സി. സി. ടി. വി, ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് - സി. സി. ടി. വി, ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - S 0719/19

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്

അടങ്കൽ തുക - 3,00,000/- രൂപ – (തനത് ഫണ്ട് )

ചെലവ് തുക - 1) 79,565/- രൂപ (അഡ്വാൻസ് ) 25.9.2018 തീയതിയിൽ ഓൺലൈൻ ട്രാൻസ്ഫർ

2) 60,749/- രൂപ (ബാക്കി തുക ) 22.3.2019 തീയതിയിൽ ഓൺലൈൻ ട്രാൻസ്ഫർ

അംഗീകരിച്ച ഉദ്യോഗസ്ഥൻ - ശ്രീമതി. പി. മേരിക്കുട്ടി, പഞ്ചായത്ത് ഡയരക്ടർ

ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ച് കൊണ്ട് ബയോ മെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം ( പഞ്ചിംഗ് സിസ്റ്റം ) നടപ്പിലാക്കാൻ നിർദ്ദേശിച്ച് കൊണ്ട് 18.5.2018 ലെ സ. ഉ. ( എം. എസ് ) 108/18/പൊ. ഭ. വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ ബയോ മെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ച് ജീവനക്കാരുടെ ഹാജർ ഉറപ്പ് വരുത്തുന്നതിനും കൂടാതെ സി. സി. ടി. വി സ്ഥാപിച്ച് ഓഫീസ് പരിസരം നിരീക്ഷിക്കുന്നതിനുമായി ഒരു പ്രോജക്ട് തയ്യാറാക്കി. 2018-19 വർഷം ഈ പ്രോജക്ട് ഭാഗികമായി നടപ്പിലാക്കി. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ വന്ന അപാകതകൾ താഴെപ്പറയുന്നു.

<u>1. സി. സി. ടി. വി സ്ഥാപിച്ചില്ല</u>

പ്രോജക്ടിൽ സി. സി. ടി. വി സ്ഥാപിച്ച് ഓഫീസ് പരിസരം നിരീക്ഷിക്കുമെന്ന് പറഞ്ഞിട്ടുള്ളതല്ലാതെ സി. സി. ടി. വി സ്ഥാപിക്കുന്നതിനായി യാതൊരു നടപടികളും എടുത്തിട്ടില്ല. ഇപ്രകാരം സി. സി. ടി. വി സ്ഥാപിക്കാതെ പ്രോജക്ട് ഭാഗികമായി നടപ്പിലാക്കിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>2. സ്ഥാപിച്ച പഞ്ചിംഗ് സിസ്റ്റം പ്രയോജനപ്രദമായില്ല</u>

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേന 1,40,314/- രൂപ ചെലവിൽ ജില്ലാ പഞ്ചായത്തിൽ പഞ്ചിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതു കൊണ്ട് സ്ഥാപനത്തിന് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. നിലവിൽ ജീവനക്കാർ പഞ്ചിംഗ് മെഷീനിൽ ഹാജർ രേഖപ്പെടുത്തുന്നതോടൊപ്പം അറ്റൻഡൻസ് രജിസ്റ്ററിലും ഒപ്പു വെയ്ക്കുന്നു. ജീവനക്കാരുടെ ലീവ്, ശമ്പളം തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും അടിസ്ഥാന ഔദ്യോഗിക രേഖയായി കണക്കാക്കുന്നത് അറ്റൻഡൻസ് രജിസ്റ്റർ തന്നെയാണ്. 18.5.2018 ലെ സ. ഉ. (എം. എസ്) 108/18/പൊ. ഭ. വ ഉത്തരവിൽ സ്പാർക്കുമായി ബന്ധിപ്പിച്ച് കൊണ്ട് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കാനായിരുന്നു നിർദ്ദേശിച്ചത്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനമായ ജില്ലാ പഞ്ചായത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സ്ഥാപന സോഫ്റ്റ് വെയർ മുഖേനയാണ് ജീവനക്കാരുടെ ലീവ്, ശമ്പളം തുടങ്ങിയ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. നിലവിൽ ജില്ലാ പഞ്ചായത്തിൽ കെൽട്രോൺ സ്ഥാപിച്ച പഞ്ചിംഗ് സിസ്റ്റം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്ഥാപനയുമായി ബന്ധപ്പെടുത്താൻ കഴിയുമോ എന്ന് വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് ഇക്കാര്യം കെൽട്രോണുമായോ ഇൻഫർമേഷൻ കേരള മിഷനുമായോ ആരാഞ്ഞിട്ടില്ല. ഓഫീസിൽ സ്ഥാപിച്ച പഞ്ചിംഗ് സിസ്റ്റം പ്രയോജനപ്രദമാകണമെങ്കിൽ ആയത് ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്ഥാപനയുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. ആയതിനായി കെൽട്രോൺ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 11/2018-19/31.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 കൃത്യമായ പഠനമില്ലാതെയുള്ള പദ്ധതി രൂപീകരണം -പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ച്ചെലവ്

പ്രോജക്ട് : അഗസ്ത്യൻമുഴി സ്റ്റേഡിയം (നം. 682/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ തുക : 25,00,000/- രൂപ

ചെലവ് തുക : 3,13,403/- രൂപ ( പാർട്ട് ബിൽ നം. 350/18-19/28.03.2019 )

34,460/- രൂപ ( ഫൈനൽ ബിൽ നം. 1022/19-20/10.11.2019 )

ഇരുവഞ്ഞിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന സ്റ്റേഡിയത്തിൽ മഴക്കാലത്ത് വെള്ളം കയറുന്ന സ്ഥിതിയായതിനാൽ സൈഡ് വാൾ നിർമ്മിച്ച് മണ്ണിട്ട് ഉയർത്തുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത്. 2017-18 വർഷം രൂപീകരിച്ച ഈ ബഹുവർഷ പദ്ധതി (ആദ്യ വർഷം അടങ്കൽ 10,00,000/-, രണ്ടാം വർഷം 15,00,000/-) 2018 ഫെബ്രുവരി മാസത്തിൽ ടെണ്ടർ ചെയ്ത് 24.93 ശതമാനം കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത ശ്രീ.കെ. എം. ഗോപാലകൃഷ്ണന് നൽകാൻ തീരുമാനിച്ചു. എന്നാൽ ഈ കരാറുകാരന്റെ ലൈസൻസ് കാലാവധി പുതുക്കിയ രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യാൻ തീരുമാനിക്കുകയും, തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോസിയേഷനിലൂടെ, ആദ്യ കരാറുകാരൻ തയ്യാറായ നിരക്കിൽ പ്രവർത്തി ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും, ഇത് അംഗീകരിച്ച ശ്രീ. സണ്ണി ആക്കോൽ എന്നയാളുമായി 27.03.2018 ന് കരാറിലേർപ്പെടുകയും ചെയ്തു. 19,94,493/- രൂപ എസ്റ്റിമേറ്റ് വരുന്ന പദ്ധതി 14,97,283/- രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തു. എസ്റ്റിമേറ്റ് പ്രകാരം ആകെ എസ്റ്റിമേറ്റ് തുകയുടെ 84.4 ശതമാനം തുകയും മണ്ണിട്ട് കൊണ്ടുള്ള സബ് ഗ്രേഡ് നിർമ്മാണമാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 2018 ജൂൺ, ജൂലായ് മാസങ്ങളിൽ റൈറബിൾ ഉപയോഗിച്ചുള്ള സൈഡ് വാൾ നിർമ്മാണവും (ഏതാണ്ട് 190 മീറ്ററോളം നീളത്തിൽ 50 സെ. മീ. വീതിയും, ശരാശരി 50 സെ.മീ. ഉയരത്തിലും), അതിനു മുകളിൽ കോൺക്രീറ്റ് ബെൽറ്റ് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ മൂല്യം കണക്കാക്കി മേൽ ബിൽ പ്രകാരം ആദ്യ പാർട്ട് ബിൽ കരാറുകാരന് നൽകി. പിന്നീട് ഈ പദ്ധതി തുടർ വർഷത്തിലേയ്ക്ക് വന്നു. എന്നാൽ മുൻവർഷത്തിൽ ചെയ്ത പ്രവർത്തിയല്ലാതെ തുടർ പ്രവർത്തനങ്ങളൊന്നും നടന്നില്ല. ആദ്യ ബിൽ തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്ത ഒരിനത്തിന്റെ ബാക്കി തുക 34,460/- രൂപ 2019 നവംബർ മാസത്തിൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് നൽകി.

ഓഡിറ്റിന്റെ ഭാഗമായി 24.06.2020 ന് തിരുവമ്പാടി ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്റ്റേഡിയം നേരിൽ പരിശോധിച്ചു. അഗസ്ത്യൻമുഴി- തിരുവമ്പാടി പ്രധാന റോഡരുകിൽ റോഡ് ലെവലിൽ നിന്നും എട്ട് മീറ്ററോളം താഴ്ചയിൽ ഒഴുകുന്ന പുഴയുടെ തീരത്താണ് മൂന്നേക്കറിൽ കൂടുതലുള്ള ഈ സ്റ്റേഡിയം. പുഴയിൽ നിന്നും ശരാശരി രണ്ടു മീറ്റർ മാത്രം ഉയരത്തിലാണിത്. ഓഡിറ്റ് കാലയളവിൽ ചെയ്ത കല്ല് കെട്ട് നിർമ്മാണം ചിലയിടങ്ങളിൽ മാത്രം കാണാം. ഭൂരിഭാഗം സ്ഥലത്തും ഈ നിർമ്മിതി മണ്ണ് മൂടപ്പെട്ട നിലയിലാണ്. മുൻവർഷത്തെ പ്രളയത്തിൽ പുഴ കരകവിഞ്ഞപ്പോൾ അടിഞ്ഞതാണ് ഈ മണ്ണ്. ഈ കരിങ്കൽ കെട്ടിനും പുഴയ്ക്കും ഇടയിലായി മുൻവർഷങ്ങളിലെപ്പോഴോ നിർമ്മിച്ചിട്ടുള്ള മറ്റൊരു കരിങ്കൽ കെട്ടും, മൈതാനത്തിന്റെ ഒരറ്റത്തായി ഒരു തുറന്ന സ്റ്റേജും ഇവിടെയുണ്ട്. ഇവ ഏതു കാലയളവിൽ നിർമ്മിച്ചതാണെന്ന് വ്യക്തമല്ല. ഈ സ്റ്റേഡിയം നിലവിൽ ആർക്കും ഉപയോഗപ്പെടുത്താൻ സാധിക്കാത്ത വിധം കാട് കയറി കിടക്കുകയാണ്. ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത സ്റ്റേഡിയത്തിലെ നിർമ്മാണങ്ങൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് ആരാഞ്ഞതിന് ഈ പ്രദേശത്ത് മണ്ണ് നിറയ്ക്കുന്നതിനുള്ള അനുമതി ലഭിച്ചില്ലെന്നും ആയതിനാൽ പദ്ധതി നിർത്തി വയ്ക്കുകയായിരുന്നെന്നും സ്ഥല പരിശോധനയിൽ പങ്കെടുത്ത അസി. എഞ്ചിനീയർ അറിയിച്ചു.

സ്റ്റേഡിയം സ്ഥിതിചെയ്യുന്ന സ്ഥലം പുഴപുറമ്പോക്ക് ആണെന്നാണ് ഓഡിറ്റിനെ അറിയിച്ചത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും (പുറമ്പോക്ക് രജിസ്റ്റർ/ആസ്തി രജിസ്റ്റർ )പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുണ്ട്. സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചും വ്യക്തതയില്ല.

മേൽ വസ്തുതകളിൽ നിന്നും ശരിയായ പഠനങ്ങളില്ലാതെയാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആയതിനാൽ ഈ പ്രവർത്തിക്കായി ചെലവഴിച്ച തുക നിലവിൽ പാഴ്ചെലവായ സ്ഥിതിയിലാണ്. പദ്ധതി പ്രയോജനപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച ആകെ തുക 3,47,863/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി സ്റ്റേഡിയം പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നടപടി സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 41/18-19 തീയതി 25.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പ്രവൃത്തിയിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയത് മൂലം നഷ്ടം

പ്രോജക്ട് : മാവൂർ പഞ്ചായത്ത് സ്റ്റേഡിയം പൂർത്തീകരണം (നം.686/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ

അടങ്കൽ തുക : 10,00,000/- രൂപ

ചെലവ് തുക : 5,00,000/- രൂപ പാർട്ട് ബിൽ 2017-18 വർഷത്തിൽ

3,43,159/- രൂപ ബിൽ നം.26/18-19/27.7.18

2015-16 വർഷത്തിൽ നിർമ്മാണ പ്രവർത്തികൾ നടത്തിയ മാവൂർ പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ (ചെറൂപ്പ), (പ്രോ.നം.175/16) തുടർ പ്രവർത്തികൾക്കായി 2017-18 വർഷത്തിൽ വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ ചെയ്ത പ്രവർത്തിയായ ജി. ഐ. പോസ്റ്റുകളിൽ വയർ നെറ്റ് ഘടിപ്പിക്കുന്നതിനും, പോസ്റ്റുകൾ ഇല്ലാത്ത ഭാഗത്ത് ജി. ഐ പോസ്റ്റുകൾ ഉൾപ്പെടെ വയർ നെറ്റ് ഘടിപ്പിക്കുന്നതിനും പ്രധാന പരിഗണന നൽകി കൊണ്ടും, കരിങ്കല്ല് ഉപയോഗിച്ച് കുറഞ്ഞ ഭാഗം ഗാലറി നിർമ്മിക്കുന്നതിനുമാണ് തൻവർഷം പദ്ധതി രൂപീകരിച്ചത്.

2015-16 വർഷത്തിൽ വിഭാവനം ചെയ്ത നടപ്പാക്കിയ ഈ സ്റ്റേഡിയത്തിന്റെ പ്രവൃത്തിയിൽ പ്രധാനമായും ചെയ്തത് ഗ്രൗണ്ടിനു ചുറ്റും 1 മീറ്റർ ഉയരത്തിൽ ഇരിക്കാനുള്ള സൗകര്യത്തോടു കൂടിയ ചുറ്റുമതിലും, റോഡ് അതിരിനോട് ചേർന്ന് ആർ.സി.സി. ഗാലറിയും, റെയിലിംഗും, ജി. ഐ പോസ്റ്റുകളും, ബാക്കി തുകയ്ക്ക് നെറ്റ് പിടിപ്പിക്കലുമായിരുന്നു. ആദ്യ പദ്ധതിയിൽ പതിനഞ്ചാമത്തെ ഇനമായ നെറ്റ് പിടിപ്പിക്കുന്ന പ്രവർത്തി ഉൾപ്പെടുത്തി 143.7 ച. മീ വിസ്തൃതിയിൽ ആയത് ചെയ്തിട്ടുണ്ട് (എം. ബുക്ക് നം.415/15-16, പേജ് 37). ബാക്കി വരുന്ന വിസ്തൃതിയിലാണ് പുതിയ പ്രോജക്ടിൽ നെറ്റ് പിടിപ്പിക്കുന്നത്.

രണ്ടു വർഷങ്ങളിലേയും പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ മേൽ വിവരിച്ച നെറ്റ് ഘടിപ്പിക്കുന്ന പ്രവർത്തിയ്ക്ക് വ്യത്യസ്ത ഇനമാണ് (ഡാറ്റ) രണ്ടു എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ആദ്യ പ്രോജക്ട് 2015-16 എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രൈസ് സോഫ്റ്റ് വെയറിലല്ല | രണ്ടാമത്തെ പ്രോജക്ട് |
|---|---|
| Welded steel wire fabric of required width having rectangular mesh painted with two or more coats of enamel paint of approved shade over a coat of primer.<br><br>നിരക്ക് - 91.22രൂ/1kg<br>ഈയിനം DAR ൽ ഐറ്റം 16.15.2 ആയി ഉൾപ്പെട്ടിട്ടുണ്ട്. നിരക്ക് 85.37 രൂപ/kg | ഇനം നമ്പർ 16.70.1<br><br>Providing and fixing G.I chain link fabric fencing of required width in mesh size 50x50mm including strengthening with 2mm dia wire or nuts, bolts washers as required complete as per the direction of Engineer in charge. Made of G.I wire of dia 4mm.<br><br>നിരക്ക് - 798.51 രൂപ/ച. മീ. |

ഓഡിറ്റിന്റെ ഭാഗമായി 24.06.2020 ന് മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പ്രസ്തുത സ്റ്റേഡിയം നേരിൽ സന്ദർശിച്ച് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ സ്റ്റേഡിയത്തിന്റെ മുഴുവൻ ചുറ്റളവിലും എസ്റ്റിമേറ്റിന് വിരുദ്ധമായി ഒരേ നെറ്റ് ഉപയോഗിച്ചാണ് ഫെൻസിംഗ് നടത്തിയിരിക്കുന്നത്. ഈ നെറ്റ് ആദ്യ എസ്റ്റിമേറ്റിൽ വിവരിക്കും പ്രകാരമുള്ള വെൽഡഡ് സ്റ്റീൽ വയർ ഉപയോഗിച്ചുള്ള മെഷ് വർക്കാണ്. ഇത് ജി.ഐ. പോസ്റ്റുകളിൽ നൽകിയിട്ടുള്ള സ്റ്റീൽ ഫ്രെയിമിൽ വെൽഡ് ചെയ്ത് ഉറപ്പിച്ച രീതിയിലാണ്.

അളവു പുസ്തകം 124/17-18 പേജ് 10, 11 എന്നിവ പ്രകാരം രണ്ടാമത്തെ പ്രോജക്ടിൽ ആകെ 790.62 ച. മീ. വിസ്തൃതിയിൽ നെറ്റ് ഘടിപ്പിച്ചിട്ടുണ്ട്. ഇതിന് കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കായ 733.51 രൂപ നിരക്കിൽ ആകെ 5,79,927.68 രൂപ നൽകി (പേജ് 12). മുകളിൽ വിവരിച്ച രീതിയിൽ സ്റ്റേഡിയത്തിൽ ചെയ്തിരിക്കുന്നത് ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ രീതിയുള്ള നെറ്റിന്റെ പ്രവർത്തിയാണ്. പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ തെറ്റായ ഇനം ഉൾപ്പെടുത്തി തുക നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം DAR ൽ (പ്രൈസ് സോഫ്റ്റ് വെയറിലും) ഇനം നമ്പർ 16.15.2 ആയി നിലവിലുണ്ട്. ഇതുൾപ്പെടുത്താതെ ഗാൽവനൈസ്ഡ് വയർ ഉപയോഗിച്ചുള്ള ഫെൻസിംഗ് ഉൾപ്പെടുത്തി, ചെയ്യാത്ത പ്രവർത്തിയുടെ തുക നൽകിയതിലൂടെ 99418.68 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഐറ്റം നമ്പർ 16.15.2 ന്റെ നിരക്ക് (42.16% കോസ്റ്റ് ഇൻഡക്സ് നിരക്കിൽ) | 85.37 രൂപ/kg |

| | |
|---|---|
| Welded steel wire fabric of required width having rectangular mesh painted with two or more coats of enamel paint of approved shade over a coat of primer.(ഒരു ച.മീ. ചെയ്യാൻ 7.75kg എന്ന തോതിൽ) | |
| ആകെ ചെയ്ത വിസ്തൃതി | 790.62 ച.മീ. |
| കരാറുകാരൻ ഏറ്റെടുത്ത നിരക്ക്<br>ശ്രീ. അലവി.ഇ.എ | 8.14% കുറവ് എസ്റ്റിമേറ്റ് പി.എ.സി. – 9,99,570/-രൂപ<br><br>എഗ്രീഡ് പി.എ.സി. - 9,18,215/- രൂപ |
| കരാറുകരന് നൽകേണ്ട തുക | 790.62 x 7.75 x 85.37 = 5,23,088/- രൂപ<br><br>ടെണ്ടർ കുറവ് 8.14% = 42,579.36/- രൂപ<br><br>അർഹമായ തുക = 4,80,508.64 =4,80,509/- രൂപ |
| കരാറുകാരന് അധികം നൽകിയത് | 5,79,927.68 - 4,80,509 = 99,419 രൂപ |

DAR ലെ ഐറ്റം പ്രകാരം ഒരു ച. മീ. വിസ്തൃതിയിലുള്ള നെറ്റിനുപയോഗിക്കുന്ന ഇരുമ്പിന്റെ ഭാരം 7.75 kg ആണ്. സ്റ്റേഡിയം നേരിൽ പരിശോധിച്ചതിൽ പ്രവർത്തിക്കുപയോഗിച്ച നെറ്റ് ഈ നിലവാരം/ളുക്കം ഇല്ലായെന്ന് കണ്ടു. ആയതിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടതും നിലവാരം കുറവാണെങ്കിൽ യഥാർത്ഥത്തിൽ ഉപയോഗിച്ച ഇരുമ്പിന്റെ ഭാരം കണക്കാക്കി, ആയതിന് അനുസരിച്ചുള്ള വില മാത്രം കരാറുകാരന് അനുവദിക്കേണ്ടതുമാണ്.
ഇത്തരത്തിൽ തെറ്റായ ഇനം ഉൾപ്പെടുത്തുകയും / യഥാർത്ഥത്തിൽ ചെയ്ത പ്രവർത്തിയ്ക്ക് തുക നൽകാതെ അനർഹമായി മറ്റൊരു ഇനത്തിന്റെ നിരക്കിൽ തുക കണക്കാക്കി കരാറുകാരന് അധിക തുക നൽകാനുണ്ടായ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ( ഓഡിറ്റ് എൻക്വയറി നമ്പർ 38/18-19 എ തീയതി 25.6.2020 )

കരാറുകാരന് അധികമായി നൽകിയ തുക 99,419/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക അളവ് രേഖപ്പെടുത്തിയ മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ നടത്തിയ കുന്ദമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-18 സർക്കാർ അനുമതിയില്ലാതെ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്ട് പേര്/നമ്പർ | സുഭിക്ഷ - വനിത തൊഴിൽ പരിശീലന കേന്ദ്രം ( 806/18-19 ) |
| അടങ്കൽ തുക,<br>എം. ബുക്ക് നം. | 10 ലക്ഷം ( വികസന ഫണ്ട് )<br>എം. ബുക്ക് നം. 146/17-18 |
| ചെലവ് തുക | 9,87,298/- രൂപ ( ബിൽ നം. 385/22.03.2019 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ സുഭിക്ഷ വുമൺ എംപ്ലോയ്മെന്റ് ട്രെയിനിംഗ് സെന്റർ കെട്ടിടം പുതുതായി നിർമ്മിക്കാൻ വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. നിലവിലുള്ള സുഭിക്ഷ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് മുകളിലായി പുതിയ മീറ്റിംഗ് ഹാൾ നിർമ്മിക്കാൻ വേണ്ട ആർ.സി.സി പില്ലർ, ചെങ്കൽ ഭിത്തി, മുതലായവയ്ക്കുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. 16.02.2018 ന് ആരംഭിച്ച പ്രവൃത്തി 30.01.2019 ന് പൂർത്തിയാക്കുകയും കരാറുകാരനായ ഒ. എം സ്വരാജിന് 9,37,810/- രൂപ നൽകുകയും ചെയ്തു.

കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹായത്തോടെ പത്ത് കോടിയിലധികം രൂപ ചെലവഴിച്ച്, പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ 700 സ്വാശ്രയ ഗ്രൂപ്പുകളിൽപ്പെടുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 7,000 ത്തോളം

കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കുന്നതിനും സ്ത്രീ ശാക്തീകരണം ലക്ഷ്യം വെച്ചും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് "സുഭിക്ഷ". ഡി.പി.ആർ പ്രകാരം പ്രോജക്റ്റിന്റെ കാലാവധി 31.12.2019 നാണ് അവസാനിക്കുന്നതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും 13.06.2007 ന് തന്നെ ഒരു പ്രൊഡ്യൂസർ കമ്പനി കരാർ വെച്ച് ഏറ്റെടുത്തു. 2015 മുതൽ 2018 വരെയുള്ള കാലയളവിൽ, "സുഭിക്ഷ" സ്പെഷൽ ഓഡിറ്റിന്റെ ഭാഗമായി, വിവിധ ഘട്ടങ്ങളിലായി പദ്ധതി ആരംഭിച്ചതു മുതലുള്ള രേഖകൾ പരിശോധിച്ചതിലും സുഭിക്ഷയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ചും ആനുകൂല്യങ്ങൾക്കായി തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ നേരിൽ കേൾക്കുകയും ചെയ്തതിൽ പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യമായ ദാരിദ്ര്യ ലഘൂകരണം കൈവരിച്ചില്ലെന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിരുന്നു. കൂടാതെ ഭൂരിഭാഗം സ്വാശ്രയ ഗ്രൂപ്പുകളും സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിയുടെ ഭാഗമല്ലാതായി മാറുകയും ചെയ്തു. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ഒരു ഉപദേശക സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് [സ.ഉ. (സാധാ നം. 3080/2017/തസ്വഭവ തീയതി 18.09.2017)].

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 27/18-19 തീയതി 18.6.2020 ) ജില്ലാ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ താഴെ പറയുന്ന കാരണങ്ങളാൽ സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകിയ ഇനത്തിലുള്ള 9,87,298/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

1. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച സുഭിക്ഷ പദ്ധതിയുടെ വിപുലീകരണത്തിന് ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല. പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയിൽ തീരുമാനമെടുത്തിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിയിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുന്നില്ല.

3. സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ ഒരു പ്രൊഡ്യൂസർ കമ്പനിക്ക് പൊതുഫണ്ട് നൽകിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ സുഭിക്ഷയുടെ ആരംഭ ഘട്ടത്തിലുണ്ടായിരുന്ന മുഴുവൻ സ്വാശ്രയ സംഘങ്ങളെയും ഉൾപ്പെടുത്തിയല്ല നിലവിൽ പ്രൊഡ്യൂസർ കമ്പനി പ്രവർത്തിച്ചു വരുന്നത്.

4. മേൽ പറഞ്ഞ പ്രോജക്റ്റ് നടപ്പിലാക്കുന്നതു മൂലം പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.

5. കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 173, 5ാം പട്ടികയിലെ ജില്ലാ പഞ്ചായത്തിന്റെ പൊതുമരാമത്ത് ചുമതലകൾ എന്നിവ പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. എന്നാൽ സുഭിക്ഷ അത്തരത്തിൽ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ ഒരു സ്ഥാപനമല്ല. അതേപോലെ ദാരിദ്ര്യ നിർമ്മാർജ്ജന ചുമതലകളിൽ ജില്ലാ പഞ്ചായത്തിന് സ്വയം തൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്. എന്നാൽ "സുഭിക്ഷ" പദ്ധതിയുടെ ഓഡിറ്റ് വേളയിൽ ദാരിദ്ര്യ ലഘൂകരണ പരിപാടികൾ ഫലപ്രദമായി നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

### 1-19 റോഡ് നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു - പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് പാർട്ട് ബിൽ തുക കരാറുകാരന് നൽകി.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | മഠത്തിൽ താഴെ എടച്ചും പുറത്ത് ജംഗ്ഷൻ റോഡ്, കീഴരിയൂർ, മേലടി ബ്ലോക്ക് പഞ്ചായത്ത് (590/17) |
| അടങ്കൽ തുക<br>എം. ബുക്ക് നം | 30 ലക്ഷം (വികസന ഫണ്ട്)<br>എം. ബുക്ക് നം. 20/16-17 |
| ചെലവ് തുക | 9,12,131/- (പാർട്ട് ബിൽ), ബിൽ നം. 198/16-17 തീയതി 28.3.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാർ നം. | EE/LSGD/340/16-17/27.02.2017 |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2016-17 പദ്ധതിയിൽ ഉൾപ്പെട്ട കീഴരിയൂർ ഗ്രാമ പഞ്ചായത്തിലെ മഠത്തിൽ താഴെ എടച്ചും പുറത്ത് ജംഗ്ഷൻ റോഡ് എസ്റ്റിമേറ്റ് പ്രകാരം പോട്ട് ഹോൾ ഫില്ലിംഗ്, 1,800 മീ. റോഡ് റീ ടാറിംഗ്, 975 മീറ്റർ ഐറിഷ് ഡ്രെയിൻ (ഇരു വശവും ഉൾപ്പടെ) നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയത്. പ്രസ്തുത നിർമ്മാണ

പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത ശ്രീ. ലിവി. പി. വർഗ്ഗീസ് എന്ന കരാറുകാരൻ ഐറിഷ് ഡ്രെയിന്റെ പ്രവൃത്തി മാത്രം നടത്തുകയും എല്ലാ കിഴിവുകളും വരുത്തി പ്രവൃത്തിയുടെ പാർട്ട് ബിൽ തുകയായി 8,34,601/- രൂപ 28.03.2017 ന് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലൂടെ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 30.11.2017 ന് കരാറുകാരന് അയച്ച കത്തിൽ (നം. എ.ഇ.ഇ/എം.ബി.പി/ ജനറൽ/17), നാളിതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല എന്നും സ്പിൽ ഓവർ പ്രവൃത്തികൾ ഡിസംബർ 30 നകം പൂർത്തീകരിക്കണമെന്ന് ഉത്തരവുള്ളതായും അറിയിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയം ഉന്നയിച്ച് കൊണ്ട് 25.05.2017, 28.11.2017 എന്നീ തിയതികളിൽ കരാറുകാരന് കത്തയച്ചതായും സൂചിപ്പിക്കുന്നു. 30.11.2017 ലും ആരംഭിക്കാത്ത പ്രവൃത്തിക്ക് പാർട്ട് ബിൽ തുക 28.03.2017 ന് നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല.

2) എസ്റ്റിമേറ്റ് പ്രകാരം 1,800 മീറ്റർ നീളത്തിൽ ചിപ്പിംഗ് കാർപ്പെറ്റും ടാറിംഗും ചെയ്യേണ്ടതുണ്ട്. ഈ ചെയ്നേജിനുള്ളിൽത്തന്നെയാണ് ഐറിഷ് ഡ്രെയിനിന്റെ നിർമ്മാണവും നടക്കേണ്ടത്. റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് തന്നെ ഐറിഷ് ഡ്രെയിനിന്റെ നിർമ്മാണം നടത്തിയതെങ്ങനെയെന്ന് വ്യക്തമല്ല.

3) പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നിയമപരമായ നടപടി സ്വീകരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട്, ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2018 ലെ 6/18(11) തീരുമാനത്തെത്തുടർന്ന്, എക്സിക്യൂട്ടീവ് എഞ്ചിനീയർ 02.03.2018 ന് കരാറുകാരന് കത്തയച്ചിരുന്നു. കൂടാതെ ഭരണസമിതിയുടെ 31.05.2018 ലെ 34/18(3)(ബി) തീരുമാന പ്രകാരം കരാറുകാരന് എതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇവയുടെ തുടർനടപടികളുടെ വിവരം ലഭ്യമല്ല.

4) മേൽ സാഹചര്യത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി)13/2012/ പി.ഡബ്ല്യു.ഡി/01.02.2012) സെക്ഷൻ നം. 2116.1, 2116.2, 2116.2.1 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

5) മഠത്തിൽ താഴെ എടച്ചം പുറത്ത് ജംഗ്ഷൻ റോഡ് നിർമ്മാണം പൂർത്തിയായതിന്റെയോ റോഡിന്റെ നിലവിലുള്ള അവസ്ഥയുടെയോ വിവരം ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 27/18.06.2020) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച് വ്യക്തതയില്ലാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 9,12,131/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-20 പദ്ധതി നിർവ്വഹണത്തിൽ കാലതാമസം - മൂന്നര വർഷം പിന്നിട്ടിട്ടും പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് : മോഡൽ സ്കൂൾ- ജി.എച്ച്.എസ്.എസ്, അത്തോളി (618/19)

അടങ്കൽ തുക : 5,00,000/- രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് തുക : 1,08,752/- രൂപ (ബിൽ നം. 5/18-19/29.5.18)

അത്തോളി ജി.എച്ച്.എസ്. സ്കൂളിലെ ഗേറ്റിന്റേയും, വഴിയുടേയും പുനരുദ്ധാരണത്തിനായി 2014-15 വർഷത്തിൽ 5,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി പ്രസ്തുത വർഷത്തിൽ സ്കൂൾ പ്രിൻസിപ്പാൾ കൺവീനർ ആയ ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിക്കുകയും 20.1.2015 ന് കരാറിലേർപ്പെടുകയും ചെയ്തു. മെഷർമെന്റ് പുസ്തകം 208/14-15 പ്രകാരം പ്രവൃത്തികൾ 10.2.2015 ന് ആരംഭിച്ച് അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ പദ്ധതി പൂർത്തീകരിച്ച് അന്തിമ ബിൽ നൽകിയിരിക്കുന്നത് 2018-19 കാലഘട്ടത്തിലാണ്. പദ്ധതിയുടെ നാൾ വഴികൾ ചുവടെ കൊടുക്കുന്നു.

- അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം 2015 ഫെബ്രുവരി മാസത്തിൽ പ്രവൃത്തി ആരംഭിച്ച് 7.9.2015 വരെ പ്രവൃത്തികൾ തുടർന്നതായി കാണാം. ഇതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത മൂന്നു എക്സ്ട്രാ ഇനങ്ങളുടെ പ്രവൃത്തിയും നടന്നിട്ടുള്ളതായി അളവുപുസ്തകം പേജ് 7, 11, 12, 13 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടന്നിരിക്കുന്നത് 2015 ഏപ്രിൽ, മെയ്, ജൂലായ് എന്നീ മാസങ്ങളിലാണ്. എക്സ്ട്രാ ഇനങ്ങളുടെ പ്രവൃത്തി നടക്കുമ്പോൾ ആദ്യ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നില്ല.

- സെപ്റ്റംബർ മാസം വരെ നടത്തിയ പ്രവൃത്തികളുടെ മൂല്യം കണക്കാക്കി 18.1.2016 ന് അത്തോളി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ആദ്യ പാർട്ട് ബിൽ തയ്യാറാക്കി പന്തലായനി അസി. എക്സി. എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട് (എം.ബുക്ക് പേജ് 25). എന്നാൽ ഈ തുക ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് അനുവദിച്ചത് 2017 ഫെബ്രുവരി മാസത്തിലാണ്.

- ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി എക്സി. എഞ്ചനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചിരിക്കുന്നത് 8.7.2016 ലെ ഡി2/254/15 നമ്പർ കത്തിലൂടെയാണ്. അതായത് പ്രവൃത്തി നടത്തി ഒരു വർഷത്തിനു ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി തേടുന്നത്.

- പുതുക്കിയ എസ്റ്റിമേറ്റിനൊപ്പമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളത് സ്കൂളിന്റെ കവാടത്തിനടുത്തുള്ള ചുറ്റുമതിലിന്റെ കരിങ്കൽ കെട്ട് പൊളിച്ച് പുതുതായി നിർമ്മിക്കുന്നതിനും, സ്കൂൾ കോമ്പൗണ്ടിനുള്ളിലെ ഡ്രൈനേജ് സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനാണ് അപേക്ഷിച്ചതെന്നും, ഇതിനായി ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന കവാടത്തിന്റെ ട്രസ് വർക്ക്, ഓട് പാകൽ, പെയിന്റിംഗ് എന്നിവ ഒഴിവാക്കുന്നു എന്നുമാണ്.

- 26.10.2016 ന് സ്കൂൾ പ്രിൻസിപ്പാൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഒരു കത്തിൽ പ്രവർത്തിയുടെ കാലതാമസത്തിനുള്ള കാരണങ്ങൾ വിവരിച്ചു കൊണ്ട്, പൂർത്തീകരണ കാലാവധി 31.3.2017 വരെ നീട്ടി നൽകാൻ അപേക്ഷിക്കുകയും, ഇത് അംഗീകരിച്ച് 18.11.2016 ന് സപ്ലിമെന്റൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു.

- എന്നാൽ തുടർന്നുള്ള പ്രവർത്തികൾ ഈ പദ്ധതിയിൽ നടക്കുന്നത് 07.09.2017 മുതൽ 03.11.2017 വരെയാണ് (എം. ബുക്ക് പേജ് നം. 27).

- 2017 നവംബർ മാസം പണി പൂത്തീകരിച്ചെങ്കിലും പ്രവർത്തിയുടെ മൂല്യം കണക്കാക്കി അത്തോളി അസി.എഞ്ചിനീയർ ഫൈനൽ ബിൽ തയ്യാറാക്കിയത് 14.03.2018 നാണ്. തുടർന്ന് പന്തലായനി അസി. എക്സി. എഞ്ചിനീയർ 28.03.2018 ന് എക്സി. എഞ്ചിനീയർക്ക് സമർപ്പിച്ചു.

- സാമ്പത്തിക വർഷാവസാനമായതിനാൽ ബിൽ തുക മാറാൻ കഴിഞ്ഞില്ല. തുടർന്നുള്ള വർഷത്തിൽ (2018-19) ബിൽ തുക കൺവീനർക്ക് നൽകി.

- 2014-15 വർഷത്തിൽ വിഭാവനം ചെയ്ത ഈ പ്രോജക്ട് 2015-16, 2016-17 വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടായി കൊണ്ടുവന്നു. 2017-18 വർഷത്തിൽ ഇത് പുതിയ പ്രോജക്ടായി വീണ്ടും ഉൾപ്പെടുത്തുകയും തുടർന്ന് 2018-19 വർഷത്തിൽ സ്പിൽ ഓവറായി തുക നൽകുകയും ചെയ്തു.

മുകളിൽ വിവരിച്ച പ്രകാരം ചെറിയ അടങ്കലിലുള്ള ഒരു പദ്ധതി ഭാഗികമായി പൂർത്തീകരിക്കാൻ നാലു വർഷമെടുത്തു. സാങ്കേതിക പരിജ്ഞാനം അനിവാര്യമായ ഒരു പദ്ധതി നടപ്പാക്കാൻ സ്കൂൾ പി.ടി.എ. യെ ഏൽപ്പിച്ചതും, പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി യഥാസമയം വിലയിരുത്താത്തതും ഈ പദ്ധതിയുടെ കാലതാമസത്തിന് കാരണമായിരിക്കുന്നു. 19.03.2018 ൽ അത്തോളി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ ബിൽ തയ്യാറാക്കി നൽകിയ കത്തിൽ നിർദ്ദിഷ്ട സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കി തുക നൽകാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല.

നിർവ്വഹണ കമ്മിറ്റി കൺവീനർക്ക് ഫൈനൽ ബിൽ കണക്കാക്കി നൽകിയിരിക്കുന്നത് താഴെ കൊടുക്കും വിധമാണ്,

| | |
|---|---:|
| ആകെ പ്രവർത്തി മൂല്യം | 4,71,309 |
| ആദ്യ ബിൽ തുക | 3,62,557 |
| ബാക്കി | 1,08,752 |
| റിക്കവറികൾ ഇൻകം ടാക്സ്<br>കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്<br>റീടെൻഷൻ 25% | 2,052<br>1,026<br>27,188<br>30,266 |
| കൺവീനർക്ക് നൽകേണ്ട തുക | 78,486 |

മുകളിൽ വിവരിച്ചതിൽ കൺവീനർക്ക് നൽകുന്ന തുകയിൽ നിന്നും കുറവു വരുത്തിയതിൽ 25% റീടെൻഷൻ എന്താണെന്ന് വ്യക്തമല്ല.

പദ്ധതി നിർവ്വഹണത്തിൽ വന്ന കാലതാമസത്തിനും ഫൈൻ ഈടാക്കാതെ തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-21 മാമ്പിലാക്കൽ സ്റ്റേഡിയം പൂർത്തീകരണം - കോൺക്രീറ്റ് പ്രവർത്തിയിൽ അവ്യക്തത

പ്രോജക്ട് നമ്പർ: 685/19

പ്രോജക്ട് : മാമ്പിലാക്കൽ സ്റ്റേഡിയം പൂർത്തീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ തുക : 15,00,000/- രൂപ (ഒന്നാം വർഷം 5,00,000/-, രണ്ടാം വർഷം 10,00,000/-)

ചെലവ് തുക : 9,98,620/- രൂപ

മുൻവർഷത്തിൽ മറ്റൊരു പ്രോജക്ട് മുഖേന പുഴ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്റ്റേഡിയത്തിന്റെ 70 മീറ്റർ വരുന്ന സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ബാക്കി വരുന്ന 60 മീറ്റർ നീളത്തിലുള്ള സംരക്ഷണഭിത്തിയുടെ നിർമ്മാണവും, സ്റ്റേഡിയം ലെവൽ ചെയ്യുന്നതിന് മണ്ണ് ഫില്ലിംഗും ആണ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കുന്നത് ഒന്നാം ഘട്ട നിർമ്മാണം നടത്തിയിട്ടുള്ള അതേ വീതിയിലും, ഉയരത്തിലും, നിർമ്മാണ രീതിയിലുമാണ് പൂർത്തീകരണത്തിന് തയ്യാറാക്കിയ പദ്ധതി എസ്റ്റിമേറ്റിലും പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാണ്.

എന്നാൽ ഈ രണ്ടു പദ്ധതികൾ പരിശോധിച്ചപ്പോൾ രണ്ടു പ്രോജക്ടിലും മൂന്നു തട്ടുകളിലായി ഡ്രൈറബിൾ ഭിത്തി കെട്ടി, ഒരോ കെട്ടിനു മുകളിലും റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ബെൽറ്റ് നൽകിയിട്ടുണ്ടെങ്കിലും രണ്ടു പ്രോജക്ടിലും വ്യത്യസ്തമായ രീതിയിലാണ് ഇതു ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു,

- ആദ്യ പദ്ധതിയിൽ ഒരോ തട്ട് ഡ്രൈറബിളിനു മുകളിലും 20 mm കനത്തിലുള്ള മെറ്റൽ ഉപയോഗിച്ച് റീ ഇൻഫോഴ്സ്ഡ് ബെൽറ്റ് നൽകുകയും, കെട്ടുകൾക്കിടയിൽ rcc പില്ലറുകൾ നൽകി ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
- എന്നാൽ പുതിയ പ്രോജക്ടിൽ കരിങ്കൽ കെട്ടിനു മുകളിലുള്ള RCC ബെൽറ്റിന് ഉപയോഗിച്ചിരിക്കുന്നത് 40 mm മെറ്റലാണ്. ഇതിനായി ഉപയോഗിച്ചിരിക്കുന്ന സ്റ്റീൽ കമ്പിയാകട്ടെ 10 mm, 8 mm വ്യാസത്തിലുള്ളത് മാത്രമാണ്. മുൻവർഷത്തിൽ ചെയ്ത രീതിയിൽ കെട്ടുകൾക്കിടയിൽ കോൺക്രീറ്റ് പില്ലർ നൽകിയിട്ടുമില്ല. ഇത്തരത്തിൽ വലിയ മെറ്റൽ ഉപയോഗിച്ച് ചെയ്ത കോൺക്രീറ്റ് പ്രവർത്തിയിൽ താരതമ്യേന ചെറിയ കമ്പി ഉപയോഗിച്ചതു മൂലം പ്രസ്തുത പ്രവർത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

മുകളിൽ വിവരിച്ച രീതിയിൽ ഒരേ ഉദ്ദേശത്തോടെയുള്ള പ്രോജക്ടുകളിൽ വ്യത്യസ്ത പ്രവർത്തിയിനങ്ങൾ ഉൾപ്പെടാനുണ്ടായ കാരണവും, 40 mm മെറ്റലുപയോഗിച്ചുള്ള പ്രസ്തുത കോൺക്രീറ്റിന്റെ ഗുണനിലവാരത്തെ / ആവശ്യകതയെ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 ടാർ വീപ്പയിനത്തിലുള്ള തുക തനത് ഫണ്ടിൽ വരവ് വെച്ചു - സർക്കാർ ഉത്തരവിന് വിരുദ്ധം

ജില്ലാ പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികളിൽ ഒഴിഞ്ഞ ബിറ്റുമിൻ ബാരലിന്റെ വിലയായ തുക ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവു വരുത്തി ( മറ്റു കിഴിവുകൾക്കൊപ്പം ) ബില്ലിനൊപ്പം പിൻവലിക്കുകയും സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ അടവാക്കുകയും ചെയ്തു വരുന്നു. ജി.ഒ. (പി) 177/06/ധനം, തീയതി: 12.04.2006, ഖണ്ഡിക 10.3 പ്രകാരം പ്രവൃത്തിക്കായി തുക പിൻവലിച്ച ഫണ്ടിലേക്ക് തന്നെ ബാരലിന്റെ വിലയിനത്തിൽ കുറവു വരുത്തിയ തുക അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. അതായത് ടാർ വീപ്പയിനത്തിലുള്ള തുക, ബിറ്റുമിൻ വാങ്ങിയ അതേ ഫണ്ടിലേക്ക് (മെയിന്റനൻസ് ഫണ്ട്/ വികസനഫണ്ട്) തിരിച്ചടവാക്കണം. അല്ലാത്തപക്ഷം പ്രസ്തുത തുക, പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യത്തിൽ കുറവ് വരുത്തി ബാക്കി തുക മാത്രം പ്രവൃത്തി ചെലവിലേക്ക് പിൻവലിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകൾ പ്രകാരം 21,26,952/- രൂപ (RP-5) കാലി ബാരൽ വിറ്റ ഇനത്തിൽ വരവുണ്ട്. ഇതിൽ തനതു ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികളിലെ ടാർ വീപ്പയുടെ വിലയും

ഉൾപ്പടുന്നു. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഫണ്ട് / വികസനഫണ്ടിൽ നിന്നും റോഡ് പ്രവൃത്തികൾക്ക് വേണ്ടി പിൻവലിച്ച തുകയിൽ ടാർ വീപ്പയുടെ വിലയിനത്തിലുള്ള തുക കണക്കാക്കി അതാത് ഫണ്ടിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-23 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം അധികചെലവ്

പ്രോജക്ട് : അഴിയൂർ മിനി സ്റ്റേഡിയം (688/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ തുക : 19,00,600/- രൂപ (വികസന ഫണ്ട് ജനറൽ)

2017-18 – 5,00,000/- രൂപ

2018-19 - 14,00,600/- രൂപ

ചെലവ് തുക : 2,80,200/- രൂപ (മൊബിലൈസേഷൻ അഡ്വാൻസ്)

9,71,159/- രൂപ (ബിൽ നം. 162/18-19/31.1.2019)

നിലവിലുള്ള അഴിയൂർ സ്റ്റേഡിയത്തിൽ 40 മീറ്റർ നീളത്തിൽ ഒരു ഗാലറി കൂടി നിർമ്മിക്കുന്നതിന് 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണിത്. 20.10.2017 ലെ തീരുമാനം നമ്പർ 74/17(1) പ്രകാരം പ്രവർത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കാൻ തീരുമാനിച്ചു. ഡ്രൈ റബിൾ കൊണ്ട് ഫൗണ്ടേഷൻ നിർമ്മിക്കുകയും (40 മീ. നീളത്തിലും 3.7 മീ. വീതിയിലും), ഫൗണ്ടേഷനു മുകളിൽ 1:4:8 മിശ്രിത കോൺക്രീറ്റ് 10 cm കനത്തിൽ നൽകി, അതിനു മുകളിൽ റാന്റം റബിൾ ഉപയോഗിച്ച് നാല് ഗാലറി സ്റ്റെപ്പുകൾ നിർമ്മിക്കുകയും ഓരോ സ്റ്റെപ്പുകൾക്ക് മുകളിലും 1:2:4 മിശ്രിത കോൺക്രീറ്റ് 7.5 cm കനത്തിൽ നൽകാനും എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ മുകളിലെ സ്റ്റെപ്പിനു മുകളിൽ 60 cm ഉയരത്തിൽ കോൺക്രീറ്റ് പാരപെറ്റ് നിർമ്മിക്കുന്നതും എസ്റ്റിമേറ്റിലുണ്ട്. ഈ കോൺക്രീറ്റ് പ്രവർത്തികൾക്കെല്ലാം ആവശ്യമായ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഒരൊറ്റ ഇനമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (ഐറ്റം നമ്പർ 5.9.5). ഈ ഇനം ലിന്റൽ, ബീം, പ്ലിന്ത് ബീം, കാന്റിലിവർ തുടങ്ങിയ നിർമ്മിതികൾക്ക് വേണ്ടിയുള്ളതാണ്. നിരക്ക് വളരെ കൂടുതലുള്ള ഈയിനം താരതമ്യേന ലേബർ വർക്ക് കുറഞ്ഞ (പ്രധാനമായും ഫൗണ്ടേഷൻ പ്രവർത്തിയിലുൾപ്പെടുത്താവുന്ന) മേൽ നിർമ്മാണങ്ങൾക്ക് നൽകിയതിനാൽ സ്ഥാപനത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

എം. ബുക്ക് 340/17-18 പേജ് നമ്പർ 5, 9, 11, 14 എന്നിവ പ്രകാരം ആകെ 62.66 $m^2$ അളവിൽ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് നടന്നിട്ടുണ്ട്. ഇതിന് 487.47 രൂപ നിരക്കിൽ 30,544/- രൂപ കണക്കാക്കി (പേജ് 35) കരാറുകാരന് നൽകി. യഥാർത്ഥത്തിൽ മേൽ പ്രവർത്തികൾക്ക് ഐറ്റം നമ്പർ 5.9.1 പ്രകാരം 275.72/- രൂപ നിരക്ക് മാത്രമേ നൽകേണ്ടതുള്ളൂ. തെറ്റായ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേൽ പ്രവർത്തി ULCCS Ltd നെയാണ് ഏൽപ്പിച്ച് നടത്തിയത്. എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തിയ്യതി 25.5.18 നാണ്. എന്നാൽ ULCCS Ltd ചെയർമാന്റെ 15.5.18 ലെ ULCCS/6776/01/2017-18 നമ്പർ കത്ത് പ്രകാരം പ്രവർത്തി പൂർത്തീകരണ സമയം 20.6.18 വരെ പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകാൻ ആവശ്യപ്പെട്ടു. അഴിയൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആയത് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തു. എന്നാൽ വടകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് 20.9.18 വരെ ദീർഘിപ്പിച്ചു നൽകാമെന്ന് ശുപാർശ ചെയ്തു. ഈ പ്രവർത്തി യഥാർത്ഥത്തിൽ പൂർത്തീകരിക്കുന്നത് 11.9.18 നാണ്. പ്രവർത്തി ഏറ്റെടുത്ത സ്ഥാപനം ആവശ്യപ്പെടാതെ തന്നെ കൂടുതൽ സമയം ദീർഘിപ്പിച്ചു നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 39/18-19 എ തീയതി 25.6.2020 ) മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-24 9.06 കോടിയുടെ നിക്ഷേപ പ്രവൃത്തി - നിർവ്വഹണ പുരോഗതി വ്യക്തമല്ല

ജില്ലാ പഞ്ചായത്ത് 2016-17 വർഷം മുതൽ നിക്ഷേപ പ്രവർത്തികൾക്കായി വിവിധ ഏജൻസികളിലായി 6,51,90,680/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ പൂർത്തീകരിക്കാത്തതും / വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | തദ്ദേശ ഭരണ സ്ഥാപനം | നിക്ഷേപ തുക | കൈമാറിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.വൈ.ഐ.പി ഡിവിഷൻ | | | | | |
| 1 | 80/16-17, എടക്കര സൈഫൺ റോഡ് | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 6,00,000 | 31.03.2017 | |
| 2 | 20/17-18, അമ്പലമുക്ക് കൊളത്തൂർ റോഡ് | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | 31.11.2017 | |
| 3 | 50/17-18, നടുവണ്ണൂർ കനാൽ റോഡ് | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 11,95,200 | 12.03.2018 | |
| 4 | 942/18-19, കനാൽ റോഡ് നമ്പായടത്ത് താഴം റോഡ് | കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | 15,00,000 | 11.02.2018 | |
| 5 | 198/17-18, വള്ളിക്കാട്ട് കാവ് കനാൽ റോഡ് റിപ്പയർ | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 6,00,000 | 20.03.2018 | |
| 6 | മാവിലാക്കുന്ന് കനാൽ റോഡ് | കായക്കൊടി ഗ്രാമപഞ്ചായത്ത് | 20,00,000 | 20.02.2018 | |
| 7 | 131/17-18, 8/4 കനാൽ റോഡ് ടാറിംഗ് | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 2,00,000 | 30.11.2017 | |
| 8 | 132/17-18, 8/2 എടോത്ത് താഴം കനാൽ റോഡ് | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | 3,00,000 | 30.11.2017 | |
| 9 | 135/17-18, അടുവാറക്കൽ തെരുവത്ത് താഴം റോഡ് | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | 3,00,000 | 30.11.2017 | |
| 10 | 357/17-18, അരീപ്പൊയിൽ കൈതക്കോട് കനാൽ റോഡ് ഡ്രൈനേജ് നിർമ്മാണം | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | 2,00,000 | 30.11.2017 | |
| 11 | 112/17-18, മുണ്ടുവയൽ കുട്ടിക്കണ്ടി റോഡ് | കായണ്ണ ഗ്രാമപഞ്ചായത്ത് | 6,00,440 | 24.10.2017 | |
| 12 | 29/17-18, മൃഗാശുപത്രി കല്ലറത്താ ഴെ ഉട്ടുമ്പ്രമല റോഡ് | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 3,00,000 | 17.03.2018 | |
| 13 | 54/18-19, കോടെരിച്ചാൽ ആശാരിമുക്ക് റോഡ് | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | 13.03.2019 | |
| 14 | 55/18-19, പി.എച്ച്.സി കനാൽ റോഡ് | കായക്കൊടി ഗ്രാമപഞ്ചായത്ത് | 5,20,000 | 25.01.2019 | |
| 15 | 58/18-19, ദേവർകോവിൽ കനാൽ റോഡ് | കായക്കൊടി ഗ്രാമപഞ്ചായത്ത് | 1,55,000 | 25.01.2019 | |
| 16 | 59/18-19, എരഞ്ഞിലോട്ട് താഴം വരിക്കണ്ടി കൊളത്തൂർ കനാൽ റോഡ് | നന്മണ്ട ഗ്രാമപഞ്ചായത്ത് | 5,00,000 | 14.08.2018 | |
| 17 | 79/18-19, എടവനക്കണ്ടി താഴം പാലം | നന്മണ്ട ഗ്രാമപഞ്ചായത്ത് | 1,05,000 | 18.08.2018 | |
| 18 | 285/18-19, കക്കോടി ബ്രാഞ്ച് കനാൽ (27/950) ഡ്രൈനേജ് നിർമ്മാണം | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 1,00,000 | 19.01.2019 | |

| | | | | | |
|---|---|---|---|---|---|
| 19 | 301/18-19, മുതുവാട്ട് താഴം കനാൽ റോഡ് | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 4,10,000 | 25.01.2019 | |
| 20 | 305/18-19, 8/2 കനാൽ റോഡ് നിർമ്മാണം | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 4,00,000 | 25.01.2019 | |
| 21 | 72/18-19, രയരോത്ത് മുക്ക് രാമല്ലൂർ റോഡ് | നൊച്ചാട് ഗ്രാമപഞ്ചായത്ത് | 7,00,000 | 05.03.2019 | |
| 22 | 129/18-19, കായണ്ണ ബസാർ ലക്ഷംവീട് റോഡ് ടാറിംഗ് | കായണ്ണ ഗ്രാമപഞ്ചായത്ത് | 3,00,000 | 12.03.2019 | |
| 23 | 93/18-19, വടക്കയിൽ പാലം കാളാംവീട് കനാൽ പാലം | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 6,40,000 | 12.03.2019 | |
| 24 | 96/18-19, ഇളയടത്ത് താഴെ കോക്കര മീത്തൽ കാവുന്തറ റോഡ് | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 4,95,000 | 18.03.2019 | |
| 25 | 147/18-19, ഉള്ളിയേരി 19 – കുനഞ്ചേരി കനാൽ റോഡ് | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 7,00,000 | 18.01.2019 | |
| 26 | 148/18-19, കുനിച്ചിക്കണ്ടി നാറാത്ത് കനാൽ റോഡ് | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 4,00,000 | 27.02.2019 | |
| 27 | 149/18-19, മാമ്പൊയിൽ ഉള്ളിയേരി സൗത്ത് കനാൽ റോഡ് | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 6,00,000 | 13.11.2018 | |
| 28 | 51/18-19, കായണ്ണ ബസാർ ലക്ഷംവീട് റോഡ് | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | 13.03.2019 | |
| 29 | 68/18-19, എടക്കര സൈഫൺ വള്ളിക്കാട്ട് കനാൽ റോഡ് | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 40,00,000 | 19.03.2019 | |
| 30 | 516/18-19, ഇയ്യക്കനാൽ കനാൽ പാലം | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | 10,00,000 | 11.12.2018 | |
| 31 | 342/18-19, ചെക്യാട് കൈതപ്പൊയിൽ റോഡ് | ചെക്യാട് ഗ്രാമപഞ്ചായത്ത് | 20,00,000 | 11.12.2018 | |
| 32 | 510/18-19, കൊളത്തൂർ നോർത്ത് കനാൽ റോഡ് | നന്മണ്ട ഗ്രാമപഞ്ചായത്ത് | 5,00,000 | 19.01.2019 | |
| 33 | ഒളയമ്മൽ കൊളത്തൂർ കനാൽ റോഡ് | നന്മണ്ട ഗ്രാമപഞ്ചായത്ത് | 20,00,000 | 19.02.2018 | |
| ആകെ | | | 2,53,20,640 | | |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ | | | | | |
| 1 | 323/18-19, പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 15,00,000<br>10,00,000 | 19.03.2019<br>13.03.2019 | |
| 2 | 325/18-19, വെള്ളവയൽ പാഠശേഖര വികസനം | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 5,10,000 | 19.03.2019 | |
| 3 | 434/18-19, ചക്കരത്തോട് വികസനം | മൂടാടി ഗ്രാമപഞ്ചായത്ത് | 15,00,000 | 19.03.2019 | |
| 4 | 322/18-19, പള്ളിക്കൽ മണക്കാട്ട് പാലം പെരുവയ ൽ പുഞ്ചപ്പാടം<br>കടയം തോട് പുഞ്ചപ്പാടം ലിഫ്റ്റ് ഇറിഗേഷൻ | മാവൂർ ഗ്രാമപഞ്ചായത്ത് | 10,00,000 | 19.03.2019 | |

| | | | | | |
|---|---|---|---|---|---|
| 5 | 467/18-19, വി.സി.ബി നിർമ്മാണം- കോന്തളത്ത് താഴം | കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | 24,50,000 | 19.03.2019 | |
| 6 | 509/18-19, വെള്ളിയൂർകുളം ജലസേചനം | നൊച്ചാട് ഗ്രാമപഞ്ചായത്ത് | 15,00,000 | 19.03.2019 | |
| 7 | 522/18-19, വി.സി.ബി നിർമ്മാണം- ചെക്യാട് | ചെക്യാട് ഗ്രാമപഞ്ചായത്ത് | 10,00,000 | 19.03.2019 | |
| 8 | ചെരണ്ടത്തൂർ ചിറ റോഡ് സംരക്ഷണം | | 25,00,000 | 25,00,000 | |
| 9 | 524/18-19, പുഞ്ചപ്പാടം വി.സി.ബി നിർമ്മാണം | ചോറോട് ഗ്രാമപഞ്ചായത്ത് | 10,00,000 | 19.03.2019 | |
| 10 | 526/18-19, ഓലപ്പുഴ പെരും പുഴക്കര കടവ് തോട് സംരക്ഷണം | ഏറാമല ഗ്രാമപഞ്ചായത്ത് | 20,00,000 | 19.03.2019 | |
| 11 | 559/18-19, വടക്കമ്പാട് വി.സി.ബി നിർമ്മാണം | കടലുണ്ടി ഗ്രാമപഞ്ചായത്ത് | 15,00,000 | 19.03.2019 | |
| 12 | 321/18-19, പൂളേങ്കരചാലിൽ വി.സി.ബി നിർമ്മാണം | ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 20,00,000 | 19.03.2019 | |
| | ആകെ | | 1,94,60,000 | | |
| കേരള ജല അതോറിറ്റി | | | | | |
| 1 | 961/16-17, പൂളക്കൽ വെള്ള പൊട്ടിൽ കുടിവെള്ള പദ്ധതി | | 40,00,000 | 30.03.2017 | എക്സി. എഞ്ചി. പി.എച്ച് ഡിവിഷൻ, വടകര |
| 2 | കല്ലട ജലസേചന പദ്ധതി - പൈപ്പ് ലൈൻ | | 4,50,000 | 19.09.2017 | |
| 3 | തലക്കുളത്തൂർ ജലസേചന പദ്ധതി - പൈപ്പ് ലൈൻ | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 10,00,000 | 06.01.2018 | |
| 4 | 1170/18-19, 581/18-19, അരിയോട്ടുമല കോളനി ശുദ്ധജല വിതരണ പദ്ധതി | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 18,00,000<br>6,00,000 | 24.05.2018<br>31.07.2018 | |
| 5 | 706/18-19, വടക്കെമുക്ക് ഒള്ളോടിത്താഴെ പൈപ്പ് ലൈൻ | വേളം ഗ്രാമപഞ്ചായത്ത് | 10,00,000 | 31.12.2018 | |
| | ആകെ | | 88,50,000 | | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | | | | | |
| 1 | 897/16-17, സർക്കാർ സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ | ജില്ലാപഞ്ചായത്ത് | 3,50,00,000 | 03.03.2017 | പദ്ധതി പൂർത്തീ കരിച്ചതിന്റെ വിവ രമോ വിനിയോഗ സാക്ഷ്യ പത്രമോ ലഭ്യമല്ല. |
| 2 | 11/18-19, വടകര ജില്ലാ ആആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ജില്ലാപഞ്ചായത്ത് | 20,00,000 | 25.03.2019 | ഖണ്ഡിക നം.3-36 കാണുക |
| | ആകെ | | 3,70,00,000 | | |
| ഭൂജല വകുപ്പ് | | | | | |
| 1 | 1166/18-19, പേരാമ്പ്ര വനിതാ ഹോസ്റ്റൽ കിണർ നിർമ്മാണം | ജില്ലാപഞ്ചായത്ത് | 36,810<br>2,230 | 30.10.2018<br>23.03.2019 | |
| | ആകെ | | 39,040 | | |
| | ആകെ മൊത്തം | | 9,06,69,680 | | |

13ാം പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 8.3(17) [ ജി.ഒ (എം.എസ്) നം. 72/2017 തീയതി 20.03.17] ൽ ഒരു നിർമ്മാണ പ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നല്കിയ ശേഷം ജില്ലാ പഞ്ചായത്തിന് നൽകേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതുമാണ്. ജി.ഒ (എം.എസ്) നം. 11/2018 തീയതി 29.01.18 (13ാം പദ്ധതി മാർഗ്ഗ രേഖ) യിലെ ഖണ്ഡിക നം. 11.2(ഡി)യിലും ഇതേ കാര്യം നിഷ്കർഷിക്കുന്നുണ്ട്. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കുന്നു. എന്നാൽ മിക്ക നിക്ഷേപ പ്രവൃത്തികളിലും ഈ നിബന്ധനകൾ ജില്ലാ പഞ്ചായത്ത് പാലിച്ചില്ല. കൂടാതെ കേരള ജല അതോറിറ്റിയുടെ 28.01.2005 ലെ കെ.ഡബ്ല്യു.എ/ എച്ച്. ഒ /എഫ്.എം/ഡി.ഡബ്ല്യു/01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. കരാറിലേർപ്പെടാത്തതുകൊണ്ട് തന്നെ, നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ ജില്ലാ പഞ്ചായത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകും.

മേൽ പറഞ്ഞ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി എന്നിവ റിപ്പോർട്ട് ചെയ്യേണ്ടതും മറ്റ് അപാകങ്ങൾക്ക് മറുപടി നൽകേണ്ടതുമാണ്.

## 1-25 സർക്കാർ നിർദ്ദേശപ്രകാരം നിഷ്കർഷിച്ചിട്ടുള്ള ക്വാളിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നു.

10.09.2015 തിയ്യതിയിലെ ജി.ഒ.(ആർ.ടി). നം. 1339/2015/പി.ഡബ്ള്യു.ഡി നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ള്യു.ഡി ക്വാളിറ്റി കൺട്രോൾ മാന്വൽ (2015) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പി.ഡബ്ള്യു.ഡി ക്വാളിറ്റി കൺട്രോൾ മാന്വൽ ആമുഖത്തിലെ ഖണ്ഡിക 7.1 പ്രകാരം എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപയിലധികമുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ബില്ലുകൾ സമർപ്പിക്കുമ്പോൾ കരാറുകാരന്റെ ചെലവിൽ നടത്തേണ്ട First Tier Quality Control Testing – നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 2012 വർഷത്തെ കേരള പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2214 പ്രകാരവും ഇത്തരത്തിലുള്ള ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിലുള്ള പരിശോധനകൾ നടത്താതെയാണ് പൊതുമരാമത്ത് ബില്ലുകൾ പ്രകാരമുള്ള തുകകൾ കരാറുകർക്ക് അനുവദിക്കുന്നത് എന്നു കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. എല്ലാ പ്രവൃത്തികൾക്കും തുക ചെലവഴിച്ചിരിക്കുന്നത് മെയിന്റനൻസ് ഗ്രാന്റിൽ (റോഡ്) നിന്നുമാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ , പ്രോജക്ട് | എസ്റ്റിമേറ്റ് തുക (രൂ) | ട്രഷറി ബിൽ നമ്പർ ,തിയ്യതി | ബിൽ തുക (രൂ) | കരാറുകാരൻ |
|---|---|---|---|---|---|
| 1. | 826/19 , വേനപ്പാറ-പയ്യൂളി റോഡ് | 17,50,000 | 204 / 15.03.2019 | 16,12,771 | സണ്ണി ആക്കേൽ |
| 2. | 19/19, മാളിക്കടവ് പുറ്റാട്ടുതാഴം റോഡ് | 33,63,960 | 437/ 27.3.2019 | 33,63,884 | വി.കെ. ഉണ്ണിക്യഷ്ണൻ |
| 3. | 473/19, കീഴ്പയ്യൂർ പള്ളിമുക്ക്-മീരങ്ങാട്ട് റോഡ് | 28,90,000 | 229/ 15.03.2019 | 27,86,990 | അബ്ദുൾ സലാം സീതിവീട്ടിൽ |
| 4. | 397/19, കത്തറമ്മൽ-ചോയിമഠം റോഡ് | 30,00,000 | 325/ 28.03.2019 | 27,93,068 | പി,കെ.ഷാനവാസ് |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-26 കെട്ടിടത്തൊഴിലാളി ക്ഷേമനിധി തുക പിരിവ് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996 വർഷത്തെ The Building and Other Construction Workers Welfare Cess Act പ്രകാരം ഈ ഇനത്തിലുള്ള സെസ്സ്,

പൊതുമരാമത്ത് പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യത്തിന്റെ ഒരു ശതമാനം തോതിൽ തുക വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതുണ്ട്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഇക്കാര്യം ബന്ധപ്പെട്ട നിയമത്തിന്റെ സെക്ഷൻ 3-3 ആയി വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 1998 വർഷത്തിൽ പുറത്തിറക്കിയ The Building and Other Construction Workers Welfare Cess Rules, Rule 5(2) പ്രകാരവും ഇക്കാര്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ ഇപ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകൾ, Receipt and Payment Statement, RP-36 ഷെഡ്യൂൾ code number 350200203 പ്രകാരം കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 5,39,931/- രൂപ ചെലവുള്ളതായാണ് കാണിച്ചിരിക്കുന്നത്. കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

## 1-27 കോസ്റ്റ് ഇൻഡക്സിലെ മാറ്റം പരിഹരിച്ചില്ല - ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് കരാർ വച്ചത് 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.2017 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയിരുന്നത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.24% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി കരാർ വച്ച് ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | ബിൽ നം.തീയതി | തുക, | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം |
|---|---|---|---|---|---|
| 1 | 576/19<br>തെങ്ങിൻതൈ വളർത്തുകേന്ദ്രത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണികൾ | 21-10-2017 | (14/36-06-2018) | 3,49,374 | 42.16% എന്നത് 38.24% ആയി കുറഞ്ഞു |
| 2 | 567/19 എസ്.എസ്.എഫ്, പേരാമ്പ്ര ഇ, എഫ് ബ്ളോക്കുകളിൽ ജലസേചന സൗകര്യമൊരുക്കലും വി. സി. ബി അറ്റകുറ്റപ്പണിയും | 14-11-2017 | | 64,652 | -ടി- |
| 3 | 826/19<br>വേനപ്പാറ – പയ്യൂളി റോഡ് | ലഭ്യമല്ല | 204/15.3.19 | 16,12,771/- | 42.16% എന്നത് 37.25% ആയി കുറഞ്ഞു |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-28 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

കേരള പഞ്ചായത്ത് രാജ് നിയമം 173ാം വകുപ്പ് ഉപവകുപ്പ് 5ാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ജില്ലാ പഞ്ചയാത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനാണ് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ. കുടിൽ, ഗ്രാമീണ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക, കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, വ്യവസായ സംരംഭ വികസന പരിപാടികൾ നടപ്പിലാക്കുക എന്നീ ബൃഹത്തായ ചുമതലകൾ ഈ മേഖലയിൽ നിർവ്വഹിക്കേണ്ടതുണ്ട്. ആയതിനുള്ള പദ്ധതികളൊന്നും വ്യവസായ വർക്കിങ്ങ് ഗ്രൂപ്പ് തലത്തിൽ തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

2018-19 വർഷത്തിൽ ഈ മേഖലയ്ക്കായി 5 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ആയവയൊന്നും തൻവർഷം നടപ്പിലാക്കിയിട്ടില്ല. ഇതുവഴി ജില്ലാ പഞ്ചായത്തിന് തൻ വർഷം 77,50,000/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| 482/18-19<br><br>ഒളവണ്ണ കയർ സൊസൈറ്റിയ്ക്ക് ധന സഹായം | 15,00,000 | ഇല്ല |
| 1235/18-19<br><br>കേരള കൈത്തറി വീവേഴ്സ്സ് സൊസൈറ്റിയ്ക്ക്<br>അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം | 15,00,000 | ഇല്ല |
| 489/18-19<br><br>കടലുണ്ടി കയർ സൊസൈറ്റിയ്ക്ക് ധന സഹായം നൽകൽ | 15,00,000 | ഇല്ല |
| 1249/18-19<br><br>ഇരിങ്ങല്ലൂർ കയർ വ്യവസായ സംസ്കരണ സഹകരണ സംഘം<br>വനിതാ കയർ വ്യവസായ കേന്ദ്രം ഒളവണ്ണ തുക കൈമാറൽ | 30,00,000 | ഇല്ല |
| 133/18-19<br><br>ഇന്നവേറ്റേഴ്സ്സ് മീറ്റ് | 2,50,000 | ഇല്ല |
| ആകെ | 77,50,000 | |

മേൽ പദ്ധതികളിൽ ക്രമ നമ്പർ 1, 2 എന്നിവ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മാത്രമാണ് 2018-19 വർഷത്തിൽ തുടങ്ങിയിട്ടുള്ളത്. എന്നാൽ ഇവയുടെ ബില്ലുകൾ 27.03.2019 ന് മാത്രമാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ തൻവർഷം തുക ചെലവഴിക്കാൻ സാധിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതത്തിൽ നിന്നാണ് ഈ തുകകൾ ചെലവഴിച്ചത്. കൂടാതെ ക്രമ നമ്പർ 1, 2, 3 എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തല കോഡിനേഷൻ കമ്മറ്റി 27.02.2019 ലെ യോഗത്തിലെ 4-16 നമ്പർ തീരുമാന പ്രകാരം പ്രത്യേക അനുവാദം നൽകിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി ഇടപെടൽ നടത്താത്തത് മൂലം സർക്കാറിൽ നിന്ന് അനുവാദം വാങ്ങി പദ്ധതി നടപ്പിലാക്കാനായിട്ടില്ല.

2019-20 വർഷത്തിലും 2018-19 വർഷത്തെ 2 സ്പിൽ ഓവർ പദ്ധതികൾക്കല്ലാതെ പുതിയ ഒരു പദ്ധതിയ്ക്കും തുക ചെലവഴിക്കാൻ സാധിക്കാതിരുന്നത് വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/18-19/എ തീയതി 18.06.2020) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 3, 4 എന്നീ സ്ഥാപനങ്ങൾക്ക് വകുപ്പ് തലത്തിൽ ധന സഹായം നൽകുന്നതിന് നടപടി ആരംഭിച്ചിരുന്നു എന്നറിയിച്ചിട്ടുണ്ട്. വകുപ്പ് മുഖേന ധന സഹായം ലഭ്യമാക്കാൻ നടപടി പുരോഗമിക്കേ ജില്ലാപഞ്ചായത്തിൽ ഇതേ ആവശ്യത്തിനായി പദ്ധതി രൂപീകരിച്ചതിന്റെ ആവശ്യകത വിശദമാക്കേണ്ടതാണ്. കൂടാതെ പദ്ധതികൾ ആവശ്യമില്ലാതെ രൂപീകരിച്ച് അവ നടപ്പിലാക്കാത്തത് മൂലം ഫണ്ട് നഷ്ടമായതിന് വിശദവും വസ്തുതാപരവുമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-29 വടകര ജില്ലാആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ -നാളിതുവരെ പദ്ധതി പൂർത്തിയായില്ല

പ്രോജക്റ്റ് നമ്പർ - 11/2018-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി വടകര.

അടങ്കൽ തുക - 20,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് തുക -20,00,000/- (ബിൽ നം – 15/26.03.2019)

ജില്ലാ ആശുപത്രിയിൽ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിനും ആശുപത്രിയിലെ ഉപകരണങ്ങളെല്ലാം ഒരേസമയം പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി ലോഡ് ലഭ്യമാക്കുന്നതിനുമായാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനായി പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ വിങ്ങ്, കോഴിക്കോടിന്റെ EST 2019/802 എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 20,00,000/- രൂപ 23/3/19ലെ ചലാൻ നം. 52069 (ഡിസ്ട്രിക്ട് ട്രഷറി, കോഴിക്കോട്) പ്രകാരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ വിംഗ്, കോഴിക്കോടിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ. ഉ. (കൈ) നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.01.2018 ഖണ്ഡിക 11.2(ഡി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തുക കൈമാറും മുൻപ് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. തുക കൈമാറി ഒരു സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ട്രാൻസ്ഫോർമർ സ്ഥാപിച്ച് കിട്ടാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് 15.6.2020 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 1/18-19 എ തീയതി 15.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 20,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 ആയുർവേദ ആശുപത്രിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ ടേബിളുകൾ ഉപയോഗിക്കുന്നില്ല

പദ്ധതി - ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് സാധനങ്ങൾ വാങ്ങൽ / ഉപകരണങ്ങൾ വാങ്ങൽ (1064/19)

അടങ്കൽ തുക – 25,00,000/- രൂപ

ചെലവ് തുക – 24,93,517/- രൂപ

നിർവഹണോദ്യോഗസ്ഥൻ- ചീഫ് മെഡിക്കൽ ഓഫീസർ

ചെലവ് തുക – 1,80,634/- രൂപ (ബിൽ നം. 5/30-11-2018)

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് 1,80,634/- രൂപ ചെലവിൽ 20 കമ്പ്യൂട്ടർ സ്റ്റീൽ ടേബിളുകൾ CADCO യിൽ നിന്നും 13/11/2018 ന് വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ NRO/SALES/265 തിയതി 13-11-2018).

30-11-2018 ന് 1,80,634/- രൂപ, ബിൽ നം. 5 പ്രകാരം CADCO ക്ക് നൽകിയിട്ടുണ്ട്. ഇവ ലഭിച്ച് 17 മാസങ്ങൾ പിന്നിട്ടിട്ടും ലഭിച്ച 20 ടേബിളുകളും ഉപയോഗിക്കാതെ ആശുപത്രിയുടെ വരാന്തയിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 1/18-19 സി തീയതി 15.6.2020 ) മറുപടിയായി, ഇതിൽ ഇ - ഹോസ്പിറ്റൽ പദ്ധതിയുടെ ഭാഗമായി 29-05-2018 ന് വകുപ്പ് തലത്തിൽ 22 കമ്പ്യൂട്ടറുകൾ ലഭിച്ചതായും ആയതിന്റെ ഉപയോഗത്തിലേക്കായിരുന്നു ടേബിളുകൾ വാങ്ങിയതെന്നും ഇ- ഹോസ്പിറ്റൽ പദ്ധതി നടപ്പിലാക്കാൻ സാങ്കേതിക കാരണങ്ങളാൽ വൈകുന്നതു കൊണ്ടാണ് ടേബിളുകൾ ഉപയോഗപ്പെടുത്താൻ സാധിക്കാതെ വന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇ- ഹോസ്പിറ്റൽ പദ്ധതി നടപ്പിലാക്കാൻ വകുപ്പ് തലത്തിൽ നടപടികൾ കൈകൊള്ളേണ്ടതാണ്. കമ്പ്യൂട്ടർ സ്റ്റീൽ ടേബിളുകൾ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 ജീവതാളം - ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പിലാക്കി

പ്രൊജക്ട് നം. : 311/19

വകയിരുത്തിയ തുക : 5,00,000/- രൂപ (വികസന ഫണ്ട്)

ചെലവഴിച്ച തുക : 37,335/- രൂപ (3/18-19 തീയതി 25.09.2019)

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ക്യാൻസർ ബോധവത്കരണ സ്ക്രീനിംഗ് പദ്ധതിയായാണ് ജീവതാളം പദ്ധതിയായാണ് നടപ്പിലാക്കിയിരിക്കുന്നത്. സ്തനാർബുദം, ഗർഭാശയ ഗള ക്യാൻസർ എന്നീ രോഗങ്ങളെ നേരത്തെ കണ്ടെത്തുന്നതിനും ബോധവത്കരണത്തിലൂടെ രോഗത്തിന്റെ വ്യാപനം കുറയ്ക്കുന്നതിനും ലക്ഷ്യം വച്ചാണ് പ്രൊജക്ട് രൂപീകരിച്ചിരിക്കുന്നത്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജ് വിദ്യാർത്ഥി കൂട്ടായ്മയായ 'അപ്പോത്തിക്കരി' യുടെ സഹകരണത്തോടെ പെരുവയൽ, കുന്ദമംഗലം, പെരുമണ്ണ, ഒളവണ്ണ എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ബ്രോഷർ,

സർവ്വേ ഫോം എന്നിവ പ്രിന്റ് ചെയ്ത വകയിൽ IMHANS ന് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസ്, കോഴിക്കോട്) നൽകുന്നതിനായാണ് 37,335/- രൂപ ചെലവഴിച്ചിരിക്കുന്നത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 173(1) പട്ടിക-5 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ പൊതുജനാരോഗ്യവും, ശുചീകരണവും എന്ന മേഖലയിൽ എല്ലാ ചികിൽസ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക, പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുക, കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാ തലത്തിൽ ഏകോപിപ്പിയ്ക്കുക എന്നിവയാണ്.

2. 29.01.2018 ലെ (എം.എസ്) 11/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് 7.7.2 പ്രകാരം ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ക്യാൻസർ പരിശോധനാ ക്യാമ്പുകൾ ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും സംഘടിപ്പിക്കാവുന്നതാണ്. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്തതും നിയമപ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ പ്രവർത്തനങ്ങൾക്കാണ് വികസനഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

3. സർവ്വേ നടത്തിയതിന്റെ വിവരങ്ങൾ, ബോധവത്കരണ ക്ലാസ്സ് നടന്നതിന്റെ വിവരങ്ങൾ, ഏതെല്ലാം കേന്ദ്രങ്ങളിൽ നടന്നുവെന്നതിന്റെയോ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയ ഫയലിൽ ഇല്ല. പദ്ധതി നടപ്പാക്കിയതായോ, ലക്ഷ്യം പൂർത്തീകരിച്ചതായോ ഉള്ള മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയില്ല. പദ്ധതി ചെലവുകൾ സാധൂകരിയ്ക്കുന്ന സബ്ബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പ്രവൃത്തി നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 37,335/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക - 2,83,80,164/- രൂപ അക്കൗണ്ടിൽ മുതൽക്കൂട്ടിയില്ല

ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സാംഖ്യ പ്രകാരമുള്ള ഡപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2017 വരെ ചുവടെ ചേർക്കും പ്രകാരം ഡെപ്പോസിറ്റുകൾ തിരികെ നൽകാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 31.03.2020 അടിസ്ഥാന തീയതി ആയി കണക്കാക്കിയാൽ 31.03.2017 തീയതി വരെയുള്ള നിക്ഷേപങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുണ്ട്. കാലഹരണപ്പെടുന്ന തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് റീടെൻഷൻ | 1,49,06,239 |
| 2 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 2,28,850 |
| 3 | സപ്ലൈയേഴ്സ് ഇ.എം.ഡി | 41,100 |
| 4 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 1,08,530 |
| 5 | സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,80,725 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5,000 |
| 7 | മറ്റ് ഡെപ്പോസിറ്റുകൾ | 1,29,09,720 |
| ആകെ | | 2,83,80,164 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികമായിട്ടുള്ള ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ തുടങ്ങിയ ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ലേല ഡപ്പോസിറ്റ് (Auction Deposit), റെന്റ് ഡെപ്പോസിറ്റ്, റോഡ് കട്ടിംഗ് ഡെപ്പോസിറ്റ്, സപ്ലൈയേഴ്സ് റീ-ടെൻഷൻ, കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ 31.03.2017 ലെ നീക്കിയിരിപ്പ് വിവരം ലഭ്യമായിട്ടില്ല. ആയതിനാൽ ഇവയുടെ വിവരം മേൽ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ മാന്വൽ ആയി സൂക്ഷിച്ചിട്ടില്ല. സാംഖ്യ പ്രകാരമുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് ബന്ധപ്പെട്ടവർക്ക് തിരികെ നൽകിയതിന്റെ രേഖപ്പെടുത്തലുകളില്ല. രജിസ്റ്റർ വർഷാവസാനം ക്ലോസ് ചെയ്ത് വാർഷിക സംക്ഷിപ്തം എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് കാരണം ഡിഫക്ട് ലയബിലിറ്റി പിരിയഡ് ബാധകമായ സന്ദർഭങ്ങളിൽ കാലാവധി കഴിഞ്ഞാണോ തുക തിരികെ നൽകുന്നത് എന്ന് വ്യകതമല്ല.

ആയതിനാൽ സാംഖ്യ മുഖേന ലഭ്യമായ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. വിവരം ലഭ്യമാവാത്ത ഇനങ്ങളിൽ മൂന്ന വർഷം കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ഉണ്ടെങ്കിൽ ആയവ കൂടി ഉൾപ്പെടുത്തി കാലഹരണപ്പെട്ട തുക കണക്കാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-33 നീക്കിയിരിപ്പ് കുറവായിരിക്കേ പദ്ധതിയ്ക്കായി വൻതുക തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നു- കമ്മി 93.89 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂൾ RP-40(b) പ്രകാരം നീക്കിയിരിപ്പ് (ബാങ്ക്) 8,65,81,850/- രൂപയാണ്. ഇതിൽ തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് വിശദാംശം | 31.03.2018 ലെ നീക്കിയിരിപ്പ് തുക |
|---|---|
| ട്രഷറി ടി.എസ്.ബി | 93,25,893 |
| കയ്യിരുപ്പ് പണം | 40,571 |
| ആകെ | 93,66,464 |

( നോട്ട് : ഫാം റവന്യൂ ഇനത്തിൽ 2,08,33,894/- രൂപ 2017-18 ൽ നീക്കിയിരിപ്പ് ഉണ്ട്. ആയത് ഫാമുകളുടെ വികസനത്തിന് ഉപയോഗിക്കേണ്ട ഫണ്ട് ആയതിനാൽ തനത്ഫണ്ട് നീക്കിയിരിപ്പ് കണക്കാക്കിയതിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല )

ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കിലെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം പ്രത്യേക അക്കൗണ്ടുകളിൽ പരിപാലിച്ചിട്ടില്ലാത്തതും തനത് വരുമാനമല്ലാത്തതുമായ 1,33,73,456/- രൂപ തനത് ഫണ്ട് അക്കൗണ്ടുകളിൽ ഉൾപ്പെടുന്നുണ്ട്. കൂടാതെ ABC ഫണ്ട്, വിവിധ ഡപ്പോസിറ്റ് തുകകൾ, IT, KCWWF തുടങ്ങി ബി-9 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകൾ ( ലയബിലിറ്റി ) ഉൾപ്പെടുമ്പോൾ ഇത് 5,24,27,771/- രൂപയാകും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് കോഡ്/ ഷെഡ്യൂൾ | ഇനം | തുക |
|---|---|---|
| 320100199/B-4 ഷെഡ്യൂൾ | Grants, Funds & Contributions for Specific Purpose<br>പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് ( വ്യക്തതയില്ല ) | 12,00,000 |
| 320200207/B-4 ഷെഡ്യൂൾ | ആയുർവേദ – ക്യാപിറ്റൽ | 8,15,749 |
| 320200211/B-4 ഷെഡ്യൂൾ | പൊതുവിദ്യാഭ്യാസം - ക്യാപിറ്റൽ | 57,96,205 |
| 320200399/B-4 ഷെഡ്യൂൾ | Grants, Funds & Contributions for Specific Purpose- other than Development Fund and State Sponsored ( വ്യക്തതയില്ല ) | 2,000 |
| 320900101/B-4 ഷെഡ്യൂൾ | നിർമ്മൽ പുരസ്കാർ | 14,22,039 |
| 320200305/B-4 ഷെഡ്യൂൾ | Grants, Funds & Contributions for Specific Purpose- other than Development Fund and State Sponsored ( വ്യക്തതയില്ല ) | 30,66,469 |
| 320200202/B-4 ഷെഡ്യൂൾ | മൃഗ സംരക്ഷണം - ആസ്തി നിർമ്മാണത്തിനുള്ള മൂലധനം | 3,65,305 |
| 320800199/B-4 | Grants, Funds & Contributions for Specific Purpose-capital | 6,35,689 |

| | | |
|---|---|---|
| ഷെഡ്യൂൾ | | |
| 320800101/B-4 ഷെഡ്യൂൾ | ഗുണഭോക്തൃവിഹിതം | 70,000 |
| | ആകെ ( B-4 ഷെഡ്യൂൾ ) | 1,33,73,456 |
| 340100101 - 340200102/B-7ഷെഡ്യൂൾ | ഡെപ്പോസിറ്റ് തുകകൾ | 2,75,28,949 |
| B-9 ഷെഡ്യൂൾ | Other Liabilities ( Sundry Creditors ) | 11,75,395 |
| | ABC ഫണ്ട് 2017-18 നീക്കിയിരിപ്പ്<br>( സ്ഥാപനത്തിൽ സൂക്ഷിച്ച രജിസ്റ്റർ പ്രകാരമുള്ളത് ) | 1,03,49,971 |
| | ആകെ | 5,24,27,771/- |

മേൽ ബാധ്യതകളുടെ മാത്രം അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തനത് ഫണ്ട് നീക്കിയിരിപ്പ് 4,30,61,307/- രൂപ കമ്മിയാണെന്ന് കാണുന്നു ( 93,66,464 – 5,24,27,771 ). ബി – 15 പത്രിക പ്രകാരം സർക്കാർ തിരിച്ചെടുത്ത തുകയിനത്തിൽ 2018-19 വർഷത്തിൽ ലഭ്യമായ 16,48,34,501/- രൂപ കൂടി പരിഗണിക്കുമ്പോൾ തനത്ഫണ്ട് ബാലൻസ് 12,17,73,194/- രൂപയാകും ( 16,48,34,501 – 4,30,61,307 ).

തനത് ഫണ്ടിൽ 12,17,73,194/- രൂപ മാത്രം ശേഷിക്കുമ്പോഴാണ് 2018-19 വർഷത്തിൽ 12,91,62,749/- രൂപ തനത് ഫണ്ടിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നത്. ഇപ്രകാരം തുക വകയിരുത്തിയപ്പോൾ തനത് ഫണ്ട് നീക്കിയിരിപ്പ് 73,89,555/- രൂപ കമ്മിയായി മാറി ( 12,17,73,194 – 12,91,62,749 ). കൂടാതെ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങി തനത് ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ ചെലവഴിച്ച് ചെയ്ത ടാർ ഉൾപ്പെടുന്ന പ്രവൃത്തികളുടെ പ്രവൃത്തിമൂല്യത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒഴിഞ്ഞ ബാരലുകളുടെ വിലയും അതത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ടിൽ തന്നെയാണ് നിക്ഷേപിച്ചിരിക്കുന്നത്. 2018-19-ൽ ഇങ്ങനെ നിക്ഷേപിച്ച തുക 20 ലക്ഷം രൂപയോളം വരും. പ്രസ്തുത തുക കൂടി പരിഗണിക്കുമ്പോൾ 2018-19 വർഷം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് കമ്മി 93,89,555/- രൂപയാകും.

തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ലാത്തതിനാൽ മേൽ ഫണ്ടുകൾ തനത് ഫണ്ട് എന്ന പോലെ വിവിധ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെടാനുള്ള സാധ്യതയുണ്ട്. തനത് ഫണ്ട് അക്കൗണ്ടിൽ വിവിധ ഫണ്ടുകൾ വരവ് വെക്കുന്ന സാഹചര്യത്തിൽ അക്കൗണ്ടിൽ നിന്നുമുള്ള ചെലവുകൾ പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതുണ്ട്. പദ്ധതി രൂപീകരണ സമയത്തും തനത് ഫണ്ട് നീക്കിയിരിപ്പിന്റെ നിജസ്ഥിതി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ലെന്നും സ്ഥാപനത്തിന്റെ ധനസ്ഥിതി പരിശോധനാ വിധേയമാക്കാതെ തനത് ഫണ്ടിൽ നിന്നും പദ്ധതിയ്ക്കായി വലിയൊരു തുക വകയിരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം - സർക്കാർ ഗ്രാന്റിനത്തിൽ 29.09 കോടി രൂപ വിനിയോഗിക്കാത്തത് മൂലം നഷ്ടപ്പെട്ടു

2018-19 വർഷം അംഗീകാരം ലഭിച്ച വിവിധ പദ്ധതികളുടെ നിർവ്വഹണം ജില്ലാ പഞ്ചായത്തിലെ നിർവ്വഹണോദ്യഗസ്ഥന്മാർ നടപ്പിലാക്കാതിരിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്തത് മൂലം സ്ഥാപനത്തിന് സർക്കാർ ഗ്രാന്റിനത്തിൽ വൻതുക നഷ്ടപ്പെട്ടു. ഇതിൽ നിർവ്വഹണം നടക്കാത്ത പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 5 | 5 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 632 | 174 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 150 | 43 |

| | | |
|---|---|---|
| സെക്രട്ടറി | 47 | 6 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 27 | 5 |
| ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ, കുടുംബശ്രീ | 3 | 2 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 9 | 1 |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 16 | 3 |

സ്ഥാപനത്തിന്റെ എ.സി.ആർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ചെലവഴിക്കാത്ത ഗ്രാന്റ് തുക 29.09 കോടി രൂപയാണ്. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാത്ത പദ്ധതി പണം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന തുക ജില്ലാ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് - എ.സി.ആർ പ്രകാരം | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 47,68,99,000 | 37,78,70,696 | 9,90,28,304 |
| വികസന ഫണ്ട് - എസ്.സി.പി | 12,90,18,000 | 8,79,82,287 | 4,10,35,713 |
| വികസന ഫണ്ട് - ടി.എസ്.പി | 1,05,68,000 | 56,44,400 | 49,23,600 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 48,39,39,000 | 34,15,32,974 | 14,24,06,026 |
| സംരക്ഷണഗ്രാന്റ് - റോഡിതരം | 8,16,61,000 | 7,81,96,055 | 34,64,945 |
| ആകെ | 118,20,85,000 | 89,12,26,412 | 29,08,58,588 |

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധ നൽകേണ്ടതുമാണ്.

### 1-35 ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ജില്ലാ പഞ്ചായത്തിൽ താഴെ കാണിച്ച ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുടർച്ചയായി നിയമിച്ചുവരുന്നതായി കാണുന്നു.

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. ദീപക് വി | CA/Clerk/Typist |
| 2 | ശ്രീമതി. സിഞ്ചിന ടി. പി. | ഓവർസിയർ/ഡാറ്റ എൻട്രി ഓപ്പറേറ്റർ |
| 3 | ശ്രീമതി. ഉഷ | പി. റ്റി. എസ് |
| 4 | ശ്രീ. അഖിൽ ദത്ത് | ഡ്രൈവർ |
| 5 | ശ്രീ. സത്യൻ | ഡ്രൈവർ |

ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ വിവിധ തിയ്യതികളിലെ തീരുമാന പ്രകാരമാണ് മേൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. നിയമന ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 26.02.2016 - ലെ ജി.ഒ. (പി) നം. 28/2016 പ്രകാരം ദിവസ വേതന നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നും ഇത്തരത്തിലുള്ള നിയമന കാലാവധി പരമാവധി 179 ദിവസമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ അനുമതിയില്ലാതെ മേൽ ജീവനക്കാരിൽ പലരും വർഷങ്ങളോളം തുടർച്ചയായി ജോലിയിൽ തുടർന്നു വരുന്നതായി കാണുന്നു.

2. 11.01.2019 -ലെ 03/2019 (ധന) സർക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്നു നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരമില്ലാത്ത തസ്തികകളിൽ സർക്കാർ അനുമതിയില്ലാതെയാണ് നിയമനം നടത്തിയിട്ടുള്ളത്.

3.ദിവസ വേതന/കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴിയാണ് നടത്തേണ്ടതെങ്കിലും നിയമനങ്ങളൊന്നും തന്നെ ഈ രീതിയിലല്ല നടത്തിയിട്ടുള്ളത്. ആയതിനാൽ നിയമനത്തിന്റെ മാനദണ്ഡം വ്യകതമല്ല.

4. ഒരേ ഉദ്യോഗാർത്ഥിയെ തന്നെ തുടർച്ചയായി വിവിധ തസ്തികകളിൽ നിയമിച്ചതായും കാണുന്നു.

5.ഉദ്യോഗാർത്ഥികളുടെ അപേക്ഷ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, സ്ഥാപനവുമായുള്ള കരാർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 38/18-19 തീയതി 23.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 എഡ്യൂകെയർ സമഗ്ര വിദ്യാഭ്യാസ പദ്ധതി - എസ്.എസ്.എ പദ്ധതിയിലെ സമാന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം |
| പ്രോജക്ട് നം. | 115/19 |
| അടങ്കൽ തുക | 20,00,000/- രൂപ |
| ഫണ്ട് | തനത് ഫണ്ട്, ജില്ലാ പഞ്ചായത്ത് |
| ചെലവ് തുക | 19,34,256/- രൂപ |
| ചെക്ക്.നം. തി. | 2937823/27.3.2019 |

ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം, നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ രക്ഷിതാക്കളുമായി ബന്ധപ്പെടുന്നതിന് മൊബൈൽ ആപ്പ്, മൈൻഡ് മെൻഡിംഗ് ട്രെയിനിംഗ്, സിവിൽ സർവ്വീസ് ഓറിയന്റേഷൻ, വിജയോത്സവം, സ്റ്റുഡന്റ് പോലീസ് പദ്ധതിക്ക് ധനസഹായം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(കൈ) നം. 11/ 2018/ തസ്വഭവ തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7.6 (4) ൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, തുടങ്ങിയ ഗവേഷണാത്മക പ്രൊജക്ടുകൾ എസ്.എസ്.എ / വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകളോ പരിശോധനകളോ നടന്നതായി കാണുന്നില്ല. എസ്.എസ്.എ യുമായി ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതായി കാണുന്നില്ല. നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെ പദ്ധതി നടപ്പാക്കുന്നത് മൂലം പദ്ധതികളിൽ ഇരട്ടിപ്പ് വരാൻ സാധ്യതയുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/18-19/19.6.2020) മറുപടി നൽകിയിട്ടില്ല. ഒരേ മേഖലയിൽ രണ്ട് ഏജൻസികൾ സമാന പദ്ധതികൾ നടപ്പാക്കാനിടവരുന്നത് തദ്ദേശഭരണ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകാനിടയാക്കും. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. മാത്രമല്ല ഓഡിറ്റ് വർഷം താഴെ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം എസ്.എസ്.എ വിഹിതമായി തുക നൽകിയതായും കാണുന്നു.

| | |
|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം |
| പ്രോജക്ട് നം. | 38/19 |
| അടങ്കൽ തുക | 1,00,00,000/- രൂപ |
| ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് തുക | 1,00,00,000/- രൂപ |
| ബിൽ നം. തി. | 1/19/28.5.2018 |

ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം, നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ. ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. ഇതിലുൾപ്പെടുത്തി ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം, ടീച്ചേഴ്സ് ട്രെയിനിംഗ്, അദ്ധ്യാപകരുടെ ശമ്പളം, യൂണിഫോം, ടെക്സ്റ്റ് ബുക്ക് എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7.6 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ജില്ലാ പഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 29/18-19 എ തീയതി 19.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-37 അദ്ധ്യാപികമാർക്ക് മേശ,കസേര - എഗ്രിമെന്റ് പ്രകാരമുള്ള മരം ഉപയോഗിച്ചതിന് രേഖകളില്ല

| | |
|---|---|
| നിർവ്വഹണം | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം |
| പ്രോജക്ട് നമ്പർ | 297/2019 |
| അടങ്കൽ തുക | 15,00,000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 14,95,728/- രൂപ |

മേൽ പ്രോജക്ട് പ്രകാരം 16 ഹൈസ്കൂളുകളിൽ അദ്ധ്യാപികമാർക്ക് 156 മേശയും കസേരയും നൽകുന്നതിനായി കാഡ്കോയുമായി കരാർവെച്ചിരുന്നു. 18% ജി.എസ്.ടി.യുൾപ്പെടെ മേശയൊന്നിന് 5,856/- രൂപയും കസേരക്ക് 3,732/- രൂപയുമാണ് വില നിശ്ചയിച്ചിരുന്നത്. കരാർ പ്രകാരം ആഞ്ഞിലി മരത്തിൽ ഫർണ്ണിച്ചർ നിർമ്മിക്കാനും ആയതിന്റെ ആധികാരികത ഗവ. അധികാരികളിൽ നിന്ന് വാങ്ങി സമർപ്പിക്കണമെന്നും കാഡ്കോയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ഫർണ്ണിച്ചർ സ്കൂളുകളിൽ വിതരണം ചെയ്തിരിക്കുന്നത്. മേൽ പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ വിതരണം ചെയ്ത ഫർണ്ണിച്ചർ നിർമ്മാണത്തിന് ഏത് മരമാണ് ഉപയോഗിച്ചതെന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-38 വിനിയോഗ വിവരം/സാക്ഷ്യപത്രം ഹാജരാക്കിയില്ല

1. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾ / ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | കൈമാറിയ തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|---|
| 1 | എസ് 0163/19 | മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് - നടുവിലത്തറ കുടിവെള്ള പദ്ധതി - ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 10,00,000 | 15/18-19, 22.9.2018 |
| 2 | എസ് 0137/19 | ചക്കിട്ടപ്പാറ കറി പൗഡർ യൂണിറ്റ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 40,00,000 | 547/18-19, 24.1.2019 |
| 3 | എസ് 0154/19 | ചേളന്നൂർ ഗ്രാമപഞ്ചായത്ത് - അംബേദ്കർ കുടിവെള്ള പദ്ധതി | 10,00,000 | 313/18-19, 22.10.2018 |
| 4 | എസ് 0525/19 | പട്ടികജാതി അക്കാദമി - തൂണേരി ബ്ലോക്കിന് തുക കൈമാറൽ | 15,00,000 | 734/18-19, 8.3.2019 |
| 5 | എസ് | കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് - ബ്ലോക്ക് തല പ്ലാസ്റ്റിക്ക് റിക്കവറി | 10,00,000 | 128/18-19, |

| | | | | |
|---|---|---|---|---|
| | 0069/19 | കേന്ദ്രത്തിലേക്ക് റോഡ് | | 25.7.2018 |
| 6 | എസ് 0113/19 | കാക്കൂർ ഗ്രാമപഞ്ചായത്ത് - കുഴിമ്പാട്ടിൽ ശ്മശാനത്തിന് ചുറ്റുമതിൽ | 10,00,000 | 244/18-19, 13.9.2018 |
| 7 | എസ് 0087/19 | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് - 2018-19 കാർഷിക സംഭരണ വിപണന കേന്ദ്രം, വെള്ളായിക്കോട് | 10,00,000 | 663/18-19, 11.3.2019 |
| 8 | എസ് 0074/19 | നൻമണ്ട ഗ്രാമപഞ്ചായത്ത് - വനിതാ വ്യവസായ കേന്ദ്രം - കെട്ടിട നിർമ്മാണം | 50,00,000 | 283/18-19, 26.9.2018 |
| 9 | എസ് 0110/19 | അഴിയൂർ ഗ്രാമപഞ്ചായത്ത് - കുടിനീർ തെളിനീർ ജീവാമൃതം ( രണ്ടാം ഘട്ടം ) | 10,00,000 | 6/18-19, 22.9.2018 |
| 10 | എസ് 0036/19 | ഈന്തിലാട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതി - പേരാമ്പ്ര - ഫണ്ട് ട്രാൻസ്ഫർ | 10,00,000 | 260/18-19, 18.9.218 |
| 11 | എസ് 0096/19 | നൻമണ്ട ഗ്രാമപഞ്ചായത്ത് - പറയരുകുന്നത്ത് കുടിവെള്ള പദ്ധതി | 25,00,000 | 281/18-19, 26.9.2018 |
| 12 | എസ് 0149/19 | ചേളന്നൂർ ഗ്രാമപഞ്ചായത്ത് - മിനി സ്റ്റേഡിയം നിർമ്മാണം | 5,00,000 | 981/18-19, 22.9.2018 |
| 13 | എസ് 0363/19 | കാരശ്ശേരി ഗ്രാമപഞ്ചായത്ത് - അറവ് ശാല – സ്ഥലം വാങ്ങൽ | 20,00,000 | 979/18-19, 22.9.2018 |
| 14 | എസ് 0217/19 | ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ശ്മശാനത്തിന് ഗ്യാസ് ചൂള | 40,00,000 | 463/18-19, 20.7.2018 |
| 15 | എസ് 0199/19 | അഴിയൂർ ഗ്രാമപഞ്ചായത്ത് - ശ്മശാന നിർമ്മാണം | 40,00,000 | 101/18-19, 11.3.2019 |
| 16 | എസ് 0196/19 | പെരുവയൽ ഗ്രാമ പഞ്ചായത്ത് - മുണ്ടക്കൽ കാർഷിക വിപണന കേന്ദ്രം - പുനർ നിർമ്മാണം | 10,00,000 | 984/18-19, 22.9.2018 |
| 17 | എസ് 0550/19 | ആകാശഗംഗ – കിണർ റീ ചാർജ്ജിംഗ് | 10,50,000 | 977/18-19, 22.9.2018 |
| | | ആകെ | 3,25,50,000 | |

ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 3,25,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 6/2018-19 തീയതി 18.01.2020). വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>2. ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ</u>

ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾക്ക് ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പദ്ധതിയുടെ പേര് | പ്രൊജക്ട് നം | അടങ്കൽ | ഫണ്ട് | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|---|---|---|
| 1 | പുറമേരി ഗ്രാമ പഞ്ചായത്ത് | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 298/19 | 10,00,000 | വികസന ഫണ്ട്(സാധാ) | 10,00,000 | 7/18-19 തീ. 17.10.2018 |
| 2 | നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | ബഡ്സ് സ്കൂൾ വിഹിതം നൽകൽ | 306/19 | 10,00,000 | വികസന ഫണ്ട്(സാധാ) | 10,00,000 | 2/18-19 തീ. 06.08.2018 |
| 3 | കാവിലുംപാറ ഗ്രാമ പഞ്ചായത്ത് | ബഡ്സ് സ്കൂൾ വിഹിതം നൽകൽ | 287/19 | 10,00,000 | വികസന ഫണ്ട്(സാധാ) | 10,00,000 | 9/18-19 തീ. 17.10.2018 |
| 4 | നാദാപുരം ഗ്രാമ | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 305/19 | 10,00,000 | വികസന | 10,00,000 | 12/18-19 തീ. |

| | | | | | | | |
|---|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | ഫണ്ട്(സാധാ) | | 06.03.2019 |
| 5 | തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | വയോജന പാർക്കിന് വിഹിതം നൽകൽ | | 5,68,230 | വികസന ഫണ്ട്(സാധാ) | 5,68,230 | 16/18-19 തീ. 19.02.2019 |
| 6 | നന്മണ്ട ഗ്രാമ പഞ്ചായത്ത് | ബി. ആർ. സി നിർമ്മാണത്തിന് ഭൂമി വാങ്ങൽ | 308/19 | 20,00,000 | വികസന ഫണ്ട്(സാധാ) | 20,00,000 | 13/18-19 തീ. 06.03.2019 |
| ആകെ | | | | | 65,68,230/- | | |

പദ്ധതി പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 65,68,230/- രൂപ തടസ്സത്തിൽ വെക്കുന്നു.

3. കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ

പദ്ധതി – നെൽ കൃഷി കൂലി ചെലവ് സബ്സിഡി (356/19)

അടങ്കൽ തുക – 1,72,71,000/- രൂപ

ചെലവ് തുക – 80,54,400/ -രൂപ

നിർവഹണോദ്യോഗസ്ഥൻ- കൃഷി ഡെപ്യൂട്ടി ഡയറക്ടർ

മേൽ പദ്ധതി പ്രകാരം ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്ക് നെൽ കൃഷി കൂലി ചെലവ് സബ്സിഡിയിനത്തിൽ വിഹിതം നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം./തിയതി | തുക | വിഹിതം നൽകിയതിന്റെ വിശദാംശം | |
|---|---|---|---|---|
| | | | പഞ്ചായത്ത് | തുക |
| 1 | 1/18-19/14-03-2019 | 16,76,040 | 1) എടച്ചേരി | 2,10,000 |
| | | | 2)തിക്കോടി | 2,40,000 |
| | | | 3)കീഴരിയൂർ | 92,040 |
| | | | 4)പനങ്ങാട് | 3,00,000 |
| | | | 5)കോട്ടൂർ | 4,50,000 |
| | | | 6)ഉള്ളിയേരി | 1,20,000 |
| | | | 7)നടുവണ്ണൂർ | 2,10,000 |
| | | | 8)അത്തോളി | 54,000 |
| 2 | 2/18-19/22-03-2019 | 12,13,960 | 9)നൻമണ്ട | 1,80,000 |
| | | | 10)മണിയൂർ | 6,12,000 |
| | | | 11)ബാലുശ്ശേരി | 1,08,000 |
| | | | 12)കായണ്ണ | 1,50,000 |
| | | | 13)ഉണ്ണികുളം | 1,08,960 |
| | | | 14)പെരുവയൽ | 55,000 |
| 3 | 3/18-19/22-03-2019 | 10,96,750 | 15)ആയഞ്ചേരി | 3,60,000 |
| | | | 16)തുറയൂർ | 1,50,000 |
| | | | 17)മൂടാടി | 3,00,000 |
| | | | 18)ചേളന്നൂർ | 1,38,000 |
| | | | 19)കൊടിയത്തൂർ | 1,48,750 |
| 4 | 4/18-19/29-03-2019 | 14,49,150 | 20)തിരുവള്ളൂർ | 1,60,000 |
| | | | 21)മേപ്പയ്യൂർ | 3,90,000 |

| | | | | |
|---|---|---|---|---|
| | | | 22)അരിക്കുളം | 3,00,000 |
| | | | 23)ചെങ്ങോട്ട്കാവ് | 1,80,000 |
| | | | 24)മാവൂർ | 56,400 |
| | | | 25)ചാത്തമംഗലം | 2,55,000 |
| | | | 26)കാരശ്ശേരി | 44,000 |
| | | | 27)കുന്നമംഗലം | 63,750 |
| 5 | 5/18-19/29-03-2019 | 17,64,000 | 28)പെരുമണ്ണ | 3,00,000 |
| | | | 29)നൊച്ചാട് | 1,02,000 |
| | | | 30)കുറ്റ്യാടി | 1,62,000 |
| | | | 31)പേരാമ്പ്ര | 6,00,000 |
| | | | 32)ചെറുവണ്ണൂർ | 6,00,000 |
| 6 | 6/18-19/29-03-2019 | 10,65,000 | 33)വേളം | 9,45,000 |
| | | | 34)തൂണേരി | 1,20,000 |
| ആകെ | | 82,64,900 | | 82,64,900 |

ജില്ലയിലെ 34 പഞ്ചായത്തുകൾക്ക് നെൽ കൃഷി കൂലി ചെലവ് സബ്സിഡിയിനത്തിൽ 82,64,900/- രൂപ നൽകിയിട്ടുണ്ട്. ഇവ ഫലപ്രദമായി പഞ്ചായത്തുകൾ ഇതേ ആവശ്യത്തിനു വേണ്ടി വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിനായി വിനിയോഗ സാക്ഷ്യപത്രങ്ങൾ വാങ്ങേണ്ടതായിരുന്നു. എന്നാൽ ഒരു പഞ്ചായത്തിൽ നിന്നു പോലും ഇവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക 82,64,900/- രൂപ തടസ്സത്തിൽ വെക്കുന്നു. വിനിയോഗ വിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>4. ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ</u>

2018-19 സാമ്പത്തിക വർഷത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഭൂരിഭാഗം ചെലവു തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്ര നമ്പർ | പ്രോജക്ട് | അടങ്കൽ | തൻവർഷം ചെലവഴിച്ച തുക, ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | തുക കൈപ്പറ്റിയ ഏജൻസി | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| 1. | 122/18-19, ലൈഫ് ഐ.എ.വൈ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - ജനറൽ | 1,82,05,657/- എസ്സ്.സി.പി | 1/18-19 തി - 31.07.2018 -1,82,05,657രൂപ | വിവിധ പഞ്ചായത്തുകൾ (59എണ്ണം) കീഴരിയൂർ ഗ്രാമപഞ്ചായത്ത് 76,015/-രൂപ 20.02.2019 ന് R.O.P എക്കൗണ്ടിലേക്ക് തുക തിരികെ അടവാക്കി | കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് ഒഴികെ 57 ഗ്രാമപഞ്ചായത്തുകൾ 1,78,63,589/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2. | 125/18-19. പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (എസ്സ്.സി.പി) | 1,54,00,000/-.എസ്സ്.സി.പി -പട്ടികജാതി | 5/18-19 തി.31.07.2018-1,00,00,000/- 7/18-19 തി.31.07.2018-54,00,000/- ആകെ-1,54,00,000/- | ജില്ലയിലെ 7 ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കൈമാറി. | 7 ബ്ലോക്ക് പഞ്ചായത്തുകളും 1,54,00,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3. | 130/18-19. പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 2,00,00,000/- വികസന ഫണ്ട് ജനറൽ | ബിൽ നം-4/18-19 തി.31.07.2018 - 2,00,00,000/- | 8 ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കൈമാറി | വടകര, മേലടി, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകൾ 83,03,333/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 4 | 131/18-19. പി.എം.എ.വൈ ഭവന പൂർത്തീകരണം | 10,00,000/- ടി.എസ്.പി | ബിൽ നം-6/18-19 തി.31.07.2018-10,00,000/- | 5 ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കൈമാറി | 4 ബ്ലോക്ക് പഞ്ചായത്തുകളും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. കൊടുവള്ളി |

| | | | | | |
|---|---|---|---|---|---|
| | ജില്ലാപഞ്ചായത്ത് വിഹിതം-ടി.എസ്.പി | | | | ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 52,400/- രൂപ ചെലവഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കി. |
| 5 | 1190/18-19. ലൈഫ് ഭവനപദ്ധതിക്ക് (ഐ.എ.വൈ) ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ-ജനറൽ | 7,54,49,800/- പൊതുവിഭാഗം സാധാരണ വിഹിതം | ബിൽ നം. -2/18-19.തി30.08.2018 - 7,53,79,800/- 8/18-19 തി. 22.03.2019 – 68,968/- ആകെ-7,54,49,800/- | ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറി | കുരുവട്ടൂർ, നൊച്ചാട്, ചോറോട്, ഉണേരി, പുറമേരി, പനങ്ങാട് ഗ്രാമപഞ്ചായത്തുകൾ 60,09,391/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.മറ്റുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയആകെ 6,94,40,409/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 6 | 1191/18-19.ലൈഫ് ഭവനപദ്ധതിക്ക് (ഐ.എ.വൈ) ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ-ടി.എസ്.പി | 10,00,000/- ടി.എസ്.പി | ബിൽ നം. – 3/18-19 തി.31.07.2018 – 10,00,000/- | ജില്ലയിലെ 10 ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറി | പനങ്ങാട് ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റുള്ള 9 ഗ്രാമപഞ്ചായത്തുകൾ 7,74,194/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

മേൽ പ്രൊജക്റ്റുകളിൽ ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ വിവരം മുഴുവനായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റിയ തദ്ദേശ സ്വയംഭരണ സ്ഥാപനം ( ഉദാ - ക്രമ നമ്പർ 4 ലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ) വിനിയോഗിക്കാതെ അവശേഷിച്ച തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക കൈമാറിയ മുഴുവൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 11,17,81,525/- രൂപ തടസ്സത്തിൽ വെക്കുന്നു. കൂടാതെ പട്ടിക – 4 ൽ പറഞ്ഞിരിക്കുന്നത് പ്രകാരം 52,400/- രൂപ വിനിയോഗിക്കാത്തതിന് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ പദ്ധതികൾ

പ്രോജക്റ്റ് നമ്പർ - 447/19

പ്രോജക്റ്റ് - മുട്ടഗ്രാമം പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ - മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ

അടങ്കൽ തുക - 23,75,000/- രൂപ (വികസന ഫണ്ട് പൊതു വിഭാഗം)

മറ്റ് ഗ്രാമ പഞ്ചായത്തുകൾ - 23,75,000/- രൂപ

ചെലവ് തുക - 23,75,000/- രൂപ

1. ബിൽ നമ്പർ 2/18-19 / 17.1.19 – 10,00,000/- രൂപ

2. ബിൽ നമ്പർ 3/18-19 / 7.2.19 – 12,50,000/- രൂപ

3. ബിൽ നമ്പർ 4/18-19 / 13.3.19 – 1,25,000/- രൂപ

ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 20 ഗ്രാമപഞ്ചായത്തുകൾക്ക് മുട്ടക്കോഴികളെ വാങ്ങുന്നതിനുള്ള ഫണ്ട് കൈമാറ്റം ചെയ്യുന്നതിനാണ് ഈ പ്രോജക്റ്റ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും ചേർത്ത് കോഴികളെ വാങ്ങി അതാത് ഗ്രാമപഞ്ചായത്തുകളിലെ നിർവഹണോദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. ഈ പ്രോജക്റ്റിൽ കൂട് നിർമ്മാണം പൂർണ്ണമായും ഗുണഭോക്താവിന്റെ ചുമതലയാണ്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയാണ് ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തേണ്ട ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

ഈ പ്രോജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയതിൽ താഴെപ്പറയുന്നവയിൽ നിന്നും ആയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക | വിനിയോഗ വിവരം ലഭ്യമായ തുക | വിനിയോഗ വിവരം ലഭ്യമാവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | തിക്കോടി ഗ്രാമപഞ്ചായത്ത് | 2,50,000 | 1,62,500 | 87,500 |
| 2 | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 1,25,000 | - | 1,25,000 |
| 3 | വാണിമേൽ ഗ്രാമപഞ്ചായത്ത് | 1,25,000 | - | 1,25,000 |
| 4 | നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | 1,25,000 | 1,01,875 | 23,125 |
| 5 | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | 1,25,000 | 72,500 | 52,500 |
| 6 | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 1,25,000 | - | 1,25,000 |
| 7 | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | 1,25,000 | - | 1,25,000 |
| | ആകെ | 10,00,000 | 3,36,875 | 6,63,125 |

വിനിയോഗ വിവരം ലഭ്യമാക്കാൻ അവശേഷിക്കുന്ന മേൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക, 6,63,125/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-39 പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് - ജില്ലാ പഞ്ചായത്ത് എസ്. ടി വീടുകളുടെ പൂർത്തീകരണം (6/18-19)

അടങ്കൽ തുക – 14,65,000/- രൂപ (വികസനഫണ്ട് (ടി. എസ്. പി ))

ചെലവ് തുക – 14,65,000/- രൂപ
ബിൽ നമ്പർ / തുക
1/7.6.18 - 72,295/- രൂപ

2/23.6.18 - 2,00,000/- രൂപ

3/10.7.18 - 3,42,500/- രൂപ

4/23.7.18 - 1,00,000/- രൂപ

6/31.7.18 - 2,40,000/- രൂപ

12/12.11.18 - 44,000/- രൂപ

15/29.12.18- 4,66,205/- രൂപ

ജില്ലാ പഞ്ചായത്ത് മുൻവർഷങ്ങളിൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച വീടുകളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് വേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് രൂപീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുണ്ട്. ഇതിൽ താഴെപറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് കാലയളവിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയതുക (2018-19വർഷം) | നിലവിലെ സ്ഥിതി (STAGE ) |
|---|---|---|---|
| 1 | ചന്ദ്രി | 1,00,000/12.6.18 | Roof |
| | | | |

| | | | |
|---|---|---|---|
| 2 | ഗോപാലൻ | 1,42,500/27.6.18 | വയറിംഗ് |
| 3 | സുനിൽകുമാർ | 2,75,000/26.12.18 | Roof |
| 4 | മാളു | 2,75,000/26.12.18 | Roof |
| 5 | ഷീബ | 40,000/26.7.18 | Roof |
| 6 | ബാലൻ | 2,26,205/26.12.18 | Concrete |
| 7 | മാണി | 1,00,000/26.7.18 | No basement |
| 8 | ഉപ്പാട്ടി | 90,000/26.12.18 | No basement |

മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് തുടർ വർഷങ്ങളിലും ഗഡുക്കൾ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെയും ഭാഗികമായി മാത്രമേ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ കൊണ്ട് ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക ഈടാക്കേണ്ടതുമാണ്.

### 1-40 എ.ബി.സി - പദ്ധതി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 1183/2019 |
| പ്രോജക്ട് | എ.ബി.സി പദ്ധതി - പദ്ധതി വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 1,618/- രൂപ |
| ചെലവഴിച്ച തുക | 0 |
| മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിൽ നിന്നും വകയിരുത്തിയ തുക | 1,59,66,015/- രൂപ |
| ചെലവഴിച്ച തുക | 5,43,132/- രൂപ |

കോഴിക്കോട് ജില്ലയിലെ തെരുവു നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ പിടിച്ച് ശാസ്ത്രീയമായി വന്ധ്യംകരണം നടത്തുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി ആദ്യം കരാർ വെച്ച Animal Rights Fund എന്ന സംഘടന പദ്ധതി ഏറ്റെടുത്ത് നടത്തിയില്ല. തുടർന്ന് 16.05.2017 ന് Animal Cruelty and Torture Preventon Squad എന്ന സംഘടന ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിക്കുകയും 14.06.2017 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്ന വരവേ, ബാലുശ്ശേരി ABC സെന്ററിൽ വെച്ച് 24.04.2018 ന് പോസ്റ്റ് ഓപ്പറേറ്റീവ് കാലയളവിൽ 24 നായകൾ മരണപ്പെട്ടു. ഇതിനെത്തുടർന്നുണ്ടായ ജനരോഷം കാരണം പദ്ധതി നിർത്തി വെക്കുവാൻ 30.04.2018 ലെ കത്ത് പ്രകാരം ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ സംഘടനയോട് ആവശ്യപ്പെട്ടു. തുടർന്ന് പുതിയ സംഘടനയെ തെരഞ്ഞെടുക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടു കൂടി 22.02.2019 ന് പത്ര പരസ്യം നൽകിയെങ്കിലും ഈ പദ്ധതിക്ക് ആരും തന്നെ സന്നദ്ധത അറിയിച്ചില്ല.

30.04.2018 മുതൽ നാളിതു വരെ ഈ പദ്ധതി പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. 09.11.2018 ലെ ആർ. സി. 3/422/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ABC പദ്ധതിയ്ക്കായി സർക്കാർ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ABC പദ്ധതി നടപ്പാക്കുന്നതിന് കോഴിക്കോട് ജില്ലയിലുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നാളിതു വരെ ലഭിച്ച തുകകൾ നിക്ഷേപിച്ചിരിക്കുന്നത് ടി.എസ്.ബി. 716011400000023 നമ്പർ അക്കൗണ്ടിലാണ്. 31.03.2019 ന് ഈ അക്കൗണ്ടിൽ 1,03,49,971/- രൂപ നീക്കിയിരുപ്പുണ്ട്. 09.11.2018 ലെ ആർ. സി. 3/422/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി തുടർന്ന് നടത്താൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-41 ഖാദി യൂണിറ്റുകൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി - പദ്ധതി നിർവഹണത്തിലെ അപാകതകൾ

| പ്രോജക്റ്റ് തിരിച്ചുള്ള വിവരം | പ്രോജക്റ്റ് നമ്പർ - 565/19 | പ്രോജക്റ്റ് നമ്പർ - 1266/19 |
|---|---|---|
| പ്രോജക്റ്റ് | ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ പദ്ധതി | ഖാദി യൂണിറ്റുകൾക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി |
| നിർവഹണോദ്യോഗസ്ഥൻ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫീസർ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് പൊതു വിഭാഗം - 10,00,000 രൂപ | വികസന ഫണ്ട് പൊതു വിഭാഗം - 3,00,000 രൂപ |
| ചെലവ് | 9,80,000 രൂപ | 3,00,000രൂപ |
| ബിൽ നമ്പർ | 1/18-19 തീയതി 14.11.18 – 9,80,000 രൂപ | 1. 2/18-19 തീയതി 19.3.19 – 1,76,142 രൂപ<br>2. 3/18-19 തീയതി 27.3.19 – 1,23,858 രൂപ |

ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിലെ മേപ്പയ്യൂർ ഖാദി കേന്ദ്രത്തിലേക്ക് തറിയും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് ഈ പ്രോജക്റ്റ്. പ്രോജക്റ്റ് ഫയലിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമല്ല.

1. മേപ്പയ്യൂർ ഖാദി കേന്ദ്രത്തിലേക്ക് എത്ര തറിയും അനുബന്ധ ഉപകരണങ്ങളും ആവശ്യമാണ് എന്ന് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കിയത്.
2. ഈ പ്രോജക്റ്റ് പ്രകാരം വാങ്ങിയ തറിയും അനുബന്ധ ഉപകരണങ്ങളും കൊണ്ട് സ്ഥാപനത്തിന് എന്ത് പ്രയോജനമാണ് ഉണ്ടായത് എന്ന് വ്യക്തമല്ല.
3. ഈ പ്രോജക്റ്റിന്റെ മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 39/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തന വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-42 പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

| പ്രോജക്റ്റ് നമ്പർ | എസ്.ഒ 543/19 |
|---|---|
| പ്രോജക്റ്റ് | പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| വകയിരുത്തിയ തുക | വികസന ഫണ്ട് - എസ്.സി.പി - 20 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 20 ലക്ഷം രൂപ<br>1. ബിൽ നമ്പർ 12/18-19 തീയതി 13.3.19 – 5,00,000<br>2. ബിൽ നമ്പർ 14/18-19 തീയതി 20.3.19 – 14,00,000<br>3. ബിൽ നമ്പർ 16/18-19 തീയതി 23.3.19 – 1,00,000 |

പട്ടികജാതി യുവജനങ്ങൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം നൽകുവാനാണ് ഈ പ്രോജക്റ്റ്. ഈ പ്രോജക്റ്റ് പ്രകാരം 20 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രോജക്റ്റ് പ്രകാരം ധനസഹായം കൈപ്പറ്റിയ രണ്ടു പേർ നേരത്തേ തന്നെ വിദേശത്ത് പോയവരും NRE അക്കൗണ്ട് ഉള്ളവരുമാണ്. ഈ പ്രോജക്റ്റ് പ്രകാരം ധനസഹായം കൈപ്പറ്റുന്നതിനായി ഇവർ നൽകിയ അക്കൗണ്ട്, NRE അക്കൗണ്ട് ആയതിനാൽ, ആയതിലേക്ക് ട്രഷറിയിൽ നിന്നും ധനസഹായം ട്രാൻസ്ഫർ ചെയ്യാൻ കഴിയാതെ വരികയും തുടർന്ന് ധനസഹായ തുക ഇവരുടെ അപേക്ഷയിൻമേൽ ഇവരുടെ ഭാര്യമാരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ആയിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ധനസഹായം കൈപ്പറ്റുന്നതിനായി അപേക്ഷയോടൊപ്പം നൽകിയ | ധനസഹായ തുക ട്രാൻസ്ഫർ ചെയ്ത ഭാര്യമാരുടെ അക്കൗണ്ട് വിവരം |
|---|---|---|

| | ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരം | |
|---|---|---|
| ദിലീഷ് എ. പി, പള്ളിപ്രം വീട്ടിൽ, താഴെക്കുനി<br>വിദേശ വിലാസം<br>PB No. 38580, East RIFFA | എസ്. ബി. ഐ, കല്ലാച്ചി - അക്കൗണ്ട് നമ്പർ - 67092812509<br>NRE അക്കൗണ്ട് | സബിന, w/o ദിലീഷ് എ. പി, പള്ളിപ്രം വീട്ടിൽ, താഴെക്കുനി<br>അക്കൗണ്ട് നമ്പർ - 40250101066687, കേരള ഗ്രാമീൺ ബാങ്ക്, കല്ലാച്ചി |
| ബൈജു എം, തറയിൽ | അക്കൗണ്ട് നമ്പർ - 40195100107548, കേരള ഗ്രാമീൺ ബാങ്ക്, മണ്ണൂർ<br>NRE അക്കൗണ്ട് | സഞ്ജിത, w/o ബൈജു എം, തറയിൽ, അക്കൗണ്ട് നമ്പർ - 40195101026935, കേരള ഗ്രാമീൺ ബാങ്ക്, മണ്ണൂർ |

നേരത്തേ തന്നെ വിദേശത്ത് പോയവരും NRE അക്കൗണ്ട് ഉള്ളവരുമായ മേൽ ഗുണഭോക്താക്കൾക്ക് ഈ പ്രോജക്ട് പ്രകാരം ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല ( 1,00,000 x 2 = 2,00,000 രൂപ ). ഇപ്രകാരം അനർഹമായി അനുവദിച്ച ധനസഹായം ( 2,00,000 രൂപ ) ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 33/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-43 പട്ടികജാതി യുവജനങ്ങൾക്ക് SDC മുഖേനെ മത്സര പരീക്ഷകൾക്ക് പരിശീലനം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. ഒ 558/19 |
| പ്രോജക്ട് | പട്ടികജാതി യുവജനങ്ങൾക്ക് SDC മുഖേന മത്സര പരീക്ഷകൾക്ക് പരിശീലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| വകയിരുത്തിയ തുക | വികസന ഫണ്ട് - എസ്.സി.പി - 20 ലക്ഷം രൂപ<br>ഗുണഭോക്തൃ വിഹിതം - 1,50,000 രൂപ |
| ചെലവഴിച്ച തുക | 13,73,333/- രൂപ<br>ബിൽ നമ്പർ 20/18-19 തീയതി 23.3.19 – 13,73,333/- രൂപ |

കോഴിക്കോട് ജില്ലയിലെ അഭ്യസ്ത വിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്ക് പങ്കെടുക്കുന്നതിനായി കോച്ചിംഗ് നൽകുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട്. 150 പേരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. SDC ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശീലനം പൂർത്തിയാക്കിയ 103 പേർക്കുള്ള തുകയാണ് SDC ക്ക് നൽകിയത്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഈ കോഴ്സിന് ഒരാൾക്ക് 13,333/- രൂപയാണ് കോഴ്സ് ഫീസായി നിശ്ചയിച്ചത്. എന്നാൽ ഇത് എപ്രകാരം നിശ്ചയിച്ചു എന്നും ഇതിൽ ഏതെല്ലാം ഘടകങ്ങളുണ്ട് എന്നും വ്യക്തമല്ല.

2. ഈ കോഴ്സ് കൊണ്ട് ഗുണഭോക്താക്കൾക്ക് നേരിട്ട് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം / നൈപുണ്യ വികസനം എന്താണ് എന്ന് വ്യക്തമല്ല. തൊഴിൽ ലഭിക്കുമെന്ന് ഉറപ്പില്ലാതെ പരിശീലനം മാത്രം നൽകിയതിനാൽ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. പരിശീലനം ലഭിച്ച എത്ര പേർക്ക് ജോലി ലഭിച്ചു എന്ന രീതിയിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

3. ഗുണഭോക്തൃ വിഹിതമായി ഒരാളിൽ നിന്നും 1,000/- രൂപ വീതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

4. പ്രോജക്ട് പ്രകാരം പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിനാണ് ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് ചുമതല. എന്നാൽ ഈ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 34/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 പട്ടികജാതി വനിതകൾക്ക് SDC മുഖേനെ വിവിധ തൊഴിൽ പരിശീലനം - പ്രോജക്ട് നടത്തിപ്പിലെ

അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 554/19 |
| പ്രോജക്ട് | പട്ടികജാതി വനിതകൾക്ക് SDC മുഖേനെ വിവിധ തൊഴിൽ പരിശീലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| വകയിരുത്തിയ തുക | വികസന ഫണ്ട് - എസ്.സി.പി - 24 ലക്ഷം രൂപ<br>ഗുണഭോക്തൃ വിഹിതം - 2,40,000/- രൂപ |
| ചെലവഴിച്ച തുക | 21,60,000/- രൂപ<br>ബിൽ നമ്പർ 13/18-19 തീയതി 20.3.19 – 21,60,000/- രൂപ |

കോഴിക്കോട് ജില്ലയിലെ അഭ്യസ്ത വിദ്യരായ പട്ടികജാതി വനിതകൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് വ്യക്തിത്വ വികാസം, തൊഴിൽ ശേഷി, സാങ്കേതിക പരിജ്ഞാനം എന്നിവ വർദ്ധിപ്പിച്ച് ജീവിത നിലവാരവും സാമൂഹ്യ ബന്ധങ്ങളും തൊഴിൽ ലഭ്യതയും ഉറപ്പ് വരുത്തുക എന്ന വിശാല ലക്ഷ്യത്തോടുകൂടി വിഭാവനം ചെയ്ത പ്രോജക്ടാണിത്. ഈ പ്രോജക്ട് പ്രകാരം 80 ഗുണഭോക്താക്കൾക്ക് വ്യക്തിത്വ വികാസം, ആത്മവിശ്വാസം, ഇംഗ്ലീഷ് ഭാഷ സംസാരശേഷി എന്നിവയിൽ പരിശീലനം നൽകുന്നു. കൂടാതെ ഫാഷൻ ഡിസൈനിംഗ്, ഇലക്ട്രിക്കൽ വയർമാൻ, പ്രസ്സ് ഓഫീസ് മാനേജ്മെന്റ് ആന്റ് ഡാറ്റാ എൻട്രി, ഡി.ടി.പി ആന്റ് ഗ്രാഫിക് ഡിസൈനിംഗ്, ഹാർഡ് വെയർ സർവീസിംഗ് എന്നീ വിവിധ തരം തൊഴിൽ പരിശീലനങ്ങളും നൽകുന്നു.

ഈ കോഴ്സിന് ഒരാൾക്ക് 33,000/- രൂപയാണ് ഫീസ്. ഫീസ് ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | കോഴ്സ് ഫീസ് - സാങ്കേതിക പരിശീലനം | 15,000 |
| 2 | കോഴ്സ് ഫീസ് - മൃദു നൈപുണികൾ | 5,000 |
| 3 | സി - ഡിറ്റ് രജിസ്ട്രേഷൻ ഫീസ് | 1,200 |
| 4 | കോഴ്സ് മെറ്റീരിയൽ | 1,800 |
| 5 | സ്വയം തൊഴിലിനുള്ള ഉപകരണങ്ങൾ | 10,000 |
| ആകെ | | 33,000 |

( പ്രോജക്ട് പ്രകാരമുള്ള ഫണ്ട് - 30,000, ഗുണഭോക്തൃവിഹിതം - 3,000 )

ഈ പ്രോജക്ട് പ്രകാരം പരിശീലനം പൂർത്തിയാക്കിയ 72 പേർക്ക് ഫീസിനത്തിലുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചത്. ( 72 x 30,000 = 21,60,000 )

ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ വന്ന അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഈ പ്രോജക്ട് പ്രകാരം പരിശീലനം പൂർത്തിയാക്കുന്ന വ്യക്തികൾക്ക് സ്കിൽ ഡവലപ്മെന്റ് സെന്ററിന്റെ പ്ലേസ്മെന്റ് വിഭാഗം മുഖേന വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതാണ് എന്ന് SDC യുമായുള്ള കരാറിൽ വ്യക്തമാക്കുന്നുണ്ട്. SDC ഇപ്രകാരം പ്ലേസ്മെന്റ് ലഭ്യമാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

2. ഗുണഭോക്തൃ വിഹിതമായി ഒരാളിൽ നിന്നും 3,000/- രൂപ വീതം ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

3. പ്രോജക്ട് പ്രകാരം പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിനാണ് ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് ചുമതല. എന്നാൽ ഈ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 35/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-45 ഇ-ടെണ്ടർ ഫീ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിൽ കാലതാമസം

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടക്കുന്ന ഇ-ടെണ്ടറിന്റെ ഫോറം വില, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോഴിക്കോട് എരഞ്ഞിപ്പാലം ശാഖയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് (നം.67274621508) ക്രെഡിറ്റ് ചെയ്തുവരുന്നത് (സർക്കാർ ഉത്തരവ് 232/13/ത.സ്വ.ഭ.വ തീയതി 25.06.2013). ജില്ലാ പഞ്ചായത്ത് ഉൾപ്പടെയുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടെണ്ടർ ഫോറം വില ഇത്തരത്തിൽ വരവ് വന്നിട്ടുള്ളത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള, ഇ – ടെണ്ടറുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.12.2019 തീയതിയിൽ 1,24,72,760/- രൂപ ഈയിനത്തിൽ നീക്കിയിരിപ്പുണ്ട് (07/2017 മുതൽ 03/2019 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല). ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ ഇ-ടെണ്ടർ സ്റ്റേറ്റ്മെന്റ് പ്രകാരം ജില്ലാ പഞ്ചായത്തിന് അർഹമായ വരവ് തുകയുടെ 2014-15 മുതലുള്ള വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | തുക |
|---|---|
| 01.01.2014 മുതൽ 31.012.2014 വരെ | 9,67,428 |
| 01.01.2015 മുതൽ 31.12.2015 വരെ | 20,08,310 |
| 01.01.2016 മുതൽ 31.12.2016 വരെ | 21,21,295 |
| 01.01.2017 മുതൽ 31.12.2017 വരെ | 12,33,585 |
| 01.01.2018 മുതൽ 31.12.2018വരെ | 22,79,312 |
| 01.01.2019 മുതൽ 31.12.2019 വരെ | 18,99,003 |
| ആകെ | 1,05,08,933 |

മേൽ തുകയിൽ, 2014-15 മുതൽ 31.12.2019 വരെ വിവിധ തീയതികളിലായി 70,00,000/- രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തുക | ചെക്ക് നം./തീയതി |
|---|---|---|
| 1 | 10,00,000 | 042617/24.03.2015 |
| 2 | 25,00,000 | 923421/04.10.2016 |
| 3 | 35,00,000 | 923422/16.09.2017 |
| ആകെ | 70,00,000 | |

ഇത് പ്രകാരം 35,08,933/- ( 1,05,08,933 – 70,00,000 ) രൂപ കൂടി ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ ശേഷിക്കുന്നുണ്ട്. ( ഇതിൽ 30,00,000/- രൂപ 10.01.2020 തീയതിയിൽ 266869 നം. ചെക്ക് പ്രകാരം അടവാക്കിയിട്ടുണ്ട് ) ഇത് കൂടാതെ, വിവിധ ത.സ്വ.ഭ സ്ഥാപനങ്ങൾക്കായി വിതരണം ചെയ്യേണ്ട 89,63,827/- രൂപ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട് ( 1,24,72,760 - 35,08,933 = 89,63,827 ) .

ഇ - ടെണ്ടർ ഫോറം വിലയിനത്തിൽ 31.12.2019 വരെയായി 15,22,852/- രൂപ മറ്റ് ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് കൈമാറിയതായി ഇ – ടെണ്ടർ ഫീ റിലീസിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൈമാറിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. (ഇ - ടെണ്ടർ ഫീ റിലീസിംഗ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ)

| ക്രമ നം. | ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തിന്റെ പേര് | കൈപ്പറ്റിയ തുക | ചെക്ക് നം./ തീയതി | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 5,30,722 | 266857/ 15.12.2017 | 01.01.2015 മുതൽ 01.12.2017 വരെ | പിൻവലിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല |
| 2 | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 3,75,799 | 266863/ 06.12.2019 | 01.01.2014 മുതൽ 31.12.2017 വരെ | |
| 3 | പെരുമണ്ണ ഗ്രാമ പഞ്ചായത്ത് | 74,395 | 266864/ 06.12.2017 | 01.01.2014 മുതൽ 31.12.2017 വരെ | |
| 4 | പെരുവയൽ ഗ്രാമ പഞ്ചായത്ത് | 29,230 | 266865/0 6.12.2019 | 01.01.2014 മുതൽ 31.12.2017 വരെ | 20.12.2019 ന് പിൻവലിച്ചു |
| 5 | മാവൂർ ഗ്രാമ പഞ്ചായത്ത് | 61,830 | 266866/ 06.12.2019 | 01.01.2015 മുതൽ 31.12.2017 വരെ | പിൻവലിച്ചതിന്റെ വിവരം ലഭ്യമായില്ല |
| 6 | ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് | 51,935 | 266867/ 06.12.2019 | 01.01.2014 മുതൽ 31.12.2017 വരെ | 21.12.2019 ന് പിൻവലിച്ചു |
| 7 | കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് | 54,800/ | 266868/ 06.12.2019 | 01.01.2014 മുതൽ 31.12.2017 വരെ | |
| 8 | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 1,27,436 | 266858/ 06.12.2019 | 01.01.2014 മുതൽ 31.12.2017 വരെ | പിൻവലിച്ചതിന്റെ വിവരം ലഭ്യമായില്ല |
| 9 | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 21,600 | 266859/ 06.12.2019 | 01.01.2016 മുതൽ 31.12.2017 വരെ | 21.12.2019 ന് പിൻവലിച്ചു |
| 10 | ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | 66,670 | 266860/ 06.12.2019 | 01.01.2017 മുതൽ 31.12.2017 വരെ | പിൻവലിച്ചതിന്റെ വിവരം ലഭ്യമായില്ല |
| 11 | അത്തോളി ഗ്രാമ പഞ്ചായത്ത് | 22,460 | 266861/ 06.12.2019 | 01.01.2016 മുതൽ 31.12.2017 വരെ | |
| 12 | മൂടാടി ഗ്രാമ പഞ്ചായത്ത് | 45,834 | 2668562/ | 01.01.2016 മുതൽ | |

| | | | | | |
|---|---|---|---|---|---|
| | | | 06.12.2019 | 31.12.2017 വരെ | |
| 13 | കുത്താളി ഗ്രാമ പഞ്ചായത്ത് | 60,141 | 266856/ 28.11.2017 | 2016-17 | |
| ആകെ | | 15,22,852 | | | |

മേൽ പരാമർശിച്ചിട്ടുള്ള മുഴവൻ കാലയളവിലെയും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പൂർണ്ണമായി ഹാജരാക്കാതിരുന്നതിനാൽ കൈമാറിയതും, കൈമാറാൻ ബാക്കിയുള്ളതുമായ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. കൂടാതെ, ക്രമ നമ്പർ (4), (6), (7), (9) എന്നിവ ഒഴികെയുള്ള തുകകൾ പിൻവലിച്ചത് എപ്പോഴാണെന്നത് സംബന്ധിച്ചും പ്രസ്തുത ചെക്കുകൾ 6 മാസ കാലാവധി കഴിഞ്ഞ് സ്റ്റെയിൽ ചെക്ക് ആയിട്ടുണ്ടോയെന്നതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ 2014 വർഷം മുതൽ വിതരണം ചെയ്യാനുള്ള തുകകളിൽ, കുത്താളി ഗ്രാമപഞ്ചായത്തിന്റെയും, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെയും ഒഴികെയുള്ള തുകകൾ 2019 ഡിസംബർ മാസത്തിലാണ് കൈമാറിയിരിക്കുന്നത്.

സ.ഉ (സാധാ) 3186/2017/ത.സ്വ.ഭ.വ തീയതി 02.10.2017 പ്രകാരം ഇ - ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ത.സ്വ.ഭ സ്ഥാപനങ്ങൾ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും പ്രസ്തുത അക്കൗണ്ടിലേക്കാണോ തുക കൈമാറിയതെന്നും വ്യക്തമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കാൻ ശേഷിക്കുന്ന തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തുക കണക്കാക്കി കൈമാറുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരവും അറിയിക്കേണ്ടതാണ്.

### 1-46 എസ്. സി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പഠനസഹായം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് – എസ്. സി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പഠനസഹായം

1. പ്രോജക്ട് നമ്പർ - 541/19

അടങ്കൽ തുക - 30,00,000/- രൂപ

ചെലവ് തുക - 21,95,000/- രൂപ

ബിൽ നമ്പർ/ തീയ്യതി- 10/18-19/ 19.03.2019 – 21,95,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ പട്ടികജാതി വികസന ഓഫീസർ

2. പ്രോജക്ട് നമ്പർ - 540

അടങ്കൽ തുക - 25,00,000/- രൂപ

ചെലവ് തുക - 16,55,000/- രൂപ

1. ബിൽ നമ്പർ/തീയ്യതി – 9/18-19/ 14.03.2019 - 10,30,000/- രൂപ
2. ബിൽ നമ്പർ/ തീയ്യതി – 19/18-19/ 27.03.2019 - 6,25,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ പട്ടികജാതി വികസന ഓഫീസർ

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ) 22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 ൻെറ അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത്. മേൽ പദ്ധതിയുടെ ഫയൽ, രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിൽ നിന്നും വ്യത്യസ്തമായ നിരക്കിൽ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ - 541/19 (പെൺകുട്ടികൾ)

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകിയ തുക | അർഹമായ തുക | റിമാർക്സ് |
|---|---|---|---|---|
| ശ്രീമതി. ആതിര. പി. എം പുലിക്കോട്ട് മീത്തല്, നൊച്ചാട് | ബി. എഡ് | 15,000 | 20,000 | 5,000/-രൂപ കുറച്ച് നൽകി |
| ശ്രീമതി. അനശ്രീ ഒതയോത്ത്, വരിക്കേളി, കല്ലാച്ചി | പോളി ഡിപ്ലോമ | 25,000 | 20,000 | 5,000/- രൂപ കൂടുതൽ നൽകി |

പ്രോജക്ട് നമ്പർ - 540 (ആൺകുട്ടികൾ)

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകിയ തുക | അർഹമായ തുക | റിമാർക്സ് |
|---|---|---|---|---|
| ശ്രീ. ഷിബിൻ രാജ് ചെറുപുഴനിലം പൂനത്ത് പി.ഒ | പോളി ഡിപ്ലോമ | 15,000 | 20,000 | 5,000/- രൂപ കുറച്ച് നൽകി |

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് വ്യത്യസ്ത പ്രോജക്ട് നമ്പറുകളിലായി (540, 541) നടപ്പിലാക്കിയ പദ്ധതികളിൽ പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു കാണുന്നു. ഇത്തരത്തിൽ ആനുകൂല്യത്തുക വ്യത്യസ്തമാകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 36/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനുവദിച്ച ആനുകൂല്യത്തുകയുടെ കൃത്യത പരിശോധിച്ച് കുറവ് /കൂടുതൽ വന്നിട്ടുള്ളത് ക്രമീകരിച്ച് അർഹമായ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-47 പി.ആർ.ടി.സി മുഖേന എസ്.സി വനിതകൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് - പി.ആർ.ടി.സി മുഖേന എസ്. സി വനിതകൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം

പ്രോജക്ട് നമ്പർ - 548/19

അടങ്കൽ തുക - 25,00,000/- രൂപ

ചെലവ് തുക - 23,76,000/- രൂപ

1. ബിൽ നമ്പർ/തീയ്യതി – 04/18-19/28.11.2018 - 6,00,000/- രൂപ
2. ബിൽ നമ്പർ/ തീയ്യതി – 15/18-19/22.03.2019 - 9,84,000/- രൂപ
3. ബിൽ നമ്പർ/തീയ്യതി – 17/18-19/27.03.2019 - 7,92,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നമ്പർ 548/19 പ്രകാരം പി.ആർ.ടി.സി മുഖേന എസ്. സി വനിതകൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം നൽകി സുരക്ഷാ ജീവനക്കാരായി വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കാൻ പ്രാപ്തരാക്കുന്ന പദ്ധതി ത.സ്വ.ഭ. വകുപ്പിന്റെ 21.06.2008 ലെ സ.ഉ (സാധാ) 1764/08 പ്രകാരം കേരള സർക്കാർ അംഗീകരിക്കുകയും സബ്സിഡി തുക നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ത.സ്വ.ഭ. വകുപ്പിന്റെ 21.12.2015 ലെ സ. ഉ (സാധാ) 3826/2015 പ്രകാരം പരിശീലന പരിപാടിയുടെ ഫീസ് 25,000/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് 1,000/- രൂപ ഗുണഭോക്തൃവിഹിതവും 24,000/- രൂപ സബ്സിഡിയുമാണ്. മേൽ പദ്ധതി പ്രകാരം 100 പരിശീലനാർത്ഥികൾക്ക് 25,00,000/- രൂപ വകയിരുത്തിയതിൽ 23,76,000/- (99 X 24,000/-) രൂപ ചെലവഴിച്ചു. പദ്ധതിയുടെ ഫയൽ, രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കി, ആയതിൽ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1). പരിശീലനാർത്ഥികളുടെ ഹാജർ വിവരം.

2). ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്. ( പ്രോജക്ട് പ്രകാരം പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിനാണ് പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല )

മേൽ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 37/18-19 തീയതി 22.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-48 ചെലവ് വൗച്ചറുകൾ സ്ഥാപന മേധാവി അധികൃതമാക്കിയില്ല

2018-19 – ലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ നിരവധി വൗച്ചറുകളിലെ ചെലവുകൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കിയിട്ടില്ല എന്നു കാണുന്നു. ഒരു സ്ഥാപനത്തിൽ നിന്നുമുള്ള എല്ലാ ചെലവുകളും ആ സ്ഥാപന

മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ( 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 156 പ്രകാരം ) എന്നാൽ ഓഡിറ്റ് വർഷത്തെ എല്ലാ വൗച്ചറുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | ചെലവിനം | തുക |
|---|---|---|---|
| 30.04.18 | 21800065 | Expenditure of transferred institution (Agriculture) | 1,50,000 |
| 30.04.18 | 21800066 | DAF Koothali | 3,00,000 |
| 13.04.18 | 21800046 | SSF Perambra (Hire charge of lorry) | 1,01,850 |
| 24.07.18 | 21800449,<br>21800450 | Dues payable (Auction of building) | 44,742 |
| 22.12.18 | 21801169 | Repairs & maintanance, GHSS Parambil | 1,00,000 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 40/18-19 തീയതി 26.6.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ അനുമതിയില്ലാതെ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്ട് പേര്/നമ്പർ | സുഭിക്ഷ - വനിത തൊഴിൽ പരിശീലന കേന്ദ്രം ( 806/18-19 ) |
| അടങ്കൽ തുക,<br>എം. ബുക്ക് നം. | 10 ലക്ഷം ( വികസന ഫണ്ട് )<br>എം. ബുക്ക് നം. 146/17-18 |
| ചെലവ് തുക | 9,87,298/- രൂപ ( ബിൽ നം. 385/22.03.2019 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ സുഭിക്ഷ വുമൺ എംപ്ലോയ്മെന്റ് ട്രെയ്നിംഗ് സെന്റർ കെട്ടിടം പുതുതായി നിർമ്മിക്കാൻ വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. നിലവിലുള്ള സുഭിക്ഷ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് മുകളിലായി പുതിയ മീറ്റിംഗ് ഹാൾ നിർമ്മിക്കാൻ വേണ്ട ആർ.സി.സി പില്ലർ, ചെങ്കൽ ഭിത്തി, മുതലായവയ്ക്കുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. 16.02.2018 ന് ആരംഭിച്ച പ്രവൃത്തി 30.01.2019 ന് പൂർത്തിയാക്കുകയും കരാറുകാരനായ ഒ. എം സ്വരാജിന് 9,37,810/- രൂപ നൽകുകയും ചെയ്തു.

കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹായത്തോടെ പത്ത് കോടിയിലധികം രൂപ ചെലവഴിച്ച്, പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ 700 സ്വാശ്രയ ഗ്രൂപ്പുകളിൽപ്പെടുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 7,000 ത്തോളം കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കുന്നതിനും സ്ത്രീ ശാക്തീകരണം ലക്ഷ്യം വെച്ചും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് "സുഭിക്ഷ". ഡി.പി.ആർ പ്രകാരം പ്രോജക്ടിന്റെ കാലാവധി 31.12.2019 നാണ് അവസാനിക്കുന്നതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും 13.06.2007 ന് തന്നെ ഒരു പ്രൊഡ്യൂസർ കമ്പനി കരാർ വെച്ച് ഏറ്റെടുത്തു. 2015 മുതൽ 2018 വരെയുള്ള കാലയളവിൽ, "സുഭിക്ഷ" സ്പെഷൽ ഓഡിറ്റിന്റെ ഭാഗമായി, വിവിധ ഘട്ടങ്ങളിലായി പദ്ധതി ആരംഭിച്ചതു മുതലുള്ള രേഖകൾ പരിശോധിച്ചതിലും സുഭിക്ഷയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ചും ആനുകൂല്യങ്ങൾക്കായി തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ നേരിൽ കേൾക്കുകയും ചെയ്തതിൽ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യമായ ദാരിദ്ര്യ ലഘൂകരണം കൈവരിച്ചില്ലെന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിരുന്നു. കൂടാതെ ഭൂരിഭാഗം സ്വാശ്രയ ഗ്രൂപ്പുകളും സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിയുടെ ഭാഗമല്ലാതായി മാറുകയും

ചെയ്തു. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ഒരു ഉപദേശക സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് [സ.ഉ. (സാധാ നം. 3080/2017/തസ്വഭവ തീയതി 18.09.2017)].

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 27/18-19 തീയതി 18.6.2020 ) ജില്ലാ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ താഴെ പറയുന്ന കാരണങ്ങളാൽ സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിക്ക് ധനസഹായം നൽകിയ ഇനത്തിലുള്ള 9,87,298/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

1. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച സുഭിക്ഷ പദ്ധതിയുടെ വിപുലീകരണത്തിന് ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല. പ്രസ്തുത പ്രോജക്ട് നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയിൽ തീരുമാനമെടുത്തിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിയിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുന്നില്ല.

3. സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ ഒരു പ്രൊഡ്യൂസർ കമ്പനിക്ക് പൊതുഫണ്ട് നൽകിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ സുഭിക്ഷയുടെ ആരംഭ ഘട്ടത്തിലുണ്ടായിരുന്ന മുഴുവൻ സ്വാശ്രയ സംഘങ്ങളെയും ഉൾപ്പെടുത്തിയല്ല നിലവിൽ പ്രൊഡ്യൂസർ കമ്പനി പ്രവർത്തിച്ചു വരുന്നത്.

4. മേൽ പറഞ്ഞ പ്രോജക്ട് നടപ്പിലാക്കുന്നതു മൂലം പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.

5. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 173, 5ാം പട്ടികയിലെ ജില്ലാ പഞ്ചായത്തിന്റെ പൊതുമരാമത്ത് ചുമതലകൾ എന്നിവ പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. എന്നാൽ സുഭിക്ഷ അത്തരത്തിൽ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ ഒരു സ്ഥാപനമല്ല. അതേപോലെ ദാരിദ്ര്യ നിർമ്മാർജ്ജന ചുമതലകളിൽ ജില്ലാ പഞ്ചായത്തിന് സ്വയം തൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്. എന്നാൽ "സുഭിക്ഷ" പദ്ധതിയുടെ ഓഡിറ്റ് വേളയിൽ ദാരിദ്ര്യ ലഘൂകരണ പരിപാടികൾ ഫലപ്രദമായി നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

## 3-2 പ്രവൃത്തിയിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയത് മൂലം നഷ്ടം

പ്രോജക്ട് : മാവൂർ പഞ്ചായത്ത് സ്റ്റേഡിയം പൂർത്തീകരണം (നം.686/19)
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ

അടങ്കൽ തുക : 10,00,000/- രൂപ

ചെലവ് തുക : 5,00,000/- രൂപ പാർട്ട് ബിൽ 2017-18 വർഷത്തിൽ

3,43,159/- രൂപ ബിൽ നം.26/18-19/27.7.18

2015-16 വർഷത്തിൽ നിർമ്മാണ പ്രവർത്തികൾ നടത്തിയ മാവൂർ പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ (ചെറൂപ്പ), (പ്രോ.നം.175/16) തുടർ പ്രവർത്തികൾക്കായി 2017-18 വർഷത്തിൽ വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ ചെയ്ത പ്രവർത്തിയായ ജി. ഐ. പോസ്റ്റുകളിൽ വയർ നെറ്റ് ഘടിപ്പിക്കുന്നതിനും, പോസ്റ്റുകൾ ഇല്ലാത്ത ഭാഗത്ത് ജി. ഐ പോസ്റ്റുകൾ ഉൾപ്പെടെ വയർ നെറ്റ് ഘടിപ്പിക്കുന്നതിനും പ്രധാന പരിഗണന നൽകി കൊണ്ടും, കരിങ്കല്ല് ഉപയോഗിച്ച് കുറഞ്ഞ ഭാഗം ഗാലറി നിർമ്മിക്കുന്നതിനുമാണ് തൻവർഷം പദ്ധതി രൂപീകരിച്ചത്.

2015-16 വർഷത്തിൽ വിഭാവനം ചെയ്തു നടപ്പാക്കിയ ഈ സ്റ്റേഡിയത്തിന്റെ പ്രവൃത്തിയിൽ പ്രധാനമായും ചെയ്തത് ഗ്രൗണ്ടിനു ചുറ്റും 1 മീറ്റർ ഉയരത്തിൽ ഇരിക്കാനുള്ള സൗകര്യത്തോടു കൂടിയ ചുറ്റുമതിലും, റോഡ് അതിരിനോട് ചേർന്ന് ആർ.സി.സി. ഗാലറിയും, റെയിലിംഗും, ജി. ഐ പോസ്റ്റുകളും, ബാക്കി തുകയ്ക്ക് നെറ്റ് പിടിപ്പിക്കലുമായിരുന്നു. ആദ്യ പദ്ധതിയിൽ പതിനഞ്ചാമത്തെ ഇനമായ നെറ്റ് പിടിപ്പിക്കുന്ന പ്രവർത്തി ഉൾപ്പെടുത്തി 143.7 ച. മീ വിസ്തൃതിയിൽ ആയത് ചെയ്തിട്ടുണ്ട് (എം. ബുക്ക് നം.415/15-16, പേജ് 37). ബാക്കി വരുന്ന വിസ്തൃതിയിലാണ് പുതിയ പ്രോജക്ടിൽ നെറ്റ് പിടിപ്പിക്കുന്നത്.

രണ്ടു വർഷങ്ങളിലേയും പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ മേൽ വിവരിച്ച നെറ്റ് ഘടിപ്പിക്കുന്ന പ്രവർത്തിയ്ക്ക് വ്യത്യസ്ത ഇനമാണ് (ഡാറ്റ) രണ്ടു എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു,

| | |
|---|---|
| ആദ്യ പ്രോജക്ട് 2015-16 എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രൈസ് സോഫ്റ്റ് വെയറിലല്ല | രണ്ടാമത്തെ പ്രോജക്ട് |
| Welded steel wire fabric of required width having rectangular mesh painted with two or more coats of enamel paint of approved shade over a coat of primer.<br><br>നിരക്ക് - 91.22രൂ/1kg<br>ഈയിനം DAR ൽ ഐറ്റം 16.15.2 ആയി ഉൾപ്പെട്ടിട്ടുണ്ട്. നിരക്ക് 85.37 രൂപ/kg | ഇനം നമ്പർ 16.70.1<br><br>Providing and fixing G.I chain link fabric fencing of required width in mesh size 50x50mm including strengthening with 2mm dia wire or nuts, bolts washers as required complete as per the direction of Engineer in charge. Made of G.I wire of dia 4mm.<br><br>നിരക്ക് - 798.51 രൂപ/ച. മീ. |

ഓഡിറ്റിന്റെ ഭാഗമായി 24.06.2020 ന് മാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പ്രസ്തുത സ്റ്റേഡിയം നേരിൽ സന്ദർശിച്ച് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ സ്റ്റേഡിയത്തിന്റെ മുഴവൻ ചുറ്റളവിലും എസ്റ്റിമേറ്റിന് വിരുദ്ധമായി ഒരേ നെറ്റ് ഉപയോഗിച്ചാണ് ഫെൻസിംഗ് നടത്തിയിരിക്കുന്നത്. ഈ നെറ്റ് ആദ്യ എസ്റ്റിമേറ്റിൽ വിവരിക്കും പ്രകാരമുള്ള വെൽഡഡ് സ്റ്റീൽ വയർ ഉപയോഗിച്ചുള്ള മെഷ് വർക്കാണ്. ഇത് ജി.ഐ. പോസ്റ്റുകളിൽ നൽകിയിട്ടുള്ള സ്റ്റീൽ ഫ്രെയിമിൽ വെൽഡ് ചെയ്ത് ഉറപ്പിച്ച രീതിയിലാണ്.

അളവ് പുസ്തകം 124/17-18 പേജ് 10, 11 എന്നിവ പ്രകാരം രണ്ടാമത്തെ പ്രോജക്ടിൽ ആകെ 790.62 ച. മീ. വിസ്തൃതിയിൽ നെറ്റ് ഘടിപ്പിച്ചിട്ടുണ്ട്. ഇതിന് കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കായ 733.51 രൂപ നിരക്കിൽ ആകെ 5,79,927.68 രൂപ നൽകി (പേജ് 12). മുകളിൽ വിവരിച്ച രീതിയിൽ സ്റ്റേഡിയത്തിൽ ചെയ്തിരിക്കുന്നത് ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ രീതിയുള്ള നെറ്റിന്റെ പ്രവർത്തിയാണ്. പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ തെറ്റായ ഇനം ഉൾപ്പെടുത്തി തുക നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം DAR ൽ (പ്രൈസ് സോഫ്റ്റ് വെയറിലും) ഇനം നമ്പർ 16.15.2 ആയി നിലവിലുണ്ട്. ഇതുൾപ്പെടുത്താതെ ഗാൽവനൈസ്ഡ് വയർ ഉപയോഗിച്ചുള്ള ഫെൻസിംഗ് ഉൾപ്പെടുത്തി, ചെയ്യാത്ത പ്രവർത്തിയുടെ തുക നൽകിയതിലൂടെ 99418.68 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഐറ്റം നമ്പർ 16.15.2 ന്റെ നിരക്ക് (42.16% കോസ്റ്റ് ഇൻഡക്സ് നിരക്കിൽ)<br><br>Welded steel wire fabric of required width having rectangular mesh painted with two or more coats of enamel paint of approved shade over a coat of primer.(ഒരു ച.മീ. ചെയ്യാൻ 7.75kg എന്ന തോതിൽ) | 85.37 രൂപ/kg |
| ആകെ ചെയ്ത വിസ്തൃതി | 790.62 ച.മീ. |
| കരാറുകാരൻ ഏറ്റെടുത്ത നിരക്ക്<br>ശ്രീ. അലവി.ഇ.എ | 8.14% കുറവ് എസ്റ്റിമേറ്റ് പി.എ.സി. – 9,99,570/-രൂപ<br><br>എഗ്രീഡ് പി.എ.സി. - 9,18,215/- രൂപ |
| കരാറുകരന് നൽകേണ്ട തുക | 790.62 x 7.75 x 85.37 = 5,23,088/- രൂപ<br><br>ടെണ്ടർ കുറവ് 8.14% = 42,579.36/- രൂപ<br><br>അർഹമായ തുക = 4,80,508.64 =4,80,509/- രൂപ |
| കരാറുകാരന് അധികം നൽകിയത് | 5,79,927.68 - 4,80,509 |

| | |
|---|---|
| | = 99,419 രൂപ |

